www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2022 സെപ്റ്റംബർ ₹ 12

പുസ്തകം 9 ലക്കം 2




## ഉയരട്ടെ നാടിൻ പ്രതിരോധം

## കുരുന്നുകൾക്ക് നൽകാം സമൂഹശ്രദ്ധ

## നാടിന്റെ ഭാവിക്കായി യുവതയെ സംരക്ഷിക്കാം



കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക വരിസംഖ്യാ ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ സമകാലിക ജനപഥത്തിന്റെയും കേരള കോളിങ്ങിന്റെയും വാർഷിക വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എച്ച്. ദിനേശൻ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**സതികുമാർ റ്റി. എസ്**
സർക്കുലേഷൻ ഓഫീസർ
**കെ. ബി. ശ്രീകല**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

September 1, 2022, Volume 9, Issue 2
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
**prdmalayalam@gmail.com**
**0471-2518171**

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.
**0471-2517036**

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം
2022 സെപ്റ്റംബർ 1
പുസ്തകം 9 ലക്കം 2

# അണിചേരാം ലഹരിവിപത്തിനെതിരെ



ലോകമാകെ വലക്കുരുക്ക് മുറുക്കിയ അപകടകരമായ ശൃംഖലയാണ് ഇന്ന് ലഹരിയുടേത്. മദ്യവും കഞ്ചാവും പോലുള്ള ലഹരി വസ്തുക്കൾക്കപ്പുറം അതീവമാരകമായ രാസവസ്തുക്കളുടെ കടത്തും ഉപയോഗവുമായി ആഗോളജനതയ്ക്ക് കടുത്ത ഭീഷണിയായി മാറിയിരിക്കുകയാണ് ലഹരിവിപത്ത്. അന്തർദേശീയതലത്തിൽ തന്നെ ഭരണകൂടങ്ങൾ മയക്കുമരുന്ന് മാഫിയകൾക്കെതിരെ വലിയ പോരാട്ടം നടത്തുന്നുണ്ട്. കേവലം ഉപയോഗിക്കുന്ന വ്യക്തികളുടെ മാത്രമല്ല, കുടുംബങ്ങളുടെ, സമൂഹത്തിന്റെയാകെത്തന്നെ ആരോഗ്യത്തെയും സ്വസ്ഥജീവിതത്തെയും ലഹരി ഉപഭോഗം മാരകമായി ബാധിക്കുമെന്നത് നമുക്ക് അറിയാം.

സമൂഹത്തിന്റെ പ്രതീക്ഷയായ ഭാവിതലമുറ ഈ വിപത്തിന് അടിപ്പെടുന്നതിനെതിരെ പഴുതുകളില്ലാത്ത പ്രതിരോധം തീർക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് തന്നെ 12നും 40നും ഇടയിൽ പ്രായമുള്ളവരാണ് ലഹരിക്ക് അടിമകളാകുന്നതെന്ന കണക്കുകൾ ലഹരിവിമുക്തിക്കായുള്ള പ്രവർത്തനങ്ങൾ സുശക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. നിലവിൽ എക്സൈസ്, പോലീസ് ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ ലഹരിക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിൽ വലിയ തോതിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്.

ബോധവത്കരണമാണ് ലഹരിക്കെതിരെയുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് വിമുക്തി പദ്ധതി സർക്കാർ നടപ്പാക്കിവരുന്നത്. എന്നാൽ ലഹരിവിപത്തിനെ ചെറുക്കുന്നതിന് സർക്കാർ നടപടികൾക്കൊപ്പം സമൂഹത്തിന്റെയാകെ ജാഗ്രത്തായ അണിചേരൽ കൂടി ആവശ്യമാണ്. അതിനായുള്ള സുപ്രധാനമായ ഒരു ബഹുമുഖ കർമപദ്ധതിക്ക് ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തിദിനത്തിൽ സംസ്ഥാന സർക്കാർ തുടക്കമിടുകയാണ്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഗാന്ധിജയന്തി ദിനം മുതൽ നവംബർ ഒന്ന് വരെ ലഹരിക്കെതിരെ തീവ്രമായ പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും കണ്ണിചേർക്കുന്ന വിപുലമായ പ്രചാരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പശ്ചാത്തലത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ അനിവാര്യത ചർച്ച ചെയ്യുകയാണ് സെപ്റ്റംബർ ലക്കം ജനപഥം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
എഡിറ്റർ




# ഉള്ളടക്കം


06 **ലഹരിക്കെതിരെ ഉയരട്ടെ നാടിന്റെ പ്രതിരോധം**
പിണറായി വിജയൻ, മുഖ്യമന്ത്രി

12 **കുരുന്നുകൾക്ക് നൽകാം സമൂഹശ്രദ്ധ**
വി ശിവൻകുട്ടി

14 **നാടിന്റെ ഭാവിക്കായി യുവതയെ സംരക്ഷിക്കാം ലഹരിയെ പടിയിറക്കാം**
എം ബി രാജേഷ്

18 **അപകടം ലഹരിപാതകൾ**
അനു സിത്താര

22 **ജീവിത ലഹരിയിൽ ചിറകടിച്ച് ഉയരണം**
ഡോ. വേണുഗോപാൽ

24 **അടിമത്തം ലഹരി ഉപഭോഗത്തിൽ വിനയാകുമ്പോൾ**
ഡോ: അരുൺ ബി നായർ

26 **ചാലക ശക്തിയാകണം മാധ്യമങ്ങൾ**
കെ ആർ ഗോപീകൃഷ്ണൻ

28 **പ്രകൃതി ചികിത്സയിലൂടെ നേടാം ലഹരി മോചനം**
ഡോ. മേഴ്സി സാറാ തോമസ്

30 **നാട് ശക്തമാകാൻ ജീവിതം ലഹരി മുക്തമാക്കാം**

34 **ഞങ്ങളിലുണ്ട് പ്രതിരോധം മനഃശക്തി**
വി. പി. പ്രമോദ് കുമാർ

38 **കുട്ടികളെ ലക്ഷ്യമിടുന്ന കെണികൾ**
അപർണ കുറുപ്പ്

40 **ലഹരിപ്പടികൾ**
ബിപിൻ ചന്ദ്രൻ

44 **ലഹരിവർജനം ഗാന്ധിജിയെന്ന ദീപ്തനക്ഷത്രം**
ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ

46 **ലഹരിയുടെ ആഗോളസാമ്രാജ്യം**
അരവിന്ദ് ഗോപിനാഥ്

48 **രജതജൂബിലി നിറവിൽ നിഷ്**
അമിയ മീത്തൽ

50 **പഞ്ചാരക്കൊല്ലിയുടെ ചാരുതകൾ**
രമേഷ്കുമാർ വെള്ളമുണ്ട



# ലഹരിക്കെതിരെ ഉയരട്ടെ നാടിന്റെ പ്രതിരോധം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

> ലഹരി മരുന്നുകളുടെ
> ലക്കുകെട്ട ഉപഭോഗം
> വ്യക്തികളെ മാത്രമല്ല,
> കുടുംബങ്ങളേയും
> തലമുറകളെയും
> സമൂഹത്തെയാകെയും
> സാരമായി ബാധിക്കുന്നു

മയക്കുമരുന്ന് ഒരു സാമൂഹിക വിപത്തായി മാറുന്ന സാഹചര്യം ആഗോള തലത്തിൽ തന്നെ നിലവിലുണ്ട്. വർധിച്ചു വരുന്ന ലഹരി ഉപഭോഗത്തെ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതിനെതിരെ നാടാകെ അണിചേരുന്ന പ്രതിരോധം തീർക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

ലഹരി മരുന്നുകളുടെ ലക്കുകെട്ട ഉപഭോഗം വ്യക്തികളെ മാത്രമല്ല, കുടുംബങ്ങളേയും തലമുറകളെയും സമൂഹത്തെയാകെയും സാരമായി ബാധിക്കുന്നു. അതിനെ പിൻപറ്റി നടക്കുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ നാടിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കുകയും യുവജനങ്ങളെ തെറ്റായ മാർഗങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ അമിത മദ്യപാനവും കഞ്ചാവ് പോലുള്ള ലഹരി പദാർത്ഥങ്ങളുമാണ് ഭീഷണി ഉയർത്തിയിരുന്നതെങ്കിൽ ഇന്ന് മാരകമായ മയക്കുമരുന്നുകൾ വ്യാപകമാകുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു.

അതീവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കളുടെ സങ്കലനങ്ങൾ പോലും ലഹരിക്കായി വിതരണം ചെയ്യപ്പെടുന്നു. ഇവയുടെ ഉൽപ്പാദനം സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അതിർത്തികൾക്കപ്പുറത്തുകൂടി വ്യാപിച്ചു കിടക്കുന്നു. മയക്കുമരുന്നു വിപണനത്തിന്റെ സങ്കീർണ്ണമായ ശൃംഖലകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങേയറ്റം അപകടകരവും മനുഷ്യത്വരഹിതവുമായ പ്രവർത്തനങ്ങൾ അതിന്റെ ഭാഗമായി അരങ്ങേറുന്നു.

നിയമങ്ങൾ ഉപയോഗിച്ചും പോലീസിന്റെയും എക്സൈസിന്റെയും പ്രതിരോധ നടപടികൾ കൊണ്ടും മയക്കുമരുന്ന് എന്ന മാരക വിപത്തിനെ ചെറുക്കാൻ സർക്കാർ തലത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഫലമായി മയക്കുമരുന്ന് കടത്ത് കണ്ടെത്താനും വിതരണ ശൃംഖലകളെ തകർക്കാനും ഒരു പരിധി വരെ സാധിക്കുന്നുമുണ്ട് .എന്നാൽ, അതുകൊണ്ടുമാത്രം നമുക്ക് പൂർണമായ ലക്ഷ്യം നേടാനാവില്ല.


നാടിന്റെ ഭാവി വരും തലമുറയുടെ കൈകളിലാണ്. അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും സർഗാത്മകശേഷികളും അപകടത്തിലാക്കാൻ അനുവദിച്ചുകൂടാ. മയക്കുമരുന്ന് വിപത്തിനെതിരെ സുശക്തവും പഴുതുകൾ ഇല്ലാത്തതുമായ പ്രതിരോധമാർഗം നമുക്ക് തീർക്കേണ്ടതുണ്ട്. അത് സാധ്യമാക്കുന്ന ബഹുമുഖ കർമ്മ പദ്ധതി ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ ആരംഭിക്കുകയാണ്. യുവാക്കൾ അതിന്റെ മുന്നണിയിൽ തന്നെ പങ്കു ചേരണം. ഓരോ വ്യക്തിയും ഓരോ കുടുംബങ്ങളും അതിൽ പങ്കുചേരണം. സംഘടനകളും സാമൂഹ്യകൂട്ടായ്മകളും ഭേദചിന്തയില്ലാതെ ദൃഢനിശ്ചയത്തോടെ ഊർജസ്വലമായ പ്രതിരോധമുയർത്തണം.


**അതീവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കളുടെ സങ്കലനങ്ങൾ പോലും ലഹരിക്കായി വിതരണം ചെയ്യപ്പെടുന്നു**

## ലഹരിക്കെതിരെ പ്രാദേശിക സമിതികൾ

സംസ്ഥാനതലത്തിലും ജില്ലാ, തദ്ദേശ സ്വയംഭരണ, വിദ്യാലയതലങ്ങളിലും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെ സമിതികൾ രൂപീകരിച്ചു പ്രവർത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രി അധ്യക്ഷനും തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി സഹാധ്യക്ഷനുമായാണ് സംസ്ഥാനതല സമിതി പ്രവർത്തിക്കുന്നത്. മറ്റ് മന്ത്രിമാരും സമിതികളിൽ ഉൾപ്പെടുന്നുണ്ട്. ഒക്ടോബർ രണ്ട് മുതൽ നവംബർ ഒന്ന് വരെ സംസ്ഥാനവ്യാപകമായി ലഹരിക്കെതിരെ തീവ്രമായ പ്രചരണ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. യുവാക്കൾ, വിദ്യാർഥികൾ, മഹിളകൾ, കുടുംബശ്രീ പ്രവർത്തകർ, മതസാമുദായിക സംഘടനകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാമൂഹിക - സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളേയും ഈ ക്യാമ്പയിനിൽ കണ്ണിചേർക്കും. സിനിമ, സീരിയൽ, സ്പോർട്സ് മേഖലയിലെ പ്രമുഖരും ക്യാമ്പയിന് പിന്തുണ നൽകും. നവംബർ ഒന്നിന് സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികളെയും രക്ഷിതാക്കളെയും പൂർവ്വവിദ്യാർഥികളെയും ഉൾപ്പെടെ പരമാവധിപേരെ പങ്കെടുപ്പിച്ച് ലഹരിവിരുദ്ധചങ്ങല സൃഷ്ടിക്കും. അന്ന് പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കും. ബസ്സ്റ്റാന്റ്, റെയിൽവേസ്റ്റേഷൻ, ലൈബ്രറി, ക്ലബ്ബുകൾ, എന്നിവിടങ്ങളിൽ ജനജാഗ്രതാ സദസ്സ് സംഘടിപ്പിക്കും.

ലഹരിക്കെതിരായ ഹ്രസ്വ സിനിമകളുടേയും വീഡിയോകളുടേയും സഹായത്തോടെ ഒരു മണിക്കൂർ നീണ്ടു



നിൽക്കുന്ന ലഹരിവിരുദ്ധ ക്ലാസ്സും ലഹരി എന്ന വിപത്ത് ഒഴിവാക്കുന്നതിന് പ്രാദേശികമായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച ചർച്ചയും അതോടനുബന്ധിച്ച് സംഘടിപ്പിക്കും. ബസ് സ്റ്റാന്റുകളിലും ക്ലബ്ബുകളടക്കമുള്ള ഇടങ്ങളിലും ഇത്തരത്തിൽ പരിപാടികൾ നടത്തും.

വിദ്യാലയങ്ങളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർഥികളുടെ നേതൃത്വത്തിൽ റോൾപ്ലേ, സ്കിറ്റ്, കവിതാലാപനം, കഥാവായന, പ്രസംഗം, പോസ്റ്റർ രചന, തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിക്കും. എൻ. സി. സി, എസ്. പി. സി, എൻ. എസ്. എസ്, സ്കൗട്ട് ആന്റ് ഗൈഡ്സ്, ജെ. ആർ. സി, വിമുക്തി ക്ലബ്ബുകൾ മുതലായ സംവിധാനങ്ങളെ ക്യാമ്പയിനിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തും.

ശ്രദ്ധ, നേർക്കൂട്ടം എന്നിവയുടെ പ്രവർത്തനം എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കും. ഇത്തരം കൂട്ടായ്മകളുടെ ഭാഗമായി പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകും. ലഹരി ഉപഭോഗം സൃഷ്ടിക്കുന്ന ശാരീരിക, മാനസിക ആരോഗ്യ പ്രശ്നങ്ങൾ, സാമൂഹികാഘാതങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി പരിശീലനം വിഭാവനം ചെയ്യും. വിമുക്തി മിഷനും എസ്. സി. ഇ. ആർ. ടി യും ചേർന്ന് തയ്യാറാക്കുന്ന മൊഡ്യൂളുകൾ മാത്രമേ പരിശീലനത്തിനായി ഉപയോഗിക്കുകയുള്ളൂ.

വ്യാപാര സ്ഥാപനങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നില്ല എന്ന ബോർഡ് പ്രദർശിപ്പിക്കണം. ബന്ധപ്പെടേണ്ട പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ, മേൽവിലാസം എന്നിവ ബോർഡിൽ ഉണ്ടാകണം. എല്ലാ എക്സൈസ് ഓഫീസിലും ലഹരി ഉപഭോഗവും വിതരണവും സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കാൻ കൺട്രോൾ റൂം ആരംഭിക്കും. വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കും. സംസ്ഥാന മൊട്ടാകെ പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ സ്പെഷ്യൽ ഡ്രൈവ് നടത്തും.

**നിലവിൽ സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായി ലഹരിക്കടത്ത് കുറ്റകൃത്യങ്ങൾ വലിയ തോതിൽ തടയാൻ സാധിക്കുന്നുണ്ട്**

## ലഹരി ഉപഭോഗം : ഈ വർഷം അറസ്റ്റിലായത് 18,743 പേർ

ലഹരി ഉപഭോഗം സംബന്ധിച്ച് 2020 ൽ 4,650, 2021 ൽ 5,334 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2022ൽ സെപ്തംബർ 15 വരെയുള്ള കണക്കുപ്രകാരം 16,986 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020 ൽ 5,674 പേരെയും 2021ൽ 6,704 പേരെയും അറസ്റ്റ് ചെയ്തിരുന്നു. 2022ൽ 18,743 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. വ്യാപാരാവശ്യത്തിനായി എത്തിച്ച 1,364.49 കിലോഗ്രാം കഞ്ചാവും 7.7 കിലോഗ്രാം എം. ഡി. എം. എ യും 23.73 കിലോഗ്രാം ഹാഷിഷ് ഓയിലും ഈ വർഷം പിടിച്ചെടുത്തു.

നിലവിൽ സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായി ലഹരിക്കടത്ത് കുറ്റകൃത്യങ്ങൾ വലിയ തോതിൽ തടയാൻ സാധിക്കുന്നുണ്ട്.

സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരെ സംസ്ഥാന തലത്തിൽ കേരള ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ സ്റ്റേഷൻ പരിധിയിലും എല്ലാ മാസവും രണ്ട് ആഴ്ച എൻ. ഡി. പി. എസ് സ്പെഷ്യൽ ഡ്രൈവും നടത്തിവരുന്നുണ്ട്.

സിന്തറ്റിക് രാസലഹരി വസ്തുക്കൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ എത്തിച്ചേരുന്നു.





**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാനതല സമിതി യോഗം**

അതു കൂടുതൽ ഫലപ്രദമായി തടയുന്നതിന് അന്വേഷണ രീതിയിലും കേസുകൾ ചാർജ്ജ് ചെയ്യുന്ന രീതിയിലും ചില മാറ്റങ്ങൾ വരുത്തും. നർക്കോട്ടിക് കേസുകളിൽപ്പെട്ട പ്രതികളുടെ മുൻ ശിക്ഷകൾ കോടതിയിൽ സമർപ്പിക്കുന്ന കുറ്റപത്രത്തിൽ ഇപ്പോൾ വിശദമായി ചേർക്കുന്നില്ല. എൻ.ഡി.പി.എസ് നിയമത്തിലെ 31, 31(എ) വിഭാഗത്തിലുള്ളവർക്ക് ഉയർന്ന ശിക്ഷ ഉറപ്പു വരുത്താൻ മുൻകാല കുറ്റകൃത്യങ്ങൾ കൂടി കുറ്റപത്രത്തിൽ ഉൾപ്പെടുത്തുക, കാപ്പ രജിസ്റ്റർ മാതൃകയിൽ ലഹരിക്കടത്ത് കുറ്റകൃത്യം ചെയ്യുന്നവരുടെ ഡാറ്റാബാങ്ക് തയ്യാറാക്കുക, ആവർത്തിച്ച് കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അവ ശക്തമായി നടപ്പാക്കും. വരും ദിവസങ്ങളിൽ ഇതിനായുള്ള സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കും. എൻ. ഡി. പി. എസ് നിയമത്തിൽ 34-ാം വകുപ്പ് പ്രകാരം കുറ്റകൃത്യം ആവർത്തിക്കുകയില്ല എന്ന ബോണ്ട് വയ്പ്പിക്കും. മയക്കുമരുന്നുകടത്തിൽ പതിവായി ഉൾപ്പെടുന്നവരെ പി. ഐ. ടി. എൻ. ഡി. പി. എസ് ആക്ട് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നടപടിയെടുക്കും. ട്രെയിനുകൾ വഴിയുള്ള കടത്ത് തടയാൻ സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കും.

> **ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികളെ കണ്ടെത്തി നേർവഴിയിലേക്ക് കൊണ്ടുവരുന്നതിനായി 'യോദ്ധ' പദ്ധതിയും സംസ്ഥാന വ്യാപകമായി നടപ്പാക്കുകയാണ്**

സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശിച്ച് ലഹരി വിതരണം നടത്തുന്നത് കർശനമായി തടയും. അവയുടെ പരിസരത്തുള്ള കടകളിൽ ഇത്തരം ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട എന്തെങ്കിലും വ്യാപാരം നടന്നു എന്ന് കണ്ടെത്തിയാൽ അത്തരം വ്യാപാര സ്ഥാപനങ്ങൾ അടപ്പിക്കും. മയക്കു മരുന്ന് കടന്നുവരാനിടയുള്ള എല്ലാ അതിർത്തികളിലും പരിശോധന കർക്കശമാക്കും.

ജനമൈത്രി, എസ്. പി. സി, ഗ്രീൻ കാമ്പസ് ഡ്രീം കാമ്പസ് എന്നിവ വഴി പോലീസ് വകുപ്പ് വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികളെ കണ്ടെത്തി നേർവഴിയിലേക്ക് കൊണ്ടുവരുന്നതിനായി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 'യോദ്ധ' എന്ന പദ്ധതിയും സംസ്ഥാന വ്യാപകമായി നടപ്പാക്കുകയാണ്. ഇതിന്റെയെല്ലാം നടപ്പാക്കലിനായി മുഖ്യമന്ത്രിതലത്തിലും മന്ത്രിമാരുടെ തലത്തിലും തുടർച്ചയായ കൂടിയാലോചന



കൾ ഇതിനകം നടന്നുകഴിഞ്ഞു.

## തലമുറയെ ഇല്ലായ്മ ചെയ്യുന്ന ലഹരി

കേരളത്തിൽ 12 നും 40 നും ഇടയിൽ പ്രായമുള്ളവരാണ് കൂടുതലും ലഹരിക്ക് അടിമപ്പെടുന്നത്. ജീവിതം വഴിമുട്ടി ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നവർ ഈ പ്രായക്കാർ തന്നെയാണെന്ന് സർവേകൾ ചൂണ്ടിക്കാട്ടുന്നു. മസ്തിഷ്കത്തെയും നാഡീപ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്ന ലഹരി പദാർത്ഥങ്ങൾ തലമുറയെത്തന്നെ ഇല്ലായ്മ ചെയ്യുകയാണ്. ദുഃഖങ്ങൾ മറക്കാനും സന്തോഷത്തിനും മയക്കുമരുന്ന് ഉപയോഗിക്കുന്നവർ ക്രമേണ അതിന്റെ അടിമകളായി മാറുകയാണ് പതിവ്. ഇത് ഉപയോഗിക്കുന്നവരെ മാത്രമല്ല ആ കുടുംബത്തെ തന്നെ തകർക്കുന്നതിന് കാരണമായിത്തീരുന്നു എന്നതാണ് യാഥാർഥ്യം.

ലഹരിക്കെതിരെ ഏറ്റവും ഫലപ്രദമായ മാർഗം ബോധവത്ക്കരണമാണ്. ഈ ലക്ഷ്യത്തോടെയാണ് സർക്കാർ 'വിമുക്തി' എന്ന പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. ഇതൊരു ബഹുജന മുന്നേറ്റമാക്കിമാറ്റാൻ നമുക്ക് സാധിക്കണം. കാരണം, ലഹരിവസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവ സർക്കാർ മാത്രം വിചാരിച്ചാൽ തടയാൻ കഴിയണമെന്നില്ല. അതിനാൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ. എസ്. എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർഥി - യുവജന - മഹിളാ സംഘടനകൾ എന്നിവയുടെയൊക്കെ പങ്കാളിത്തം വിമുക്തിയുമായി കോർത്തിണക്കിയാണ് സർക്കാർ ബോധവത്ക്കരണം നടത്തുന്നത്. തികച്ചും ശാസ്ത്രീയമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്.

> കുട്ടികളെ ശീലങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുന്ന മുതിർന്നവർ ലഹരിയിൽ നിന്നൊക്കെ മുക്തരാണെങ്കിലേ നിങ്ങളുടെ ഉപദേശം സ്വീകരിക്കാൻ കുട്ടികളും തയ്യാറാകൂ

ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നത് അച്ഛനോ കുട്ടിയോ ആകട്ടെ ഇതിന്റെ ദുരിതം കൂടുതലായി അനുഭവിക്കുന്നത് വീട്ടിലെ സ്ത്രീകളാണ്. അതുകൊണ്ട് തന്നെ വനിതാ സംഘടനകളുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരായ ഒരു കൂട്ടായ്മ ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കുടുംബശ്രീ പോലുള്ളവ ഇതൊരു ഉത്തരവാദിത്വമായി ഏറ്റെടുക്കണം. വ്യാജവാറ്റ്, ലഹരിവസ്തു വിൽപ്പന, തുടങ്ങിയവ സംബന്ധിച്ച വിവരം കിട്ടിയാൽ സ്ത്രീകൾ കൂട്ടായി ചെന്നു മുന്നറിയിപ്പ് നൽകണം. പൊതുസമൂഹം ഇതിന് പിൻബലം നൽകുകയും വേണം. പാൻമസാല കേന്ദ്രങ്ങൾ കൂടുതലും ഉപഭോക്താക്കളായി കാണുന്നത് തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവരെയാണ്. തൊഴിലാളി സംഘടനകൾ, വിദ്യാർഥി പ്രസ്ഥാനങ്ങൾ എന്നിവ ഇതിനെതിരെയുള്ള ബോധവത്ക്കരണത്തിന് മുൻകൈ എടുക്കണം. നിയമപാലകരുടെ കൃത്യമായ ഇടപെടൽ ഇക്കാര്യത്തിൽ സർക്കാർ ഉറപ്പാക്കും.

'ചൊട്ടയിലേ ശീലം ചുടലവരെ' എന്നാണല്ലോ പഴഞ്ചൊല്ല്. നല്ലശീലം കുട്ടിക്കാലത്ത് തന്നെ പഠിപ്പിക്കണം. ഒരു പ്രായം കഴിഞ്ഞാൽ കുട്ടികളോട് 'അതുചെയ്യരുത്, ഇത് ചെയ്യരുത്' എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. അപ്പോഴേയ്ക്കും അവർ ശീലങ്ങൾ മനസ്സിൽ ഉറപ്പിച്ചിട്ടുണ്ടാവും. അതിൽനിന്നു പിന്മാറാൻ അവർക്ക് പ്രയാസവുമായിരിക്കും. അതുകൊണ്ട് നല്ല ശീലങ്ങൾ ബാല്യത്തിൽത്തന്നെ മനസ്സിലുറപ്പിക്കാൻ രക്ഷകർത്താക്കൾ ശ്രദ്ധിക്കണം. ശീലങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുന്ന മുതിർന്നവർ ലഹരിയിൽ നിന്നൊക്കെ മുക്തരാണെങ്കിലേ നിങ്ങളുടെ ഉപദേശം സ്വീകരിക്കാൻ കുട്ടികളും തയ്യാറാകൂ. സ്വന്തം ശീലങ്ങൾ മാറ്റുന്നതിനൊപ്പം മറ്റുള്ളവരെയും മാറ്റാനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാനുമുള്ള പ്രവർത്തനത്തിൽ പങ്കാളികളാകാനും നമുക്ക് സാധിക്കണം. ■




## എം ബി രാജേഷ്

**തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**


സമൂഹത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് ഭീഷണി ഉയർത്തി ലഹരി എന്ന മഹാവിപത്ത് പടരുകയാണ്. ലോകത്തും രാജ്യത്തുമെന്ന പോലെ കേരളത്തിലും ലഹരി ഉപഭോഗം വലിയ രീതിയിൽ പ്രചരിക്കുന്നുവെന്നത് ആശങ്കയുണർത്തുന്നു. കേരളം ആർജിച്ച ഉയർന്ന ജീവിത ഗുണനിലവാരത്തിനും സാമൂഹിക പ്രബുദ്ധതയ്ക്കും ഭീഷണിയാണ് ഈ വെല്ലുവിളി. ലഹരി ഉയർത്തുന്ന ആരോഗ്യവും മാനുഷികവുമായ പ്രതിസന്ധികളെ അഭിസംബോധന ചെയ്യേണ്ടത് ഈ കാലത്തിന്റെ സുപ്രധാന കർത്തവ്യമാണ്. കുട്ടികളിലെയും കൗമാരക്കാരിലെയും ലഹരി ഉപഭോഗത്തിനെതിരെയുള്ള കർശന നടപടികൾ സാമൂഹിക പങ്കാളിത്തത്തോടെ ഏറ്റെടുത്ത് സർക്കാർ മുന്നേറുകയാണ്.

കൂടുതൽ അപകടം സൃഷ്ടിക്കുന്ന സിന്തറ്റിക് ഡ്രഗുകൾ പുതുതലമുറ ഉപയോഗിക്കുന്നതായാണ് അടുത്ത കാലത്ത് പിടിയിലായ കേസുകൾ വ്യക്തമാക്കുന്നത്. വിലകൂടിയതും ഒളിപ്പിച്ച് കടത്തുവാൻ എളുപ്പമുള്ളതും ദൂഷ്യവശങ്ങൾ അതിതീവ്രവുമായ സിന്തറ്റിക് ഡ്രഗ്ഗുകൾ ഉപയോഗിക്കുന്നതിലൂടെ വരും തലമുറയുടെ ഭാവിതന്നെ ഇരുളടയുന്നു. മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരിൽ പൊതുവേ വിഭ്രാന്തി, അകാരണഭീതി, ആകുലത, മിഥ്യാബോധം എന്നിങ്ങനെയുള്ള അവസ്ഥകളാണ് ഉണ്ടാവുക. പക്വതയോടുകൂടിയ പെരുമാറ്റമോ ബോധപൂർവ്വമുള്ള പ്രതികരണങ്ങളോ മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ നിന്നും നമുക്ക് പ്രതീക്ഷിക്കാനാകില്ല.

വിദ്യാർഥികളെയും യുവജനങ്ങളേയുമാണ് ലഹരി മാഫിയ പ്രധാനമായും ലക്ഷ്യമിടുന്നത്. അതുകൊണ്ട് തന്നെ ലഹരിമാഫിയയുടെ വേരറുക്കുന്നതിന്, അവരിലേക്കെത്താൻ ഏറെ സാധ്യതയുള്ള യുവാക്കളെയും കുട്ടികളെയും കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

ലഹരിക്കെതിരെയുള്ള ബോധവത്കരണം ശക്തമാക്കിയും ലഹരിക്കടത്തിന് തടയിട്ടും ലഹരിക്ക് അടിമകളായവർക്ക് ചികിത്സയിലൂടെ മോചനം ഉറപ്പാക്കിയുമേ ഈ പോരാട്ടം നമുക്ക് വിജയിക്കാനാകൂ. സ്കൂളുകളിലും പൊതുവിടങ്ങളിലുമുള്ള എക്സൈസിന്റെയും പൊലീസിന്റെയും പരിശോധനയും നിരീക്ഷണവും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. എങ്കിലും വിദ്യാർഥികളിലും യുവജനങ്ങളിലുമുള്ള അവബോധം സൃഷ്ടിക്കലാണ് ലഹരി തടയാനുള്ള ഒന്നാമത്തെ മാർഗം. മഹാഭൂരിപക്ഷവും കൗതുകം കാരണമാണ് ആദ്യമായി ലഹരി ഉപയോഗിക്കുന്നത് എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ ലഹരിക്കെതിരെയുള്ള സാമൂഹിക പ്രതിരോധമാണ് അനിവാര്യമായ മാർഗം. ഇക്കാര്യത്തിൽ സർക്കാർ വിപുലമായി ക്യാമ്പയിൻ സംഘടിപ്പിക്കുകയാണ്. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ കണ്ണിചേരാൻ ഏവരും തയ്യാറാകണം. കാരണം ലഹരിക്കെതിരായ സാമൂഹിക പ്രതിരോധം സർക്കാരിന്റെ മാത്രം ചുമതലയല്ല. ഓരോ വ്യക്തിയുടെയും കടമ കൂടിയാണ്.

## ഉപയോഗത്തിൽ കേരളം ഏറെ പിന്നിൽ

മയക്കുമരുന്ന് വ്യാപനവും ഉപയോഗവും കേരളത്തിൽ മാത്രമുള്ള പ്രതിഭാസമല്ല. ലഹരി ഉപയോഗത്തിലെ ദേശീയ ശരാശരിയേക്കാൾ വളരെ പിന്നിലാണ് കേരളം. രാജ്യത്ത് അടുത്ത കാലത്ത് വാർത്താ പ്രാധാന്യം നേടിയ മയക്കുമരുന്ന് വേട്ട നടന്നത് ലക്ഷദ്വീപ്, ഗുജറാത്ത് തീരങ്ങളിലാണ്. ഗുജറാത്തിൽ ഈ ആഗസ്റ്റ് 16 ന് പിടിച്ചത് 1026 കോടി രൂപയുടെ മയക്കുമരുന്നാണ്. മുംബൈ പൊലീസാണ് ഗുജറാത്തിലെത്തി ഇത് റെയ്ഡ് ചെയ്ത് പിടിച്ചത്. 2021 സെപ്റ്റംബർ 22ന് 21,000കോടിയുടെ ഹെറോയിൻ ഗുജറാത്തിലെ തന്നെ മുന്ദ്ര തുറമുഖത്ത് നിന്ന് പിടികൂടിയിരുന്നു. തമിഴ്നാട്ടിൽ നിന്ന് പോയ ബോട്ടുകളിൽ  കടത്തുകയായിരുന്ന 1526 കോടിയുടെ 218 കിലോ ഹെറോയിൻ ലക്ഷദ്വീപ് തീരത്ത് 2022 മെയ് 20ന് പിടിച്ചു. രാജ്യത്തേക്ക് വിദേശത്ത് നിന്നുള്ള മയക്കുമരുന്ന് കടത്ത് അതിരൂക്ഷമാണ് എന്നാണ് ഈ വാർത്തകളിലൂടെ മനസിലാക്കേണ്ടത്. പല സംസ്ഥാനങ്ങളിലേക്കും വലിയ തോതിൽ എത്തുന്ന ഈ മയക്കുമരുന്ന്, ചെറിയ അളവുകളാക്കിയാണ്  വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ മയക്കുമരുന്ന് കേരളത്തിലും എത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയും സാമൂഹികമായ പ്രതിരോധത്തിലൂടെയും ഈ പ്രതിസന്ധിയെ നമുക്ക് അതിജീവിക്കണം.

മയക്കുമരുന്ന് കേസുകൾ സംസ്ഥാനത്ത് വർധിക്കുന്നു എന്നതിന് എക്സൈസിന്റെ ശക്തമായ ഇടപെടൽ  നടക്കുന്നു എന്നുകൂടി അർത്ഥമുണ്ട്. ഇത് ഉദ്യോഗസ്ഥരുടെ പ്രവത്തനമികവ് കൊണ്ടുകൂടിയാണ്. 2021 ൽ 3922 കേസ്സുകൾ ഉണ്ടായ സ്ഥാനത്ത് 2022 ൽ ഇതിനകം തന്നെ 3668 കേസുകൾ രജിസ്റ്റർ ചെയ്തു. 2021 ൽ 6.130 കിലോഗ്രാം എം.ഡി.എം.എ പിടിച്ചെടുത്തപ്പോൾ,  2022 ൽ ഇതിനകം തന്നെ 5.71 കിലോഗ്രാം എം.ഡി.എം.എ പിടിച്ചെടുത്തു. 3104 കിലോ കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് എത്തുന്ന മയക്കുമരുന്ന് കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പും പോലീസ് ഉൾപ്പടെയുള്ള മറ്റ് ഏജൻസികളും ശക്തമായ പ്രവർത്തനമാണ് നടത്തുന്നത്.

യുവജനങ്ങളെ മയക്കുമരുന്ന് മാഫിയയ്ക്ക് വിട്ടുകൊടുക്കാതെ സംരക്ഷിക്കുന്നതിന് വേണ്ടി എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ആഗസ്റ്റ് അഞ്ച് മുതൽ സെപ്റ്റംബർ 12 വരെ നടന്ന ഓണം സ്പെഷ്യൽ  ഡ്രൈവിന്റെ ഭാഗമായി 802

# നാടിന്റെ ഭാവിക്കായി യുവതയെ സംരക്ഷിക്കാം ലഹരിയെ പടിയിറക്കാം

**ലഹരിമാഫിയയുടെ വേരറുക്കുന്നതിന്, അവരിലേക്കെത്താൻ ഏറെ സാധ്യതയുള്ള യുവാക്കളെയും കുട്ടികളെയും കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്**



മയക്കുമരുന്ന് കേസുകളും 2425 അബ്കാരി കേസുകളും 8441 പുകയിലയുമായി ബന്ധപ്പെട്ട കേസുകളുമാണ് എക്സൈസ് പിടിച്ചത്. ഇതിന്റെ ഭാഗമായി 18 കോടി രൂപ യോളം വിലയുള്ള ലഹരി വസ്തുക്കളും പിടിച്ചെടുത്തിട്ടുണ്ട്. എക്സൈസിന്റെ ശക്തമായ ഇടപെടൽ ലഹരിക്കടത്തിനെതിരെ നടക്കുന്നുണ്ടെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

സ്കൂളുകളും കോളേജുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് വിപുലമായ ബോധവത്കരണ പ്രചാരണ പരിപാടികളും എക്സൈസും വിമുക്തി മിഷനും ചേർന്ന് സംസ്ഥാനത്താകെ നടപ്പിലാക്കുന്നുണ്ട്. വിമുക്തി ക്ലബ്ബുകളും കൗൺസിലിംഗും കായിക പരിശീലനവും തുടങ്ങിയ പദ്ധതികളും ബോധവത്കരണവും ശക്തമാണ്. കുട്ടികൾ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിൽ  ഓൺലൈൻ ഡെലിവറി നടത്തുന്ന ആളുകളുടെ പശ്ചാത്തലവും വിശദമായി അന്വേഷിക്കുന്നുണ്ട്. വിദ്യാർഥികളും യുവാക്കളും ലഹരിക്കടത്തും ഉപയോഗവും തടയാനുള്ള സന്നദ്ധ പ്രവർത്തകരായി മാറാനുള്ള ശ്രമമാണ് നടത്തേണ്ടത്. ലഹരിയുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ കൈമാറാൻ 9447178000, 9061178000 എന്നീ നമ്പറുകളിൽ ഏതു വ്യക്തിക്കും വിളിക്കാനാകും .


ലഹരിക്ക് അടിപ്പെട്ടവരെ മോചിപ്പിക്കാനും സാമൂഹികമായ ഇടപെടൽ അനിവാര്യമാണ്. വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് 14 ജില്ലകളിലും സ്ഥാപിച്ച ഡി അഡിക്ഷൻ കേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. 2022ൽ ആഗസ്റ്റ് വരെ 77,781 പേർക്ക് ഒപിയിലും 6593 പേർക്ക് ഐപിയിലും ചികിത്സ നൽകി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖലാതലത്തിലും കൗൺസിലിംഗ്, ഡി - അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 14405 എന്ന ടോൾ- ഫ്രീ നമ്പറുമുണ്ട്.

സംസ്ഥാനത്ത് മയക്കുമരുന്ന് ഭീഷണി നേരിടാൻ ശക്തമായ നടപടികൾ തുടരുകയാണ്. മയക്കുമരുന്ന് വിതരണവും കടത്തും തടയുന്നതിനായി രഹസ്യ നിരീക്ഷണവും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും ചെക്ക്പോസ്റ്റുകളിൽ  കർശന വാഹന പരിശോധനയും നടക്കുന്നുണ്ട്. എൻഡിപിഎസ് കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

ആദിവാസി-തീരദേശ മേഖലകളിൽ ലഹരി വർജന



**നമുക്കുചുറ്റിലുമുള്ള കുറ്റകൃത്യങ്ങൾക്ക് മയക്കുമരുന്നിന്റെ ഉപയോഗം പ്രത്യക്ഷമായോ പരോക്ഷമായോ കാരണമാവുന്നുണ്ട്. മയക്കുമരുന്നിന് അടിമയാകുന്നവരിൽ ഏറിയ പങ്കും കുട്ടികളും ചെറുപ്പക്കാരുമാണെന്നുള്ളത് സങ്കടകരമായ വസ്തുതയാണ്. യഥാർഥ ലഹരി മയക്കുമരുന്നല്ല, ജീവിതമാണ്**



**മഞ്ജു വാര്യർ**
അഭിനേത്രി

പ്രവർത്തനങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകും. ഈ മേഖലകളിലെ യുവാക്കളിലും കുട്ടികളിലും കായികശേഷി വർധിപ്പിക്കുന്നതിനും അനഭിലഷണീയ പ്രവണതകളിൽ ഏർപ്പെടാതിരിക്കുന്നതിനും ഫിറ്റ്നസ് കേന്ദ്രങ്ങൾ ഫലപ്രദമാകുന്നതിന് ജനകീയ പങ്കാളിത്തം അനിവാര്യമാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ പൊതു ജനപങ്കാളിത്തത്തോടെ വിമുക്തി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും
പരാതികളും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നല്കുന്നതിനും വിമുക്തി കമ്മിറ്റി സഹായകരമാണ്.

ലഹരിവിരുദ്ധ പ്രവൃത്തികൾ കൂടുതൽ ശക്തിപ്പെടുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതയോഗവും തീരുമാനിച്ചിട്ടുണ്ട്. ആവർത്തിച്ച് കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർക്കെതിരെ കരുതൽ തടങ്കലിനും, കാപ്പ രജിസ്റ്റർ തയ്യാറാക്കുന്ന മാതൃകയിൽ ലഹരിക്കടത്ത് കുറ്റകൃത്യം ചെയ്യുന്നവരുടെ ഡാറ്റാബാങ്ക് തയാറാക്കാനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് ഉയർന്ന ശിക്ഷ ഉറപ്പാക്കും. സംസ്ഥാന തലത്തിലും ജില്ലാ, തദ്ദേശ സ്വയം ഭരണ, വിദ്യാലയ തലത്തിലും വിപുലമായ നിരീക്ഷണ സമിതികളും ആരംഭിക്കും.

ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകാൻ ഓരോ മനുഷ്യനും തയ്യാറാകണം. നമ്മുടെ യുവതയെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കാനുള്ള പ്രവർത്തനത്തിൽ ഒറ്റക്കെട്ടായി കേരളം അണിനിരക്കണം. മയക്കുമരുന്നിനും മറ്റും അടിമയായ, നിർജീവമായ ഒരു സമൂഹമല്ല നമുക്ക് വേണ്ടത്. ഊർജസ്വലതയും, കർമ്മശേഷിയുള്ള യുവതലമുറയാണ് ലോകത്തിന്റെ മുന്നോട്ടുപോക്കിന് ഇന്നാവശ്യം. ബോധവൽക്കരണം എന്നത് ലഹരിക്കടിമപ്പെട്ട ഒരു വ്യക്തിയിൽ ഒതുങ്ങി നിൽക്കേണ്ടതല്ല. ഓരോ മനുഷ്യനും ലഹരി വിമുക്ത കേരളത്തിനായുള്ള പോരാട്ടത്തിന്റെ മുന്നണി പടയാളികളായി മാറണം. ഇപ്രകാരം ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ ലഹരിമുക്ത കേരളം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ നമുക്ക് സാധിക്കൂ.

# ഹരി



**ജീവിതത്തിൽ ലഹരി തൊടില്ലെന്നുള്ളത് ഓരോരുത്തരുടെയുള്ളിലും അവബോധമായി വളരണം. ഈ അവബോധം ഓരോരുത്തരുടെയും ഉള്ളിൽ നട്ടുവളർത്തണം. എന്റെ ജീവിതത്തിൽ ഞാൻ എടുത്ത പ്രതിജ്ഞയാണ് ലഹരി തൊടില്ല എന്നത്**

**ഗോപിനാഥ് മുതുകാട്**
മജീഷ്യൻ

# കുരുന്നുകൾക്ക് നൽകാം സമൂഹശ്രദ്ധ

## വിദ്യാർഥികൾ ലഹരിക്ക് അടിപ്പെടുന്നത് ഒഴിവാക്കാൻ സ്ഥാപനപരമായ സാമൂഹികശ്രദ്ധ ആവശ്യമാണ്


**വി ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി


ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്കു നൽകുന്നതിനു വേണ്ടിയുള്ള കഠിനമായ ശ്രമത്തിലാണ് കേരളീയ സമൂഹവും സർക്കാരും. അതിന്റെ ഭാഗമായി സമൂഹവും വിദ്യാലയവും ഭരണകൂടവും രക്ഷിതാക്കളോടൊപ്പം കുട്ടികളുടെ വികാസത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും നിരവധി ചൂഷണങ്ങളും അതിക്രമങ്ങളും കുട്ടികൾ നേരിടുന്നുണ്ട്.

കുട്ടികളുടെ പ്രായവും ചെറുത്തു നിൽക്കാനുള്ള ശേഷിക്കുറവും മുതലെടുത്ത് ലഹരിമരുന്നടക്കമുള്ള നിരോധിത വസ്തുക്കൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും അവ ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കാൻ കുട്ടികളെ ഉപയോഗപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ കുട്ടികളുടെ പരിരക്ഷണത്തിനും വ്യക്തിവികാസത്തിനും അവസരങ്ങളും സൗകര്യങ്ങളും ഒരുക്കുന്നതിനും ലഹരി പോലെയുള്ള മാരകവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിനും ശക്തമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ലഭിക്കുന്ന ഇടം എവിടെയാണോ അവിടെ സുരക്ഷ ഉറപ്പ് വരുത്തുന്നതും യാതൊരു വിധത്തിലുമുള്ള ദുരുപയോഗത്തിനും കുട്ടി വിധേയമാക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതും ബാലനീതിയുടെ പൊതു തത്വങ്ങളിൽ ഉൾപ്പെട്ടതാണ്.

ദേശീയ ബാലാവകാശ കമ്മീഷൻ പുറത്തിറക്കിയ ജോയിന്റ് ആക്ഷൻ പ്ലാനിൽ സ്കൂളുകളിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ സ്ഥിതി ചെയ്യുന്നതിന്റെ 100 വാര ചുറ്റളവിനുള്ളിൽ സിഗററ്റ്, മദ്യം, മറ്റ് ലഹരി വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നത് അനുവദിക്കാൻ പാടില്ല എന്ന നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

സ്കൂൾ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ സഹകരണത്തോടെ അധ്യാപകർക്കുള്ള പരിശീലനവും പ്രതിരോധ പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്.

### പാഠ്യപദ്ധതിയിലെ ബോധവൽക്കരണം

പാഠ്യപദ്ധതിയിൽ ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്ന് ഡ്രോപ്-ഔട്ട് ആയ കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസ്സ് എന്നിവ





> **ലഹരി എന്ന പദത്തിനു മദ്യവും മയക്കുമരുന്നുമെന്ന ഒരർത്ഥമേ നമ്മുടെ സമൂഹം കാണുന്നുള്ളൂ. സിനിമ, സംഗീതം, സുഹൃത്തുക്കൾ, കുടുംബം, ആരോഗ്യം ഇവ പോലെ എത്ര നല്ല ലഹരികളുണ്ട് ജീവിതത്തിൽ. സ്വന്തം കർമ്മ മേഖലയിൽ ജീവിത ലഹരി കണ്ടെത്തിയവരാണ് എന്നും സമൂഹത്തെ മുന്നോട്ട് നയിച്ചിട്ടുള്ളത്**
>
> **മമ്മൂട്ടി**
> നടൻ




എസ്.എസ്.കെ. കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി സ്കൂളുകളിൽ ലഹരി ക്ലബ് / ചിൽഡ്രൻസ് ക്ലബ് രൂപീകരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തി വരികയും ചെയ്യുന്നു. കോട്പ ആക്ട് പ്രകാരം സ്കൂൾ ഗേറ്റിനു മുന്നിൽ ലഹരി വിൽക്കുന്നത് കുറ്റകരമാണെന്നു രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കുകയും ആയതിൽ ടോൾ ഫ്രീ നം. 1800-11-2536 രേഖപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുമെന്ന് ഉറപ്പാക്കാൻ സ്കൂൾ അധികൃതർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.ലഹരി മുക്ത നവകേരള ക്യാമ്പയിൻ എന്ന പരിപാടി സ്കൗട്ട് ആന്റ് ഗൈഡ് മുഖേന സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി വീടുകളിലും വിദ്യാലയങ്ങളിലും പ്രാദേശികമായും നോട്ടീസ്, ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ എന്നിവ വഴിയുള്ള പ്രചാരണം നടത്തുന്നു. വി.എച്ച്.എസ്.ഇ. എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 330 വിദ്യാലയങ്ങളിൽ പുകയില ഉപയോഗം, ആരോഗ്യം, ഭക്ഷണം, ജീവിതശൈലി എന്നിവ പ്രമേയമാക്കി സായാഹ്ന കുടുംബ സദസ്സ് സംഘടിപ്പിച്ചിട്ടുണ്ട്. ജാഗ്രതാമതിൽ എന്ന പേരിൽ പുകയില ഉപയോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും ചുമർ ചിത്ര നിർമ്മാണം സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഈ പ്രവർത്തനങ്ങളൊക്കെ ചെയ്തുവരുന്നുവെങ്കിലും കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കാതിരിക്കാനും ലഹരിയുടെ വാഹകരായി മാറാതിരിക്കാനും കുറെകൂടി ശക്തമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിന് സ്ഥാപനപരമായ സാമൂഹികശ്രദ്ധ വളർത്തിയെടുക്കണം. കുട്ടികളിൽ ജീവിതത്തെകൂറിച്ച് പ്രതീക്ഷകൾ ഉണ്ടാകണം. അത്തരം പ്രതീക്ഷകളെ ലഹരി ഉപയോഗിക്കാനുള്ള ത്വര ദുർബലമാക്കുന്നു അല്ലെങ്കിൽ ഇല്ലാതാക്കുന്നു. ഇവിടെയാണ് ലഹരിക്കെതിരായ ആശയ പ്രപഞ്ചം ക്യാമ്പസിനകത്തും പുറത്തും വളർത്തേണ്ടതിന്റെ പ്രസക്തി. നാട്ടിൽ ലഹരി വസ്തുക്കളുടെ വിതരണ സാധ്യത ഇല്ലാതാക്കാൻ വിവിധ വകുപ്പുകൾ കൈകോർക്കേതുണ്ട്. ലഹരിക്കടിമപ്പെട്ട കുട്ടികളുണ്ടെങ്കിൽ അവരെ രക്ഷിച്ചെടുക്കാൻ വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരികയാണ്.

ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ വിപുലമായ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. മുഖ്യമന്ത്രി തന്നെ ഇക്കാര്യങ്ങൾ വ്യക്തമാക്കിയതാണ്.

മയക്കുമരുന്ന് വിപത്തിനെതിരെ സുശക്തവും പഴുതുകൾ ഇല്ലാത്തതുമായ പ്രതിരോധമാർഗം നമുക്ക് തീർക്കേതുണ്ട്. അത് സാധ്യമാക്കുന്ന ബഹുമുഖ കർമ്മ പദ്ധതി ഒക്ടോബർ രണ്ടിന്, ഗാന്ധിജയന്തി ദിനത്തിൽ, ആരംഭിക്കുകയാണ്. യുവാക്കൾ അതിന്റെ മുന്നണിയിൽ തന്നെ പങ്കുചേരണം. ഓരോ വ്യക്തിയും ഓരോ കുടുംബവും അതിൽ പങ്കു ചേരണം. സംഘടനകളും സാമൂഹിക കൂട്ടായ്മകളും ഭേദചിന്തയില്ലാതെ ദൃഢനിശ്ചയത്തോടെ ഊർജസ്വലമായ പ്രതിരോധമുയർത്തണം. ഈ ക്യാംപെയിനിൽ അണിചേരാൻ എല്ലാവരോടും അഭ്യർഥിക്കുകയാണ്. ■

# അപകടം ലഹരിപാതകൾ





നമ്മളെല്ലാവരും സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. ലഹരിക്ക് അടിപ്പെട്ടു പോവുമ്പോൾ നമുക്ക് ഇല്ലാതാവുന്നതും ഇതെല്ലാമാണ്. ആരോഗ്യ പ്രശ്നങ്ങളിലേക്കും, സമാധാനക്കേടുകളിലേക്കും ഒക്കെ എത്തിപ്പെടാൻ ഇതൊരു കാരണമായേക്കാം.

**ടൊവീനോ തോമസ്**
നടൻ



## അനു സിത്താര

ലഹരിപദാർഥങ്ങൾ സുലഭമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പല കുടുംബ സദസ്സുകളിലും ആഘോഷാവസരങ്ങളിലും മറ്റും മദ്യം ഒരു അവിഭാജ്യഘടകമായി മാറുകയാണ്. മയക്കുമരുന്നുകളുടെ ഉപയോഗത്തിനും പലരും മാന്യത നൽകുന്നുണ്ട്. ലഭ്യതയും പ്രലോഭനവും കാരണം പലരും അറിഞ്ഞോ അറിയാതെയോ ലഹരി ഉപയോഗത്തിലേക്ക് വഴുതിവീഴാനുള്ള സാധ്യത വളരെയധികമാണ്. അതുകൊണ്ടുതന്നെ ഈ മാരക വിപത്തിനെതിരെ സമൂഹം ഉണരേണ്ടതുണ്ട്.

### എന്താണ് മദ്യം

ഈഥൈൽ ആൽക്കഹോൾ എന്നാണ് മദ്യത്തിന്റെ രാസനാമം. കള്ള്, ചാരായം, ബിയർ, വൈൻ, ബ്രാണ്ടി, റം, വിസ്കി, ജിൻ, വോഡ്ക എന്നിങ്ങനെ പല പേരുകളിലും രൂപങ്ങളിലും നിറങ്ങളിലും ഇന്നു മദ്യം ലഭ്യമാണ്. എന്നാൽ ഇവയിലെല്ലാം അടങ്ങിയിരിക്കുന്നത് ഈഥൈൽ ആൽക്കഹോൾ എന്ന രാസവസ്തുവാണ്. ആൽക്കഹോളിന്റെ അളവനുസരിച്ച് അവയുടെ വീര്യം കൂടിയും കുറഞ്ഞുമിരിക്കുമെന്നു മാത്രം. ഒരു പെഗ് വിസ്കിയിലും, ഒരു ഗ്ലാസ് വൈനിലും, അര പൈന്റ് ബിയറിലും അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ അളവ് തുല്യമാണ്.

### മയക്കുമരുന്നുകൾ

മയക്കുമരുന്നുകൾ പല രൂപങ്ങളിലും പേരുകളിലും വ്യാപകമാകുകയാണ്. എല്ലാ മയക്കുമരുന്നുകളും ശക്തമായ ആസക്തി ഉളവാക്കുന്നവയാണ്. സാധാരണയായി കണ്ടുവരുന്ന മയക്കുമരുന്നുകൾ കഞ്ചാവും, അതിൽ നിന്നുണ്ടാക്കുന്ന ഹാഷിഷ്, കഞ്ചാവ് ഓയിൽ എന്നിവയാണ്. ഇവയ്ക്ക് പുറമെ കറുപ്പും അതിന്റെ ഉപോൽപ്പന്നങ്ങളായ ഹെറോയിൻ, ബ്രൗൺഷുഗർ തുടങ്ങിയവയും, ഔഷധകടകളിൽ നിന്നും ലഭിക്കുന്ന ഉറക്കഗുളികകളും ഡയാസിപ്പാം പെതഡിൻ, ബ്യൂപ്രനോർഫിൻ തുടങ്ങിയവയുമെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. സിഗരറ്റ്, ബീഡി, പാൻ മസാല തുടങ്ങിയ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവരും നിരവധിയാണ്.

### പാൻമസാലകൾ ആളെക്കൊല്ലികൾ

പുകയില, ചുണ്ണാമ്പ്, അടയ്ക്ക, നിക്കൽ, കാഡ്മിയം തുടങ്ങിയ നിരവധി പദാർത്ഥങ്ങളുടെ ചേരുവയാണ് പാൻ മസാലകൾ. പുകയിലയിലടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എന്ന വിഷത്തേക്കാൾ മാരകമായ മറ്റു നിരവധി അൽക്കലോയിഡുകളാണ് അടയ്ക്കയിൽ അടങ്ങിയിരിക്കുന്നത്. പുകയിലയിലെ നിക്കോട്ടിൻ മാരകമായ ക്യാൻസറിന് കാരണമാകുന്നു. അടയ്ക്കയിലെ അൽക്കലോയിഡുകൾ ഗുരുതരമായ ലൈംഗിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. കീടനാശിനികളിലെ ചേരുവകളായ നിക്കൽ, കാഡ്മിയം എന്നിവ പാൻമസാലയിൽ ഉള്ളതു കൊണ്ട് അനേകം രോഗങ്ങൾക്കും കാരണമാകുന്നു. ലൈംഗിക പ്രശ്നങ്ങൾ മാത്രമല്ല അനിയന്ത്രിതമായ ദേഷ്യം, വിഷാദം, ഓർമ്മക്കുറവ്, ബോധം മൂടിക്കെട്ടിയ അവസ്ഥ തുടങ്ങിയ മാനസികാവസ്ഥകൾക്കും പാൻമസാലകളുടെ ഉപഭോഗം കാരണമായിത്തീരുന്നു.

### എന്തുകൊണ്ട് ലഹരി?

നേരമ്പോക്കിനോ സൗഹൃദത്തിന് വേണ്ടിയോ പ്രലോഭനത്തിന് വഴങ്ങിയോ ഒക്കെയാണ് പലരും ലഹരി ഉപയോഗിച്ചു തുടങ്ങുന്നത്.





**ചെറുപ്പക്കാർ ഇന്ന് ഏറ്റവും കൂടുതൽ നേരിടുന്ന പ്രശ്നം ലഹരി ഉപയോഗമാണ്. നമ്മുടെ ജീവിതം തന്നെയാകട്ടെ ലഹരി**

**ഉണ്ണി മുകുന്ദൻ**
നടൻ

സുഹൃത്തുക്കളുടെയോ മറ്റുള്ളവരുടേയോ നിർബന്ധത്തിനു വഴങ്ങി ലഹരി ഉപയോഗിച്ചു തുടങ്ങുന്നവരും നിരവധിയാണ്. പരസ്യങ്ങളുടെ സ്വാധീനം, അനുകരണം, എന്താണെന്നറിയുവാനുള്ള ജിജ്ഞാസ, ലഹരിയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള അജ്ഞത, അവയുടെ സുലഭമായ ലഭ്യത തുടങ്ങിയവയാണ് ലഹരി ഉപയോഗിക്കുവാൻ പലരേയും
പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ. ക്ഷീണമകറ്റാനും, മാനസികസംഘർഷം ലഘൂകരിക്കുന്നതിനും മദ്യവും മറ്റു ലഹരിപദാർഥങ്ങളും സഹായിക്കുന്നുവെന്ന മിഥ്യാധാരണ തീരപ്രദേശങ്ങളിലും ഗോത്രസമൂഹങ്ങളിലും ചേരികളിലും മറ്റും വ്യാപകമാണ്.

## ലഹരിപദാർഥങ്ങൾ വ്യക്തിയെ എങ്ങനെ സ്വാധീനിക്കുന്നു

മറ്റു ഭക്ഷണ പദാർഥങ്ങളിൽ നിന്നും വ്യത്യസ്ഥമായി മദ്യവും മറ്റു ലഹരിപദാർഥങ്ങളും വളരെവേഗം രക്തത്തിലേക്കു കലരുകയും അതുവഴി തലച്ചോറിലും ശരീരത്തിലെ മറ്റ് അവയവങ്ങളിലുമെത്തി മാനസികവും ശാരീരികവുമായ പല മാറ്റങ്ങൾക്കും കാരണമാകുന്നു.

## ലഹരിപദാർഥങ്ങൾ വരുത്തുന്ന അപകടങ്ങൾ

### ശാരീരികം

ലഹരിപദാർഥങ്ങളുടെ ദുരുപയോഗം ഇന്നേറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നമാണ്. ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും അതു പ്രതികൂലമായി ബാധിക്കുന്നു.

### മാനസികം

വൈകാരിക പ്രശ്നങ്ങൾ, തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത അവസ്ഥ, ഓർമ്മക്കുറവ്, അമിതമായ സംസാരം, ദേഷ്യം, വിഷാദം, സംശയം, ഭയം, പരിസരബോധമില്ലായ്മ തുടങ്ങിയ ലക്ഷണങ്ങൾ ലഹരി ഉപയോഗിക്കുന്നവരിൽ സാധാരണയായി കണ്ടുവരുന്നു.

### സാമൂഹികം

ഗുരുതരങ്ങളായ നിരവധി സാമൂഹിക പ്രശ്നങ്ങൾക്ക് ലഹരിപദാർഥങ്ങൾ കാരണമാകുന്നു. സാമ്പത്തിക തകർച്ച, കുടുംബ ഭദ്രതയുടെ ശിഥിലീകരണം, റോഡപകടങ്ങൾ, തൊഴിൽ സ്ഥലത്തും മറ്റുമുള്ള അപകടങ്ങൾ, സംഘട്ടനങ്ങൾ, വിവാഹ മോചനങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യകൾ തുടങ്ങിയവയുടെ പ്രധാന കാരണം ലഹരിപദാർഥങ്ങളുടെ ഉപയോഗമാണ്.

## ലഹരി അപകടകാരി

എല്ലാ ലഹരിപദാർഥങ്ങളും ശക്തമായ ആസക്തി ജനിപ്പിക്കുന്നവയാണ്. ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ വീണ്ടും ഉപയോഗിക്കുവാനുള്ള അതിതീക്ഷ്ണമായ തോന്നൽ അനുഭവപ്പെടും. ഇതു ക്രമേണ മാനസികവും ശാരീരികവുമായ ആശ്രയത്വത്തിലേക്കു നയിക്കും. ഇങ്ങനെയാണ് പലരും ലഹരിക്ക് അടിമകളായി മാറുന്നത്. രക്തത്തിലെ ലഹരിയുടെ അളവ് കുറയുമ്പോൾ അതികഠിനമായ വേദനയും തളർച്ചയും കൈകാലുകൾക്ക് വിറയലും മാനസിക അസ്വസ്ഥതയും അനുഭവപ്പെടും.



**‘ജീവിതം, കഞ്ചാവ്, ലഹരി’.. ഇതിനൊക്കെ മൂന്ന് അക്ഷരങ്ങളേ ഉള്ളൂ. അതിൽ ജീവിതം സെലക്ട് ചെയ്താൽ ജീവിതം ഉണ്ടാകും. മറ്റേത് സെലക്ട് ചെയ്താൽ അത് നമ്മുടെ ജീവിതം കൊണ്ട് പോകും**

ജയസൂര്യ
നടൻ



ഭീകരമായ ഈ പിൻമാറ്റ അസ്വസ്ഥതയിൽ നിന്നും രക്ഷപ്പെടുവാൻ തുടർച്ചയായി ലഹരി ഉപയോഗിക്കേണ്ട അതിദാരുണമായ അവസ്ഥയിലേക്ക് അതോടെ ലഹരിക്ക് അടിമപ്പെട്ടവർ എത്തിച്ചേരുന്നു. ആരോഗ്യവും, സാംസ്കാരികവും ബുദ്ധിപരവും സാമൂഹികവും സാമ്പത്തികവുമായ അധഃപതനത്തിലേക്കു ഇവർ വഴുതിവീഴുന്നു. അതിൽ നിന്നും രക്ഷനേടുക എറ്റവും ശ്രമകരമാണ്.

## ലഹരിക്ക് അടിമപ്പെടുന്നുവെന്ന സൂചനകൾ

സ്വഭാവത്തിൽ പെട്ടന്നുണ്ടാകുന്ന മാറ്റങ്ങൾ, പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും ഉള്ള താൽപര്യക്കുറവ്, ഊർജസ്വലതയില്ലായ്മ, ശാരീരിക അസ്വാസ്ഥ്യം, വിശപ്പില്ലായ്മ, കൂടുതൽ പണം ആവശ്യപ്പെടുക, മോഷണം, കള്ളം പറയുക, പ്രവൃത്തിയിൽ നിന്ന് മാറിനിൽക്കുക, ഉറക്കക്ഷീണമുള്ള മുഖം, പുതിയ കൂട്ടുകാർ.

## മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന അപകടങ്ങൾ

തലച്ചോറ് (ഓർമ്മക്കുറവ്, ശ്രദ്ധയില്ലായ്മ, അബോധാവസ്ഥ, മസ്തിഷ്കാഘാതം)

അന്നനാളം (അർബുദം)

ഹൃദയം (വർധിച്ച രക്തസമ്മർദ്ദം, ദുർബലമായ ഹൃദയമിടിപ്പ്, ഹൃദയപേശികൾക്കുണ്ടാകുന്ന കേടുപാടുകൾ )

ശ്വാസകോശങ്ങൾ ( വിട്ടുമാറാത്ത നെഞ്ചുരോഗങ്ങൾ, ക്ഷയം, അർബുദം)

കരൾ (കരൾവീക്കം, മഹോദരം)

വൃക്ക(പ്രവർത്തനരഹിതമാവുക)

പാൻക്രിയാസ് (പ്രമേഹം)

മൂത്രസഞ്ചി (അർബുദം)

ലൈംഗിക അവയവങ്ങൾ ( ഷണ്ഡത്വം, ആർത്തവ രോഗങ്ങൾ)

മാതാപിതാക്കൾ കുട്ടികളെ ശ്രദ്ധിച്ച് അവരോടൊപ്പം സമയം ചിലവഴിച്ച് അവരുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ച് അവർക്ക് സ്വഭാവ വൈകല്യങ്ങൾ ഉണ്ടെങ്കിൽ അത് തിരിച്ചറിയുക. കുട്ടികളുടെ പഠനത്തിൽ ഉണ്ടാകുന്ന മോശമായ പ്രകടനം, സ്കൂളിൽ ഹാജരാകാതിരിക്കൽ എന്നിവ അധ്യാപകർ വിലയിരുത്തി സ്വഭാവത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ യഥാസമയം രക്ഷിതാക്കളെ അറിയിക്കണം.

മദ്യവും മയക്കുമരുന്നും ശരീരത്തിന്റെ എല്ലാ അവയവങ്ങളുടെയും പ്രവർത്തനത്തെ


താറുമാറാക്കി താഴെപ്പറയുന്ന സങ്കീർണമായ അസുഖങ്ങൾക്ക് കാരണമാകുന്നു.

ഓർമ്മക്കുറവ്, പക്ഷാഘാതം, മഞ്ഞപിത്തം, അബോധാവസ്ഥ, ശ്വാസകോശ രോഗങ്ങൾ, പെപ്റ്റിക് അൾസർ, ലൈംഗിക ശേഷിക്കുറവ്, എയ്ഡ്സ്, മാനസിക രോഗങ്ങൾ, ഉയർന്ന രക്തസമ്മർദം, സിറോസിസ് ലിവർ, മയക്കം, ന്യുമോണിയ, ക്യാൻസർ, ക്ഷയരോഗം, വന്ധ്യത.

മദ്യാസക്തിയും മയക്കുമരുന്നുകളുടെ ഉപയോഗവും വർധിച്ച കുറ്റകൃത്യങ്ങൾ, റോഡ് അപകടങ്ങൾ, സാമൂഹികമായ ഒറ്റപ്പെടൽ, സാമ്പത്തികമായ പരാധീനത, ആത്മഹത്യ പ്രവണത, സാംസ്കാരികമായ അധഃപതനം എന്നിവക്കും കാരണമാകുന്നു.

ക്രൂരമായ ഈ കെണിയിൽ പെടാതിരിക്കാൻ ഒരു വഴിയേ ഉള്ളൂ. ഒരു തവണ പോലും മദ്യവും മയക്കുമരുന്നു കളും ഉപയോഗിക്കില്ലായെന്നുള്ള ശപഥം. ■

**യുവതലമുറയിലെ ലഹരി ഉപയോഗം കൂടിവരികയാണ്. ലഹരി ഉപയോഗിക്കാതെ ഇരിക്കേണ്ടത് വളർന്നുവരുന്ന ചെറുപ്പക്കാരുടെ കടമയാണ്. ലഹരി നിങ്ങളെ നശിപ്പിക്കുക മാത്രമേ ചെയ്യൂ. അത് ജീവിതം തകർത്തുകളയും**



**സിദ്ധിഖ്**
നടൻ

# ജീവിത ലഹരിയിൽ ചിറകടിച്ച് ഉയരണം





## ഡോ. സി. വേണുഗോപാൽ

21-ാം നൂറ്റാണ്ടിൽ ആഗോളതലത്തിൽ തന്നെ നാം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നമായി ലഹരി മരുന്നുകൾ മാറിയിരിക്കുകയാണ്. യുവതലമുറയെ കാർന്നുതിന്നുന്ന ഈ ദുശ്ശീലം ഒരു മഹാമാരിയുടെ രൂപഭാവത്തിൽ വ്യാപിച്ചു കൊണ്ടിരിക്കുന്നു.

ലഹരി, അതിനടിമപ്പെടുന്ന വ്യക്തിയുടെ ജീവിതത്തെ മാത്രമല്ല നശിപ്പിക്കുന്നത്. മറിച്ച് യുവാക്കളിലെ അക്രമവാസനയെ ഉദ്ദീപിപ്പിക്കുന്നതു വഴി സമൂഹത്തിലെ ക്രിമിനൽ കുറ്റങ്ങൾ വർധിപ്പിക്കുകയും അകാരണമായ റോഡ് ആക്സിഡന്റുകൾക്കും ചിലപ്പോഴൊക്കെ ആത്മഹത്യകൾക്കും വഴിയൊരുക്കുകയും ചെയ്യുന്നു. ഈ വിപത്തിനെതിരേ നിയമനടപടികൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും വേണം.

അതോടൊപ്പം ആരോഗ്യപ്രവർത്തകർക്കിടയിലും ലഹരിവസ്തുക്കളുടെ ഉപയോഗം എങ്ങനെ തിരിച്ചറിയാമെന്നതിനെപ്പറ്റിയുള്ള അറിവ് ഉണ്ടായിരിക്കേണ്ടതാണ്.

ലഹരിമരുന്നുപയോഗം നേരത്തേ തിരിച്ചറിയുന്നതു വഴി ഒരു വ്യക്തിയേയും കുടുംബത്തേയും രക്ഷിക്കാൻ കഴിഞ്ഞേക്കും. ഇന്ന് പല കുട്ടികൾക്കും സ്കൂളിൽ തന്നെയാണ് ലഹരിമരുന്നുകളുടെ ഉപയോഗം തുടങ്ങുന്നത്. സഹപാഠികളുടെ പ്രേരണയാലും, സ്കൂളുകളിലെ ചില പ്രത്യേക ഗ്രൂപ്പുകളിൽ അംഗത്വം നേടിയെടുക്കാനുള്ള മാർഗമായും ലഹരി മരുന്നുകൾ ഉപയോഗിച്ചു തുടങ്ങുന്നു. പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കാൻ രക്ഷകർത്താക്കൾ നടത്തുന്ന സമ്മർദ്ദവും വിദ്യാർഥികളെ പലപ്പോഴും ലഹരിമരുന്നുകളിലേക്ക് നയിക്കുന്നു.

ലഹരിയിലേക്കുള്ള വഴി തുറക്കുന്നത് പലപ്പോഴും പാൻമസാലകളിലൂടെയായിരിക്കും. ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള അതിഥി തൊഴിലാളികൾ പലരും പാൻമസാലയ്ക്ക് അടിമകളാണ്. പിന്നീട് വേദന സംഹാരികളായി ഉപയോഗിക്കുന്ന പലതരം ഗുളികകളും ഇക്കൂട്ടർ ഉപയോഗിച്ചുതുടങ്ങുന്നു.

പാൻമസാലകളിലും കഞ്ചാവിലും തുടങ്ങുന്ന ലഹരിയുടെ ഉപയോഗം പിന്നീട് LSD, MDMA തുടങ്ങിയ വിലകൂടിയ ലഹരിവസ്തുക്കളിലേക്ക് മാറുന്നു. ഇവയ്ക്കായുള്ള ധനസമ്പാദനത്തിനു വേണ്ടി ഏതുകുറ്റകൃത്യവും ചെയ്യാൻ ഇതിനടിമപ്പെട്ടവർ മടിക്കില്ല.

MDMA ( methylenedioxy-methamphetamine)ന്റെ ഉപയോഗം വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നു. കാഴ്ചയിൽ കൽക്കണ്ടം പോലെയും പഞ്ചസാര പോലെയും ഉപ്പുപോലെയും തോന്നിപ്പിക്കുന്ന MDMA കടുത്ത വിഷമാണ്. മെത്ത്, എം, കല്ല് തുടങ്ങി പലപേരുകളിലാണ് ഇത് ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കിടയിൽ അറിയപ്പെടുന്നത്. MDMA പൊടിച്ചത് ഒരു മൊബൈൽ ഫോണിന്റെ ഡിസ്പ്ലെ ഗ്ലാസ്സിൽ വച്ചശേഷം ATM കാർഡ് കൊണ്ട് ചെറിയ ലൈനുകളാക്കുന്നു. അതിനു ശേഷം ഒരു പേപ്പറോ നോട്ടോ ചുരുട്ടി കുഴൽ രൂപത്തിലാക്കി ഈ പൊടി മൂക്കിലേക്ക് വലിച്ചുകയറ്റും. അങ്ങനെയാണ് MDMA സാധാരണയായി ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്ന് MDMA ഉപയോഗിക്കുന്ന രീതിക്ക് ലൈനിടുക എന്നു പറയുന്നു. MDMA ഉപയോഗിക്കുന്ന ഒരാൾ പിന്നീട് മണിക്കൂറുകളോളം മരുന്നിന്റെ പിടിത്തത്തിലായിരിക്കും. ഈ അവസരത്തിൽ മറ്റുള്ളവരോട് അയാൾ രൂക്ഷമായി പ്രതികരിക്കുകയും പലപ്പോഴും അക്രമസ്വഭാവം പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

LSD സ്റ്റാമ്പ് രൂപത്തിൽ ലഭ്യമാണിന്ന്. ഇത് നാക്കിൽ ഒട്ടിച്ചുവച്ചാണ് പലരും ഉപയോഗിക്കുന്നത്. ഇതിനെല്ലാം പുറമെ കൊക്കയിൻ, ഹെറോയിൻ, മാജിക് മഷ്റൂം തുടങ്ങിയ വിലകൂടിയ ലഹരിവസ്തുക്കളും പലരും ഉപയോഗിക്കുന്നു.

ലഹരിമരുന്നു ഉപയോഗിച്ചുതുടങ്ങുന്ന വിദ്യാർഥികൾ പഠനത്തിൽ പെട്ടന്നുതന്നെ മോശമാകുന്നു. അതോടൊപ്പം വീട്ടിൽ കൃത്യസമയത്ത് എത്താതിരിക്കുക, ക്ലാസ്സിലോ സ്കൂളിനോ പുറത്തുള്ള പ്രായം കൂടിയ സുഹൃത്തുകളുമായി കൂടുതൽ സമയം ചെലവഴിക്കുക, വിശപ്പില്ലായ്മ, വീട്ടിൽ ബാത്ത്റൂമിൽ വളരെ സമയം ചെലവഴിക്കുക എന്നീ കാര്യങ്ങളും രക്ഷകർത്താക്കൾ ശ്രദ്ധിക്കണം.

എട്ടാം ക്ലാസ്സുമുതൽ കുട്ടികൾ ഉപയോഗിക്കുന്ന ബാഗ്, വസ്ത്രങ്ങൾ, കിടപ്പുമുറി ആഴ്ചയിൽ രണ്ടോ മൂന്നോ തവണയെങ്കിലും പരിശോധിക്കണം. ഈ സമയത്ത് ചുരുട്ടിയ നോട്ടുകൾ കിട്ടുക, ഉപയോഗിക്കാത്ത ATM കാർഡുകൾ, പ്ലാസ്റ്റിക് പൗച്ചുകൾ തുടങ്ങിയവ കിട്ടിയാൽ അത് ലഹരിവസ്തുക്കളുടെ സാന്നിധ്യം സംശയിക്കണം. ഉടൻ ജാഗ്രതയോടെ ലഹരിമുക്തിക്കായുള്ള നടപടികൾ കൈക്കൊള്ളണം. ഭാവി വാഗ്ദാനങ്ങളായ കുഞ്ഞുങ്ങൾക്ക് ആവശ്യമായ കരുതലും സ്നേഹവും ശ്രദ്ധയും നൽകുന്നതിലുള്ള രക്ഷകർത്താക്കളുടെ ശ്രദ്ധ ലഹരിയിൽ നിന്നുള്ള മോചനത്തിന് അനിവാര്യമാണ്. ജീവിതം തന്നെയാകണം ലഹരി എന്ന് യുവതലമുറയെ ബോധ്യപ്പെടുത്തുന്നത് സുപ്രധാനമാണ്. ■



**ഒരു രസത്തിന് വേണ്ടി തുടങ്ങുകയും പിന്നീട് ജീവിതത്തിന്റെ ഭാഗമാവുകയും ചെയ്യുന്ന ഒന്നാണ് ലഹരി. അത് കാരണം സർഗാത്മഗ ജീവിതം തകർന്നുപോയ ഒരുപാട് സഹപ്രവർത്തകരുണ്ട്. ആ അനുഭവങ്ങളിൽ നിന്നും ഞാൻ പറയുകയാണ്, ജീവിതം തന്നെയാകട്ടെ ലഹരി**

**സുനിൽ സുഗത**
നടൻ



# അടിമത്തം ലഹരി ഉപഭോഗത്തിൽ വിനയാകുമ്പോൾ



**ഡോ: അരുൺ ബി നായർ**
സൈക്യാട്രിസ്റ്റ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം

യുവതലമുറയിലെ ലഹരി ഉപയോഗം നിയന്ത്രിക്കാൻ സർക്കാർ അടിയന്തര പരിപാടികൾ ആസൂത്രണം ചെയ്യുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചത് ഏതാനും ദിവസം മുൻപാണ്. കേരള യുവത്വത്തെ രക്ഷിക്കാനുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു നടപടിയായി ഈ പരിശ്രമത്തെ വിലയിരുത്താം. എന്നാൽ കേവലം ഭരണകൂടം മാത്രം വിചാരിച്ചാൽ നിയന്ത്രിക്കാൻ പറ്റുന്ന വിഷയമാണ് ലഹരിയുടെ വ്യാപനം എന്ന് കരുതരുത്. വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും അടക്കം പൊതുസമൂഹ ത്തിലെ ഓരോ വ്യക്തിയും വ്യക്തിപരമായ ഉത്തരവാദിത്വമായി ലഹരി നിർമാർജനം ഏറ്റെടുത്താൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിലേക്ക് നമുക്ക് എത്തിച്ചേരാൻ സാധിക്കുകയുള്ളൂ.

## പടരുന്ന ലഹരി

സമീപകാലത്ത് മധ്യകേരളത്തിലെ കോളേജ് വിദ്യാർഥികളിൽ നടത്തിയ ഒരു പഠനം വെളിപ്പെടുത്തിയത് വിദ്യാർഥികളിൽ 31..8 ശതമാനം ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ശീലമുള്ളവർ ആണെന്നാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് കഞ്ചാവ്, എം ഡി എം എ. തുടങ്ങിയ ലഹരി വസ്തുക്കൾ വ്യാപകമായി നമ്മുടെ നാട്ടിൽ പിടിക്കപ്പെടുന്നതും ഒട്ടും നല്ല സൂചനയല്ല നമുക്ക് നൽകുന്നത്. സ്കൂൾ വിദ്യാർഥികൾ അടക്കമുള്ള കുട്ടികൾ ലഹരി വസ്തുക്കൾ പരീക്ഷിക്കുന്നു എന്നാൽ അധ്യാപകർ തന്നെ വെളിപ്പെടുത്തുന്നു. കുട്ടികളിലും കൗമാരപ്രായക്കാരിലും കൂടിവരുന്ന മാനസികപ്രശ്നങ്ങളും ആത്മഹത്യാപ്രവണതയും ഒക്കെ ലഹരി വസ്തുക്കളുടെ ദുരുപയോഗവുമായി ചേർത്തു വായിക്കേണ്ട വിഷയങ്ങൾ തന്നെയാണ്.

സമപ്രായക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് നല്ലൊരു ശതമാനം കൗമാരപ്രായക്കാരും ലഹരി ഉപയോഗം ആരംഭിക്കുന്നത്. സുഹൃത്തുക്കൾ പറയുന്നത് കേട്ട് ലഹരി ഉപയോഗിച്ചില്ലെങ്കിൽ അവർ തന്നെ ഒറ്റപ്പെടുത്തുമോ എന്ന ആശങ്കയാണ് പലരെയും ഇതിലേക്ക് നയിക്കുന്നത്. ചില കുട്ടികൾ എങ്കിലും ലഹരി വസ്തു എന്താണ് എന്ന് മനസ്സിലാക്കാനുള്ള കൗതുകം കൊണ്ട് ഇത് പരീക്ഷിക്കുന്നു. വീട്ടിലെ മുതിർന്ന വ്യക്തികൾ മദ്യപിക്കുകയും ലഹരിവസ്തുക്കൾ ഉപയോഗിക്കുകയും ചെയ്യുന്നത് കണ്ട് പ്രേരിതരായി ലഹരി വസ്തുക്കൾ

ഉപയോഗിച്ച് തുടങ്ങുന്ന കുട്ടികളും വിരളമല്ല.

ശരാശരി 12 വയസ്സിൽ കുട്ടികളിലെ ലഹരി ഉപയോഗം ശീലം ആരംഭിക്കുന്നു എന്ന് സമീപകാലത്ത് പുറത്തുവന്ന ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. പലപ്പോഴും സിഗരറ്റ് വലിച്ചു തുടങ്ങുന്ന കുട്ടികൾ ക്രമേണ മദ്യപാനത്തിലേക്കും കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപയോഗത്തിലേക്കും നീങ്ങുന്നത് വളരെ വേഗത്തിൽ ആയിരിക്കും. ചെറുപ്രായത്തിൽ തന്നെ ലഹരി ഉപയോഗം ആരംഭിക്കുന്ന വ്യക്തികൾ ഭാവിയിൽ ലഹരി വസ്തുക്കൾക്ക് അടിമപ്പെടാൻ ഉള്ള സാധ്യത കൂടുതലാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

## ഡോപമിന്റെ കളികൾ

ലഹരി വസ്തുക്കൾ ഉപയോഗിക്കുമ്പോൾ തലച്ചോറിലുള്ള ‘ ഡോപമിൻ‘ (dopamine) എന്ന രാസവസ്തുവിനെ അളവ് കൂടുന്നതാണ് ചില ആഹ്ലാദ അനുഭൂതികൾ പ്രധാനം ചെയ്യുന്നത്. സ്വാഭാവികമായും ഈ അനുഭൂതികൾ വീണ്ടും ലഭിക്കാനായി കുട്ടികൾ ലഹരി വസ്തുക്കൾ തുടർന്നും ഉപയോഗിക്കുന്നു. ഇങ്ങനെ യാണ് അവർ ക്രമേണ അതിന് അടിമപ്പെടുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നത്.

ഒരു വ്യക്തി ലഹരിക്ക് അടിമപ്പെട്ടു എന്നറിയാൻ ആറ് ലക്ഷണങ്ങൾ ആണ് ഉള്ളത്. രാവിലെ തൊട്ട് വൈകിട്ട് വരെ ലഹരിവസ്തു ഉപയോഗിക്കാനുള്ള അമിതമായ ആസക്തി, ലഹരി വസ്തുവിന്റെ അളവും ഉപയോഗിക്കുന്ന സമയവും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ, ഉപയോഗിക്കുന്ന ലഹരി വസ്തുവിന്റെ അളവ് ക്രമേണ കൂടിക്കൂടി വരുന്ന അവസ്ഥ, പൊടുന്നനെ ലഹരി വസ്തു കിട്ടാതെ വന്നാൽ ഉറക്കക്കുറവും വെപ്രാളവും അമിത ദേഷ്യവും അടക്കമുള്ള പിൻവാങ്ങൽ ലക്ഷണങ്ങൾ, മറ്റൊരു കാര്യത്തിലും സന്തോഷം കണ്ടെത്താൻ കഴിയാത്ത സ്ഥിതിവിശേഷം, ലഹരി ഉപയോഗം അപകടകരമാണെന്ന് എന്നറിഞ്ഞിട്ടും അത് ഒഴിവാക്കാൻ കഴിയാത്ത നിസ്സഹായാവസ്ഥ എന്നിവയാണ് ഈ ലക്ഷണങ്ങൾ ഇവയിൽ മൂന്നെണ്ണം എങ്കിലും ഒരാൾ തുടർച്ചയായി പ്രകടമാക്കിയാൽ വ്യക്തി ലഹരി വസ്തുവിന് അടിമപ്പെട്ടു എന്ന് മനസ്സിലാക്കാം.

പലപ്പോഴും ലഹരി വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ആഹ്ലാദത്തിന് കാരണമാകുന്ന ഡോപമിൻ, അളവ് വല്ലാതെ വർധിക്കുന്നത് ചിത്തഭ്രമം അടക്കമുള്ള മാനസിക രോഗങ്ങൾക്കും കാരണമായേക്കാം. കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുമ്പോൾ ഇത്തരത്തിൽ പൊടുന്നനെ ഡോപമിന്റെ അളവ് കൂടാനും അത് മാനസിക രോഗലക്ഷണങ്ങൾക്ക് കാരണം ആകാനും സാധ്യത ഏറെയാണ്. പലപ്പോഴും ഈ അവസ്ഥയിൽ ലഹരി ഉപയോഗിക്കുന്ന വ്യക്തി അക്രമാസക്തനാകാനും കുടുംബാംഗങ്ങളെയടക്കം ഉപദ്രവിക്കാനും ഇടയുണ്ട്. പല കുറ്റകൃത്യങ്ങളും ലഹരി വസ്തുക്കളുടെ സ്വാധീനം മൂലം സംഭവിക്കുന്നു ശ്രദ്ധേയമാണ്.

## പരിഹാരം എങ്ങനെ?

ലഹരി വസ്തുക്കളുടെ ലഭ്യതയും വിപണനവും തടയാനുള്ള കർശനമായ നിയമ സംവിധാനങ്ങ ളോടൊപ്പം വ്യാപകമായ ബോധവത്കരണവും ഈ പ്രശ്നം തടയാൻ അനിവാര്യമാണ്. നമ്മുടെ പരിസരങ്ങളിൽ ലഹരി വിപണനം നടക്കുന്ന വിവരം നിയമ സംവിധാനങ്ങളെ ഉടനടി അറിയിക്കുക വഴി അതിന്റെ വ്യാപനം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ ലഹരിവസ്തുക്കളുടെ ഉപയോഗം ആരംഭിക്കുന്നതിനെതിരെ യുവതലമുറയ്ക്ക് നൽകുന്ന ബോധവൽക്കരണം ഏറെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്.

വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി തന്നെ ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളും മാനസികാരോഗ്യപ്രശ്നങ്ങളും കുട്ടികളെ പഠിപ്പിക്കുന്നത് ഏറെ പ്രയോജനം ചെയ്യും. ലഹരി വസ്തുക്കൾ മാനസികരോഗം ഉണ്ടാക്കുന്ന പദാർഥങ്ങളാണ് എന്ന യാഥാർഥ്യം ചെറുപ്രായത്തിൽതന്നെ കുട്ടികളെ ബോധ്യപ്പെടുത്തണം. മാനസികാരോഗ്യ സാക്ഷരത പാഠ്യപദ്ധതിയുടെ ഭാഗമാക്കുക വഴി ഇത് സാധ്യമാകും. ലഹരിവസ്തുക്കളുടെ ഉപയോഗത്തിലേക്ക് കുട്ടികൾ നീങ്ങുന്നത് തടയാൻ ‘ ജീവിതനിപുണത വിദ്യാഭ്യാസം‘ പോലെയുള്ള പരിശീലന പരിപാടികളും ഏറെ പ്രയോജനം ചെയ്യും. സമസംഘങ്ങളുടെ സമ്മർദ്ദം അതിജീവിക്കാനുള്ള സ്വഭാവദൃഢത പരിശീലനം, മാനസിക സമ്മർദ്ദങ്ങൾ മറികടക്കാനുള്ള പരിശീലന പരിപാടികൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് ചികിത്സ നേടാൻ ഉള്ള ബോധവത്കരണം എന്നിവ വിദ്യാർഥികൾക്ക് നൽകേണ്ടതുണ്ട്.

ലഹരിവസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണവും പ്രചാരണവും വീടുകൾക്കുള്ളിൽ നിന്ന് തന്നെ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. മാതാപിതാക്കൾ ലഹരി ഉപയോഗം വർജിച്ചു കൊണ്ട് കുട്ടികളുടെ മുൻപിൽ മാതൃകയാകേണ്ടതുണ്ട്. വീട്ടിലുള്ള ഒരു കുട്ടി അഥവാ ലഹരി ഉപയോഗിച്ചു എന്ന് അറിഞ്ഞാൽ തന്നെ പൊടുന്നനെ കുറ്റപ്പെടുത്താതെ, സമാധാനപരമായി വിളിച്ച് സംസാരിക്കാനും അതിലേക്ക് നയിച്ച സാഹചര്യങ്ങൾ മനസ്സിലാക്കാനുള്ള ക്ഷമ രക്ഷിതാക്കൾ കാണിക്കേണ്ടതുണ്ട്. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വൈകാരിക പിന്തുണ തന്നെ കുട്ടികളെ ലഹരിയുടെ വഴിയിലേക്ക് പോകുന്നത് ഒരു പരിധിവരെ തടയുന്നതിന് സാധിക്കും. ലഹരി അടിമത്വത്തിലേക്ക് പോയ കുട്ടികൾക്ക് മരുന്നുകളും മനശ്ശാസ്ത്ര ചികിത്സകളും അടങ്ങുന്ന ഇടപെടലിലൂടെ മിക്കവാറും കുട്ടികളെ ലഹരിയിൽ നിന്ന് മോചിപ്പിച്ച് സ്വാഭാവിക ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സാധിക്കും. ■

**നമ്മുടെ യുവതലമുറ ലഹരിയുടെ അടിമപ്പെട്ടു പോയി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമുക്ക് നമ്മുടെ രക്ഷകർത്താക്കന്മാരോടൊപ്പം, സുഹൃത്തുക്കളോടൊപ്പം കൈകോർത്ത് പിടിച്ച് ചൊല്ലാം, ലഹരിയോട് ഒരു ’ബിഗ് നോ’**



**റസൂൽ പൂക്കുട്ടി**
ഓസ്ക്കാർ ജേതാവ്



### ലഹരിക്കെതിരായ പോരാട്ടം

# ചാലക ശക്തിയാകണം മാധ്യമങ്ങൾ




**കെ ആർ ഗോപീകൃഷ്ണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ, 24 ന്യൂസ്


*When you can stop*
*You don't want to*
*And when you want to stop*
*you can't*
*That's ADDICTION*

ലഹരിക്ക് മനുഷ്യന്റെ പിറവിയോളം പഴക്കമുണ്ട്. ഉത്തേജനത്തിനും ഊർജത്തിനും ഉന്മാദത്തിനും എന്നു വേണ്ട സർഗക്രിയക്കുപോലും ലഹരിയിൽ അഭയം തേടുന്ന വാസന മനുഷ്യനു ജന്മസിദ്ധമാണ്. ഓരോ കാലഘട്ടത്തിലേയും ആഘോഷത്തിലും ജീനിയസ്സുകളുടെ സർഗ്ഗസിദ്ധികളിൽ കലാകാരൻമാരുടെ വിസ്മയപ്രകടനങ്ങളിലുമൊക്കെ അറിഞ്ഞോ അറിയാതെയോ ലഹരിയുടെ മാസ്മരികത വലയം ചെയ്യപ്പെട്ടിരുന്നു. പുകവലിയും മദ്യപാനവും ചരസ്സുമൊക്കെ ഫാഷനായും പാഷനായും സമൂഹത്തിലും സാഹിത്യകൃതികളിലും സിനിമകളിലും ആഘോഷിക്കപ്പെട്ടു. അസംബന്ധതയുടെ യാഥാർഥ്യത്തിൽ നിന്ന് മറ്റൊരു ആശയലോകത്തിലേക്കുള്ള പലായനപാതയായിരുന്നു അസ്ഥിത്വവാദകാലത്തെ ലഹരി പ്രയോഗം. സമൂഹം അതിന്റെ നല്ല നടപ്പ് ശീലങ്ങളിൽ എണ്ണിചേർത്തിരുന്നില്ലെങ്കിൽ കൂടി ഏതു വിധേനയും എതിർക്കപ്പെടേണ്ടുന്ന മഹാവിപത്തായി ലഹരി കരുതപ്പെട്ടിരുന്നില്ല. ഇപ്പറഞ്ഞതൊക്കെ ലഹരി ഉപഭോഗ സംസ്കാരത്തിന്റെയും കച്ചവടമാഫിയയുടേയും ഇന്നത്തെ സാഹചര്യത്തിനുള്ള ഒരാമുഖമാണ്.

## ലഹരിയുടെ വഴികൾ

കണ്ണൂരിലെ ഒരു സ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു 14 കാരിയുടെ വെളിപ്പെടുത്തലിൽ നിന്ന് തുടങ്ങാം. പ്രണയത്തിൽ തുടങ്ങി ടെൻഷൻ മാറ്റാൻ സഹപാഠി കൊടുത്ത ലഹരിവസ്തുക്കൾ ഉപയോഗിച്ച് ഒടുവിൽ കടുത്ത ശാരീരിക പീഡനത്തിന് ഇരയായ സംഭവമാണത്. കുട്ടിയുടെ പെരുമാറ്റ വൈകല്യവും മാനസിക വിഭ്രാന്തിയും ശ്രദ്ധിച്ച മാതാപിതാക്കൾ വളരെ വൈകിയാണ് മകൾ ലഹരി ഉപയോഗിച്ചും മറ്റുള്ളവർക്ക് ലഹരി വസ്തുക്കൾ എത്തിച്ചുകൊടുക്കുന്ന കാരിയർ ആയും പിടിവിട്ടുപോയ വിവരം മനസ്സിലാകുന്നത്. ഇത് ഒറ്റപ്പെട്ട സംഭവമായി കാണേതില്ല. ഭാവിയിൽ കേരളത്തിന്റെ  മുക്കിലും മൂലയിലും വരെ ഇത്തരം സംഭവങ്ങൾ ആവർത്തിച്ചേക്കാം.

## കണക്കുകളിൽ കണ്ണോടിച്ചാൽ

2018-20 ൽ രാജ്യത്ത് പിടിച്ചെടുത്ത ലഹരിമരുന്നിന്റെ തോതിൽ 122% വർധന എന്നതാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ കണക്ക്. ലഹരിക്ക് അടിമകളായ 70%പേരും 10-15 വയസ്സിൽ ഉപയോഗം തുടങ്ങിയതാണെന്നാണ് എക്സൈസ് വകുപ്പിന്റെ സർവെകൾ സൂചിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങളിൽ ലഹരിയുടെ സ്വാധീനവും കണ്ടെത്തിയിട്ടുണ്ട്. മദ്യവും സിഗററ്റും കഞ്ചാവുമല്ല MDMA, LSD STAMP, ഹാഷിഷ് ഓയിൽ പോലുള്ള Synthetic ലഹരിവസ്തുക്കളിൽ ആണ് പുതുതലമുറയുടെ ലഹരി പരീക്ഷണങ്ങൾ. വീടുകളും വിദ്യാലയങ്ങളും പൊതുനിരത്തുകളും ഹോട്ടൽമുറികളും എന്നുവേണ്ട മനുഷ്യപെരുമാറ്റമുള്ള എല്ലാ ഇടങ്ങളിലും ഇതിന്റെ പിടി മുറുകയാണ്. എട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ



**സർവ്വകലാശാലയ്ക്ക് കീഴിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവൽക്കരണം, കലാജാഥകൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കണം. കാരണം യുവജനങ്ങളുടെ ശക്തിയാണ് ഭാവികേരളം**

**ജിനിഷ**
എം.ജി.സർവകലാശാല യൂണിയൻ ചെയർപേഴ്സൺ

തുടങ്ങി മൂപ്പെത്തിയവർ വരെ ഉപഭോക്താക്കളും വിൽപ്പനക്കാരും പങ്കുകച്ചവടക്കാരുമായി ലഹരി ശൃംഖലയുടെ കണ്ണികളായുണ്ട്. ലഹരിക്ക് അടിപ്പെട്ട് കൈവിട്ട ജീവിതവുമായി അലയുന്ന മക്കളുടെ ജീവിതത്തെക്കുറിച്ച് പല മാതാപിതാക്കളും പുറത്തു പറയാറില്ല. കൊറിയർ വഴിയും പാഴ്സൽ വഴിയും ഉള്ള ലഹരി കച്ചവടം പോലും സംസ്ഥാനത്തുണ്ട് എന്നതിന് അടുത്തിടെ നടന്ന സംഭവങ്ങൾ തെളിവാകുകയാണ്. ബംഗളൂരു കേന്ദ്രമായുള്ള നൈജീരിയൻ പൗരൻ ഉൾപ്പെടുന്ന ഒരു ചെറുസംഘം ആറു മാസം കൊണ്ട് കൊച്ചി നഗരത്തിൽ വിറ്റഴിച്ചത് രണ്ടര കോടിയുടെ രാസലഹരിയാണ് (പത്രവാർത്ത). അവിശ്വസനീയമായി തോന്നും ഈ സംഭവങ്ങൾ. ശ്രീലങ്ക, മലേഷ്യ, സിങ്കപ്പൂർ എന്നിവിടങ്ങളിൽ നിർമിച്ച് അഭയാർഥികൾ വഴി ബോട്ട് മാർഗമാണ് ഇന്ത്യയിലേക്കുള്ള സിന്തറ്റിക് ലഹരിവസ്തുക്കളുടെ വരവ്. പിന്നീട് ഏജന്റുമാരാണ് പല ഭാഗങ്ങളിലേക്കും ഇത് എത്തിക്കുന്നത്.

## എന്താണ് നമ്മുടെ ഉത്തരവാദിത്വം

സമൂഹത്തിന്റെ അടിവേരിളക്കുന്ന ലഹരി പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ നിയമസംവിധാനങ്ങളെ മാത്രം ആശ്രയിച്ചാൽ പോര. സമൂഹത്തെ ആഴത്തിൽ സ്വാധീനിക്കാൻ കഴിയുന്ന എല്ലാ ഉപാധികളും ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകണം. അതിൽ പരമ്പരാഗത മാധ്യമങ്ങളുടേയും നവ മാധ്യമങ്ങളുടേയും സിനിമ പോലുള്ള കലാസാംസ്കാരിക രൂപങ്ങളുടേയും പങ്ക് നിർണായകമാണ്. ലഹരി കേസുകളുടെ വാർത്ത റിപ്പോർട്ട് ചെയ്ത് കൈയും കെട്ടിമാറിനിൽക്കുക എന്നതല്ല മറിച്ച് സമൂഹത്തെ നിരന്തരം ജാഗ്രതപ്പെടുത്തുന്ന സംവിധാനങ്ങളെ ഉണർത്തുന്ന ശക്തമായ ഇടപെടലുകൾ ആണ് മാധ്യമങ്ങൾ നടത്തേണ്ടുന്നത്. ലഹരിക്കെതിരെ ബഹുമുഖ കർമ്മപദ്ധതി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ ആ ദൗത്യത്തിന് തുടക്കമിട്ടു കഴിഞ്ഞു. അതിനോടു കണ്ണിചേർന്ന് നാടിനേയും ഭാവിതലമുറയേയും നമുക്ക് സംരക്ഷിച്ചുനിർത്താം.

കുറ്റകൃത്യങ്ങളുടെ കണക്കിലെന്നപോലെ ലഹരി ഉപയോഗത്തിന്റെ കാര്യത്തിലും, സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു എന്നതാണ് നമ്മുടെ നാടിന്റെ സവിശേഷത. അതുകൊണ്ട് തന്നെ ലഹരിമുക്ത കേരളം സാധ്യമാക്കാൻ മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്തം ഒരു പടി മുന്നിലാണ്. നേരത്തെ സൂചിപ്പിച്ചതു പോലെ, ലഹരിക്ക് ഇരയാക്കപ്പെടുന്ന കൗമാരക്കാരെ (പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യത്തിൽ) കുറിച്ച് തുറന്നു പറയാൻ മാതാപിതാക്കൾ മടിക്കാറുണ്ട്. എന്നാൽ സമൂഹത്തെ ബോധവൽകരിക്കുന്നതിന് ഇത്തരം തുറന്നു പറച്ചിലുകൾ അനിവാര്യമാണ്. ലഹരി ഉപഭോഗ - കടത്ത് കേസുകൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമങ്ങൾക്ക്, ബോധവത്കരണത്തിനും, ലഹരിവിരുദ്ധ ആശയ പ്രചാരണത്തിനും കൂടി സമയവും, ഇടവും നീക്കിവെയ്ക്കേണ്ട ബാധ്യതയുണ്ട്.

പത്രങ്ങളിലെ പംക്തികളും, ചാനൽ ചർച്ചകളുമൊക്കെ ഈ സാമൂഹ്യ പ്രശ്നത്തിന്റെ വിവിധ വശങ്ങൾ അവതരിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്താം. Excise ഉം മറ്റു നിയമ നിർവഹണ സംവിധാനങ്ങളും നടത്തുന്ന ലഹരി വേട്ടയ്ക്കും, ബോധവൽക്കരണ ക്യാംപെയിനിനും മാധ്യമ പിന്തുണ ഉറപ്പാക്കപ്പെടേണ്ടതുണ്ട്. സമൂഹ മാധ്യമങ്ങളിലും ലഹരി മാഫിയകളുടെ ഇടപെടലുകളുണ്ട്. ഇത്തരം ഇടപാടുകൾക്ക് നേരെ ജാഗ്രത പുലർത്താനും മാധ്യമങ്ങൾക്ക് കഴിയണം. ജാഗ്രതയുള്ള ഒരു സമൂഹത്തിന് മാത്രമെ , ലഹരിക്കെതിരായ പോരാട്ടത്തിൽ വിജയം കാണാൻ കഴിയൂ, അത്തരമൊരു സമൂഹത്തെ സൃഷ്ടിച്ചെടുക്കലാണ് സാമൂഹ്യ നന്മ ലക്ഷ്യമിടുന്ന മാധ്യമങ്ങളുടെ ധർമ്മം. ■

ലഹരിയും പ്രകൃതിചികിത്സയും

# പ്രകൃതി ചികിത്സയിലൂടെ നേടാം ലഹരി മോചനം



**ഡോ. മേഴ്സി സാറാ തോമസ്**
മെഡിക്കൽ ഓഫീസർ,
ഗവ. പ്രകൃതിചികിത്സാകേന്ദ്രം, വർക്കല

## ലഹരി എന്നാൽ എന്ത്?

ഉപയോഗം മൂലം മാനസിക ശാരീരിക തലങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന വസ്തുക്കളാണ് ലഹരി വസ്തുക്കൾ എന്ന് പറയുന്നത്. ലഹരിവസ്തുക്കളുടെ നിരോധനത്തിന്റെ ആവശ്യകതയെപ്പറ്റി ഗാന്ധിജി തന്റെ അഞ്ചിനകർമ്മപദ്ധതിയിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മദ്യപാനവും ലഹരിവസ്തുക്കളുടെ ഉപയോഗവും ഒരു സാമൂഹിക വിപത്തായി വളർന്നു വരികയാണ്. മയക്കുമരുന്നിന്റെ ഉപയോഗത്തോടെ ഇരയുടെ ശരീരം ശോഷിക്കുവാൻ തുടങ്ങും. തലച്ചോറിന്റെ പ്രവർത്തനം താറുമാറാകും. കാഴ്ചയും കേൾവിയും അവതാളത്തിലായെന്നുതന്നെ വരാം.

## എങ്ങനെ കണ്ടെത്താം

- അച്ഛനമ്മമാർ മക്കളെ കൃത്യമായി നിരീക്ഷിക്കണം
- ഏത് ലഹരി ഉപയോഗിക്കുമ്പോഴും ചില അടയാളങ്ങളിലൂടെ അത് കണ്ടെത്താൻ സാധിക്കും. ശരീരത്തിലെയും വസ്ത്രത്തിലെയും പാടുകൾ ശ്രദ്ധിക്കുക.
- സ്ഥിരമായി ലഹരി ഉപയോഗിക്കുന്നവരുടെ കണ്ണുകൾ ചുവന്നിരിക്കും.
- സ്വഭാവത്തിലും പെരുമാറ്റത്തിലുമുള്ള മാറ്റം



## ശാരീരിക ബുദ്ധിമുട്ടുകൾ

| അവയവങ്ങൾ | മാറ്റങ്ങൾ |
|---|---|
| തലച്ചോറ് | നാഡീവ്യൂഹത്തെ തളർത്തി തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നു. ഓർമ്മശക്തി സ്വഭാവം എന്നിവയെ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗങ്ങളെ നശിപ്പിക്കുന്നു. |
| ശ്വാസകോശം | ശ്വാസകോശ രോഗബാധ, ന്യുമോണിയ എന്നിവ വരാനുള്ള സാധ്യത കൂടുതലാണ്. |
| ഹൃദയം | ഹൃദ്രോഗം, രക്തസമ്മർദ്ദം എന്നിവ വരാം. |
| പഞ്ചേന്ദ്രിയങ്ങൾ | കാഴ്ച, കേൾവി, സ്വാദ്, മണം എന്നീപ്രവർത്തനങ്ങൾ തകരാറിലാകുന്നു. |
| കുടലും പാൻക്രിയാസും | അൾസർ, ക്യാൻസർ എന്നിവ പിടിപെടാൻ മദ്യം പ്രദാന കാരണമാണ്. |
| എല്ലുകൾ പേശികൾ | കാത്സ്യം ആഗികരണം ചെയ്യാനുള്ള കഴിവിനെ തകരാറിലാക്കുന്നു. |
| വയർ | പെപ്റ്റിക് അൾസർ, ക്യാൻസർ എന്നിവ വരുന്നതിനുള്ള സാധ്യത കൂടുതലാണ്. |

ശ്രദ്ധിക്കുക. അകാരണമായ കോപം, നിഷേധ സ്വഭാവം, ബഹളം, വിഷാദം എല്ലാം തന്നെ ഇതിന്റെ ലക്ഷണങ്ങളാണ്.

### പ്രകൃതി ചികിത്സയുടെ പ്രസക്തി

മനുഷ്യശരീരത്തിൽ പ്രകൃതിചികിത്സ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

ശരീരത്തിന് രോഗങ്ങളെ ചെറുത്ത് നിർത്താനും നിവാരണം ചെയ്യാനുമുള്ള കഴിവ് (സ്വതസിദ്ധമായി) ഉണ്ട്.

ശരീരത്തിന് യാതൊരു വിധത്തിലുള്ള ദോഷഫലങ്ങളും സൃഷ്ടിക്കാതെ പഞ്ചമഹാഭൂതത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തുവരുന്ന ചികിത്സാരീതിയാണ് പ്രകൃതിചികിത്സ അഥവാ നാച്ചുറോപ്പതി.

ലഹരിയ്ക്ക് അടിമപ്പെട്ടവർക്ക് മാനസികമായും ശാരീരികവുമായുള്ള ആരോഗ്യമാണ് വേണ്ടത്.

> **ശരീരത്തിന് യാതൊരു വിധത്തിലുള്ള ദോഷഫലങ്ങളും സൃഷ്ടിക്കാതെ പഞ്ചമഹാഭൂതത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്ന ചികിത്സാരീതിയാണ് പ്രകൃതിചികിത്സ അഥവാ നാച്ചുറോപ്പതി**

പ്രകൃതിചികിത്സ വളരെ നല്ലരീതിയിൽ തന്നെ ഈ അവസ്ഥ കൈകാര്യം ചെയ്യുന്നു.

### ചില പ്രത്യേക ചികിത്സാരീതികൾ ചുവടെ ചേർക്കുന്നു.

- കൗൺസിലിങ്/ബോധവത്കരണം
- ഭക്ഷണരീതികളും ചിട്ടകളും
- ശരിയായ ഉറക്കത്തിന്റെ പ്രസക്തി
- യോഗയും പ്രാണായാമവും
- ജലചികിത്സ (Hydrotherapy)
- മണ്ണ് ചികിത്സ (Mud Therapy)
- വായു ചികിത്സ
- ധ്യാനം
- ഉപവാസം
- മസാജ്, അക്യുപങ്ചർ, അക്യുപ്രഷർ

മേൽ പറഞ്ഞ ചികിത്സാരീതികൾ അഭ്യസിക്കുന്നതിലൂടെ രക്തചംക്രമണം വർധിക്കുന്നു. മാനസികമായും ശാരീരികമായും ശരിയായ ആരോഗ്യം കൈവരിക്കാൻ സാധിക്കുന്നു. മനസിന്റെ ശരിയായ ആരോഗ്യം ലഹരി വിമുക്തരാകാൻ ലഹരിക്ക് അടിമപ്പെട്ടവരെ പ്രാപ്തരാക്കുന്നു. ■

**ലഹരിയെ മുൻനിർത്തിയാണ് ചില വിദ്യാർഥികൾ കൂട്ടുകൂടുന്നത്. അത്തരം പ്രവർത്തനങ്ങൾ നിയമപരമായി തടയേണ്ടതാണ്. കൂടാതെ വിദ്യാർഥികൾക്ക് അക്കാഡമിക് പഠനത്തിനപ്പുറം കായികവും കലാപരവുമായുള്ള മേഖലയിലേക്ക് വഴിതുറന്ന് കൊടുക്കേണ്ടതുമാണ്**



**രാഗേന്ദു പി ആർ**
വിദ്യാർഥിനി

**തിയേറ്ററുകളിൽ ചിത്രപ്രദർശനങ്ങളുടെ ഇടവേളകളിൽ മാത്രം നൽകുന്ന അവബോധ ശ്രമങ്ങളിൽ നിന്നും നാം ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. ലഹരിവസ്തുക്കളുടെ ഉപയോഗം മനുഷ്യനെയും സമൂഹത്തെയും എങ്ങനെ നശിപ്പിക്കുന്നു എന്നുള്ള പാഠങ്ങൾ കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം**



**സുൽത്താന എസ്**
മാധ്യമ പ്രവർത്തക




## വിമുക്തിയും അതിന്റെ ലക്ഷ്യങ്ങളും

വ്യക്തിയെയും സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് ജനങ്ങൾക്ക് പ്രത്യേകിച്ചും യുവജനങ്ങൾക്ക് അവബോധം നൽകാനായി കേരള സർക്കാർ ആരംഭിച്ച ലഹരി വിമുക്ത പ്രചരണ പരിപാടിയാണ് 'വിമുക്തി'. ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യം പ്രവർത്തനങ്ങളിലൂടെ നടപ്പാക്കുകയാണ് വിമുക്തിയിലൂടെ.

'ലഹരി വിമുക്ത കേരളം' എന്നതാണ് വിമുക്തി മുന്നോട്ട് വയ്ക്കുന്ന പ്രധാന ലക്ഷ്യം. വിദ്യാർഥികളിലും, യുവതലമുറയിലും, പൊതു ജനങ്ങളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസിലാക്കാനുള്ള വിവിധ കർമ്മ പരിപാടികൾ സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു. വിമുക്തിയുടെ കീഴിൽ സ്കൂൾ കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത ക്ലബ്ബുകൾ, സ്റ്റൂഡന്റ് പോലീസ് കേഡറ്റുകൾ, നാഷണൽ സർവീസ് സ്കീമുകൾ, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി വിമുക്ത ഓർഗനൈസേഷനുകൾ, വാർഡ്, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മകൾ എന്നിവയിലൂടെയാണ് വിമുക്തി മിഷൻ ലഹരിക്കെതിരെ പ്രവർത്തിക്കുന്നത്.

മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായ ഗവേണിംഗ് ബോഡിക്കാണ് അപെക്സ് ലെവൽ പ്രവർത്തനം. നികുതി വിഭാഗം അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ട്രേഡ്, എസ് സി/എസ് ടി, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ മന്ത്രിമാർ അംഗങ്ങളായും പ്രവർത്തിക്കുന്നു. ചീഫ് സെക്രട്ടറി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, കലാ, കായിക, സാംസ്കാരിക വിഭാഗങ്ങളിലെ പ്രമുഖരും ഗവേണിംഗ് ബോഡി അംഗങ്ങളാണ്.

വിമുക്തിയുടെ കീഴിൽ 14 ജില്ലകളിലും ലഹരി വിമുക്ത സെന്ററുകളും, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഹോസ്പിറ്റലുകളിൽ കൗൺസിലിംഗ് സെന്ററുകളും വിമുക്തിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

## അപകടകരം ഈ മദ്യവും മയക്കുമരുന്നും

മദ്യപാനവും മയക്കുമരുന്ന് ഉപഭോഗവും ഇന്ന് ലോകത്ത് എല്ലായിടത്തും വർധിച്ചുവരുകയാണ്. മദ്യം, കനാബിസ്, ഒപിയം, എംഡിഎംഎ തുടങ്ങിയവ സ്ത്രീകളെക്കാൾ കൂടുതൽ ഇവ ഉപയോഗിക്കുന്നത് പുരുഷൻമാരാണ്. ആരോഗ്യപ്രശ്നങ്ങൾക്കൊപ്പം ഗുരുതരമായ രോഗങ്ങളുടെ വ്യാപനത്തിനും ചിലപ്പോൾ മരണത്തിനുവരെ ഇവയുടെ ഉപഭോഗം വഴിവയ്ക്കുന്നുണ്ട്.

**സഹായം തേടാം ഈ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ**

മൂന്നു സോണുകളിലായി മൂന്ന് കൗൺസിലിംഗ് കേന്ദ്രങ്ങൾ വിമുക്തി മിഷൻറെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന കൗൺസിംലിംഗ് കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഹരിയിൽ നിന്നും മോചനം നേടുന്നതിനുള്ള കൗൺസിലിംഗ് ലഭ്യമാണ്. ഓരോ കൗൺസിലിംഗ് സെന്ററിലും ഈ രണ്ട് കൗൺസിലർമാരുടെ സേവനം ലഭ്യമാണ്. 14405 എന്ന ടോൾ ഫ്രീ നമ്പറിലും കൗൺസിലിംഗ് സേവനം ലഭ്യമാണ്.

9400022100, 9400033100 (തിരുവനന്തപുരം), 9188520198, 9188520199 (എറണാകുളം), 9188468494, 9188458494 (കോഴിക്കോട്) എന്നീ നമ്പരുകളിലും കൗൺസിലിംഗ് സേവനം ലഭ്യമാണ്.

## കൗൺസിലിംഗിന് ടോൾ ഫ്രീ നമ്പർ

14405 എന്ന ടോൾ ഫ്രീ നമ്പറിലും കൗൺസിലിംഗ് സേവനം ലഭ്യമാണ്.

## ലഹരി മുക്ത കേന്ദ്രങ്ങൾ

വിമുക്തി മിഷന്റെ കീഴിൽ 14 ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ താലൂക്ക് ആശുപത്രികളിൽ ലഭ്യമായ സ്ഥലങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഒ പി സേവനം, കൗൺസിലിംഗ്, മരുന്നുകൾ, മാനസികോല്ലാസത്തിനുള്ള സൗകര്യം (ടി വി, പുസ്തകങ്ങൾ, പത്രങ്ങൾ, ചെസ്സ്), യോഗ, ലഹരിയിൽ നിന്നും മോചനം നേടുന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പ്രത്യേക കരുതൽ എന്നിവ ഇവിടെ ലഭ്യമാണ്.

ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം
0471- 2222235 9400069409

നെടുങ്ങോലം, ചാത്തന്നൂർ രാമറാവു മെമ്മോറിയൽ ഹോസ്പിറ്റൽ, കൊല്ലം
0474-2512324 9400069441

റാന്നി താലൂക്ക് ഹോസ്പിറ്റൽ, റാന്നി, പത്തനംതിട്ട
0473-5229589 9400069468

ചെങ്ങന്നൂർ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, ചെങ്ങന്നൂർ, ആലപ്പുഴ 0479-2452267 9400069488

പാലാ ടൗൺ ഗവ. ഹോസ്പിറ്റൽ, പാലാ, കോട്ടയം
0482-2215154 9400069511

ചെറുതോണി ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, ചെറുതോണി, ഇടുക്കി 0486-2232474 9400069532

ഗവ. ഹോസ്പിറ്റൽ, മുവാറ്റുപുഴ, എറണാകുളം
0485-2832360 9400069564

ചാലക്കുടി താലൂക്ക് ഹോസ്പിറ്റൽ, ചാലക്കുടി, തൃശൂർ
0480-2701823 9400069589

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട് 0492-4254392 9400069588

നിലമ്പൂർ ഗവ. ഹോസ്പിറ്റൽ, മലപ്പുറം
0493-1220351 9400069646

ഗവ. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്
0495-2365367 9400069675

ജനറൽ ഹോസ്പിറ്റൽ, കൈനാട്ടി, വയനാട് 0493-6206768 9400069663

ഗവ. ഹോസ്പിറ്റൽ, പയ്യന്നൂർ, കണ്ണൂർ
0498-5205716 9400069695

താലൂക്ക് ഹോസ്പിറ്റൽ, നീലേശ്വരം, കാസർഗോഡ് 0467-2282933 9400069723

> **ലഹരി വസ്തുക്കൾക്കെതിരായി എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ കീഴിൽ ആരംഭിക്കുന്ന വിവിധ പരിപാടികളെ ശക്തിപ്പെടുത്തുന്നതിന് ക്ലബ്ബുകൾ സഹായകമാകുന്നു.**

## ആന്റി ഡ്രഗ് ക്ലബുകൾ

ലഹരി വസ്തുക്കളുടെ വർധിച്ചു വരുന്ന ആസക്തി നമ്മുടെ നാടിന് ഭീഷണിയായി മാറുകയാണ്. സ്കൂൾ കോളേജ് വിദ്യാർഥികൾ കൂടുതലായി ലഹരി വസ്തുക്കൾക്ക് അടിമകളാകുന്നു എന്നാണ് പഠങ്ങൾ കാണിക്കുന്നത്. ഇവരെ കണ്ടെത്തി ഇവരുമായി ഇടപെടുന്നതിനാണ് എക്സൈസ് വകുപ്പ് വിമുക്തിയുടെ കീഴിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നത്. ലഹരി വസ്തുക്കൾക്കെതിരായി എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ കീഴിൽ ആരംഭിക്കുന്ന വിവിധ പരിപാടികളെ ശക്തിപ്പെടുത്തുന്നതിന് ക്ലബ്ബുകൾ സഹായകമാകുന്നു.

## വിമുക്തി മിഷൻ ജില്ലാ ഓഫീസുകൾ

ഹെഡ്- ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ

1 തിരുവനന്തപുരം decvptm.exc@kerala.gov.in 9447178053-, 04712473149

2 കൊല്ലം decklm.exc@kerala.gov.in 9447178054-,04742767822



**ബോധവൽക്കരണമാണെന്ന ബോധ്യത്തിൽ ലഹരിക്കെതിരായ പോരാട്ടം ജനങ്ങളിൽ സൃഷ്ടിക്കുന്ന അവബോധം ലഹരി വിപത്ത് ഒഴിവാക്കുന്നതിന് സഹായകമാകട്ടെ. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവുള്ള യുവജനങ്ങളുടെ ബുദ്ധി ലഹരിവിമുക്തമാകണം**

ശ്രുതി മധു
കണ്ടന്റ് റൈറ്റർ

3 പത്തനംതിട്ട decpta.exc@kerala.gov.in 9447178055, 0468 2222873

4 ആലപ്പുഴ decalpy.exc@kerala.gov.in 9447178056, 04772252049

5 കോട്ടയം decktm.exc@kerala.gov.in 9447178057, 04812562211

6 ഇടുക്കി decidk.exc@kerala.gov.in 9447178058, 04862222493

7 എറണാകുളം decekm.exc@kerala.gov.in 9447178059, 04842390657

8 തൃശൂർ decstr.exc@kerala.gov.in 9447178060-, 04872361237

9 പാലക്കാട് decplkd.exc@kerala.gov.in 9447178061-, 04912505897

10 മലപ്പുറം decmlpm.exc@kerala.gov.in 9447178062-, 04832734886

കോഴിക്കോട് deckkd.exc@kerala.gov.in 9447178063-, 04952372927

വയനാട് decwnd.exc@kerala.gov.in 9447178064-, 04936248850

കണ്ണൂർ decknr.exc@kerala.gov.in 9447178065-, 04972 706698

കാസർഗോഡ് dcxksd@yahoo.com 9447178066, 04972705470

സി ഇ ഒ & ജെ ഇ സി

എക്സൈസ് കമീഷണർ ecoffice.exc@kerala.gov.in eccomoffice@yahoo.com

0471 2332632

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ addlecadmin.exc@kerala.gov.in 9447178044, 0471 2322847

ജോയിൻറ് എക്സൈസ് കമ്മീഷണർ (അവബോധ പരിപാടി സഹ-ഓർഡിനേഷൻ) jecapckerala@gmail.com 9400077077

## ലഹരിക്കെതിരെ കൈകോർത്ത് വിദ്യാഭ്യാസവകുപ്പും

സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലാസുകൾ, ജാഗ്രത സമിതികൾ തുടങ്ങിയ രൂപീകരിച്ച്, എക്സൈസ്, പൊലിസ്, തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചത്. എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് ആൻഡ് ഗൈഡൻസ്, റെഡ് റൂൺ ക്ലബ്ബ് എന്നിവ മുഖേന ലഹരി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

ലഹരി വിരുദ്ധ ചങ്ങലകൾ, കൂട്ടയോട്ടം, ഫ്ളാഷ് മോബ്, സ്കൂൾ പരിസരത്തെ കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വിതരണം ചെയ്യുന്നതിനുമെതിരേയുള്ള നിയമപരമായ മുന്നറിയിപ്പ് പതിക്കൽ, ലഹരി വിരുദ്ധ സന്ദേശം സംബന്ധിച്ച സ്റ്റിക്കറുകൾ പതിക്കൽ, വീടുകൾ കേന്ദ്രീകരിച്ചുള്ള ലഹരി വിരുദ്ധ പ്രചരണം, സ്കൂൾ പരിസരത്തും ചുറ്റളവിലും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരേയുള്ള യെല്ലോ ലൈൻ ക്യാമ്പയിൻ, വിദ്യാർഥികളുടെ ആത്മവിശ്വാസം വളർത്തുന്നതിനുള്ള ഇൻസൈറ്റ് പരിശീലനം, മാതാപിതാക്കൾക്ക് ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതിനുള്ള പോസിറ്റീവ് പാരന്റിംങ്, ഹാബിറ്റ് സ്ലോറ്റ്, ജാഗ്രത മതിൽ തുടങ്ങി നിരവധി പദ്ധതികളാണ് നടത്തുന്നത്. പോലിസ്, എക്സൈസ്, സാമൂഹ്യ നീതി വകുപ്പ് സഹകരിച്ച് സ്കൂൾ തലത്തിൽ വിദ്യാർഥികൾക്കും, രക്ഷിതാക്കൾക്കും ബോധവത്കരണം, കൗൺസിലിംങ് പരിപടികൾ നടപ്പിലാക്കുന്നതും ലക്ഷ്യമിടുന്നു.




## ജാഗ്രതയോടെ കോളജുകളും ഹോസ്റ്റലുകളും

ഉന്നതവിദ്യാഭ്യാസ വകുപ്പും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. എല്ലാ കോളജുകളിലും ഇതിനായി പിയർ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ ക്ലാസിലെയും രണ്ട് കുട്ടികൾ വീതം ഗ്രൂപ്പംഗങ്ങൾ. ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്ത് മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും.



**ലഹരി ഉപയോഗം വ്യാപകമാവുന്നത് വ്യക്തികൾക്കും സമൂഹത്തിനും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. അത് ഒരാളെ മാനസികമായും ശാരീരികമായും ബാധിക്കുകയും അയാളെ സാമൂഹ്യ വിരുദ്ധനാക്കി മാറ്റുകയും ചെയ്യാം. അതുകൊണ്ട് ലഹരിയുടെ ലഭ്യത ഇല്ലാതാക്കുകയാണ് എളുപ്പവഴി**

**അൻസിൻ വെഞ്ഞാറമൂട്**
**മജീഷ്യൻ**

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ഹോസ്റ്റലുകളിൽ വാർഡൻ കൺവീനറായി ശ്രദ്ധ കമ്മിറ്റിയും കോളജുകളിൽ വൈസ്പ്രിൻസിപ്പൽ കൺവീനറായി നേർക്കൂട്ടം കമ്മിറ്റിയുമുണ്ട്. ക്ലാസുകളിലും ഹോസ്റ്റലുകളിലും പരിസരങ്ങളിലും അപ്രതീക്ഷിത സന്ദർശനം നടത്തുന്നു കോളജ് കമ്മിറ്റികൾ.

ഓൺലൈൻ പോസ്റ്റർ ക്യാമ്പയിൻ, ലഹരിവിരുദ്ധ പ്രതിജ്ഞ, പുകവലി വിരുദ്ധ കാമ്പയിൻ, പോസ്റ്റർ രചന, സ്പീച്ച്, ഫ്ളാഷ്മോബ്, കൊളാഷ് മേക്കിംഗ്, ഷോർട്ട് ഫിലിം നിർമാണം. ബോധവത്കരണ പരിപാടികൾ നിരവധി. ഒപ്പം എൻഎസ്എസ് യൂണിറ്റുകളും സജീവം. നാശ്മുഖ് അഭിയാനുമായി ജില്ലാ ഭരണകൂടവും സാമൂഹിക നീതി വകുപ്പും കാമ്പസുകളിൽ. തള്ളവിരൽ നിറങ്ങളിൽ മുക്കി കൈപ്പത്തിയുടെ രൂപത്തിൽ മരങ്ങളിൽ പതിപ്പിച്ച് ട്രീ ഓഫ് ഹോപ്പ് ക്യാമ്പയിൻ.

ലഹരിയുടെ ദൂഷ്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നു. ലഹരി മുക്തരായവരെക്കൊണ്ട് ബോധവത്കരണ ക്ലാസുകൾ തുടർച്ചയായി സംഘടിപ്പിക്കുക, ഡി അഡിക്ഷൻ സെന്ററുകളിലേക്ക് കുട്ടികളുടെ സന്ദർശന യാത്ര സംഘടിപ്പിക്കുക. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി കോളജുകൾക്ക് കുടുതൽ ഫണ്ട് നൽകുക. ജീവനി കൗൺസിലർ നിയമനം എല്ലാ വർഷവും നിർബന്ധമാക്കുക. മയക്കുമരുന്ന് ഉപയോഗിക്കുന്നതായി സംശയം തോന്നുന്ന കുട്ടികളിൽ അബോൺകിറ്റ് ഉപയോഗിച്ച് ഉമിനീർ പരിശോധന നടത്തുക. കാമ്പസുകളിലും ഹോസ്റ്റലുകളിലും പോലീസ്, എക്സൈസ് പെട്രോളിംഗ് കർശനമാക്കുക എന്ന നിർദ്ദേശവും പരിഗണനയിൽ.

## സർക്കാരിതര സംഘടനകളും സജീവം

ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ സർക്കാർ ഇതര സംഘടനകളും നിർണായക പങ്ക് വഹിക്കുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന ലഹരിവർജന ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി വിരുദ്ധ സംഘടനകൾ തുടങ്ങിയവ സജീവമായി പ്രവർത്തിച്ചുവരുന്നു. വാർഡ്, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ലഹരിക്കെതിരെ സ്ത്രീകളെയും കുട്ടികളെയും യുവതലമുറയെയും ഒരുമിപ്പിച്ചുകൊണ്ടുള്ള ബോധവത്കരണമാണ് പ്രധാനമായും നടന്നുവരുന്നത്.

സംസ്ഥാനത്തെ 1000 വിദ്യാലയങ്ങളിലായി 88,000 കുട്ടികളാണ് എസ്.പി.സി പദ്ധതിയിൽ അംഗമായുള്ളത്. ഇവരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ലഹരിക്കും മയക്കുമരുന്നിനുമെതിരായ പോരാട്ടത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞു. വിദ്യാലയത്തിന്റെ 500 മീറ്റർ പരിധിയിൽ ലഹരി പദാർഥങ്ങൾ വിൽക്കുന്നില്ലെന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഉറപ്പാക്കുന്നു. കുടുംബാംഗങ്ങൾക്കിടയിലും ബന്ധുക്കൾക്കിടയിലും ലഹരി ഉപയോഗം തടയുന്നതിന് ആവശ്യമായ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ കുട്ടികൾക്ക് കഴിയുന്നു.

ലഹരിക്കെതിരെ കുട്ടികൾ തയ്യാറാക്കിയ നൂറിലധികം ഹ്രസ്വ ചിത്രങ്ങൾ യൂട്യൂബ് ചാനൽ വഴി ലക്ഷക്കണക്കിന് ആളുകൾ വീക്ഷിച്ചു. എസ്. പി. സി യുടെ ദൃശ്യപാഠം പദ്ധതിയിലൂടെ സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ ചാനലായ കൈറ്റ് വിക്ടേഴ്സ് വഴി നിരവധി ക്ലാസുകൾ നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ശനിയാഴ്ചകളിലും സ്കൂളുകളിലെ ഡിജിറ്റൽ ക്ലാസ്റൂമിന്റെ സഹായത്തോടെ ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നു.

## കരുതലായി സർക്കാർ സമിതികൾ

ലഹരി ഉപഭോഗവും വിതരണവും തടയുന്നതിന് കർശന നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി വിവിധ സമിതികൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. സംസ്ഥാനതലത്തിലും ജില്ലാ, തദ്ദേശ സ്വയംഭരണ, വിദ്യാലയതലങ്ങളിലും സമിതികൾ ഉണ്ടാക്കും.

മുഖ്യമന്ത്രി അധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സഹാധ്യക്ഷനുമായാണ് സംസ്ഥാനതല സമിതി. ധന, പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ, ആരോഗ്യ, വ്യവസായ, നിയമ, മത്സ്യബന്ധന, പട്ടികജാതി-പട്ടികവർഗ, കായിക വകുപ്പു മന്ത്രിമാരും സെക്രട്ടറിമാരും സമിതിയിലുണ്ട്. ചീഫ് സെക്രട്ടറിയാണ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ഏകോപനം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും ജില്ലാ കളക്ടർ കൺവീനറുമായാണ് ജില്ലാതലസമിതി. ജില്ലാ ചുമതലയുള്ള മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവികൾ അദ്ധ്യക്ഷരായും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ കൺവീനർമാരുമായാണ് തദ്ദേശതല സമിതി. വിദ്യാഭ്യാസ സ്ഥാപനമേധാവികളും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളും കുടുംബശ്രീ, വായനശാല, ക്ലബ്ബ് പ്രതിനിധികളും സമിതിയിൽ ഉണ്ടാകും. റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, സാമൂഹിക-സന്നദ്ധ പ്രവർത്തകർ എന്നിവരെയും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കും. പോസ്റ്റർ, ബോർഡ് എന്നിവ വഴിയുള്ള പ്രചാരണത്തിന് വ്യാപാരികളുടെയും സഹകരണസ്ഥാപനങ്ങളുടെയും സഹായം തേടും.

വാർഡുതല സമിതിയിൽ വാർഡ് അംഗം അധ്യക്ഷനാകും. സ്കൂൾ ഹെഡ്മാസ്റ്റർ / മുതിർന്ന അധ്യാപകൻ ആയിരിക്കും കൺവീനർ. സ്കൂൾതലത്തിൽ അധ്യാപക - രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് പ്രത്യേക സംവിധാനം ഉണ്ടാക്കും. ■





# ഞങ്ങളിലുണ്ട് പ്രതിരോധം മനഃശക്തി

## ലഹരി ഉപയോഗത്തിനെതിരേ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രവർത്തനങ്ങൾ

**വി.പി.പ്രമോദ് കുമാർ**
ഡെപ്യൂട്ടി ഡയറക്ടർസ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

കുട്ടികളെ സമൂഹത്തിന് ഗുണകരമായ രീതിയിൽ മികച്ച പൗരൻമാരായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പോലീസ്  രൂപം നൽകിയ സംവിധാനമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ യുദ്ധം പ്രഖ്യാപിച്ചിട്ട് 11 വർഷം പൂർത്തിയായി.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗമായ കുട്ടികളിലൂടെ അവരുടെ മാതാപിതാക്കളിലേക്കും ബന്ധുക്കളിലേക്കും അങ്ങനെ സമൂഹത്തിലേക്ക് തന്നെയും ലഹരിക്കും മയക്കുമരുന്നിനും എതിരെയുള്ള സന്ദേശം എത്തിച്ചുകൊണ്ടാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ശ്രദ്ധനേടിയത്. നിലവിൽ സംസ്ഥാനത്തെ 1000 വിദ്യാലയങ്ങളിലായി 88,000 കുട്ടികളാണ് എസ്.പി.സി പദ്ധതിയിൽ അംഗമായുള്ളത്. ഇവരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ലഹരിക്കും മയക്കുമരുന്നിനുമെതിരായ പോരാട്ടത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞു.

മയക്കുമരുന്നിനെതിരെയുള്ള സന്ദേശം കുട്ടികളിൽ എത്തിക്കാനായി  ക്യാമ്പുകളും ശില്പശാലകളും കൂടാതെ ഫീൽഡ് സന്ദർശനവും നടത്തിവരുന്നു. കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകളും മറ്റ് സാമഗ്രികളും വിതരണം ചെയ്യുന്നുമുണ്ട്. ഇത്തരം അടിസ്ഥാന വിവരങ്ങളിൽ നിന്ന് ലഭിച്ച അറിവ് കൈമുതലാക്കി സമൂഹത്തിന്റെ വിവിധ മേഖലകളിൽ



ഓരോതരം ലഹരിയിലാണ് മനുഷ്യരെല്ലാം ജീവിക്കുന്നത്. യേശുദാസിന് സംഗീതം പോലെ, സച്ചിന് ക്രിക്കറ്റ് പോലെ. വ്യക്തിയ്ക്കും സമൂഹത്തിനും വളർച്ച ഉണ്ടാക്കുമ്പോഴാണ് അവ മനുഷ്യോന്മുഖമാകുന്നത്. അങ്ങനെയല്ലാത്ത ലഹരികളോടെല്ലാം യുദ്ധം പ്രഖ്യാപിക്കേണ്ടത് അനിവാര്യമാണ്.

നൗഫൽ എൻ
എഴുത്തുകാരൻ

ഉള്ളവരിൽ മയക്കുമരുന്നിന്റെ ദോഷവശങ്ങൾക്കെതിരെയുള്ള മുന്നറിയിപ്പ് പകർന്നു നൽകുകയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ചെയ്യുന്നത്. ഇതിനായി എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹകരണവും കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.

വിദ്യാലയത്തിന്റെ 500 മീറ്റർ പരിധിയിൽ ലഹരി പദാർഥങ്ങൾ വിൽക്കുന്നില്ലെന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഉറപ്പാക്കുന്നു. കുടുംബാംഗങ്ങൾക്കിടയിലും ബന്ധുക്കൾക്കിടയിലും ലഹരി ഉപയോഗം തടയുന്നതിന് ആവശ്യമായ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ കുട്ടികൾക്ക് കഴിയും. മാത്രമല്ല ഇത്തരം വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകാവുന്ന സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും മനസിലാക്കി കൊടുക്കാൻ കുട്ടികൾക്ക് കഴിയും. ഈ ദോഷവശങ്ങൾ കുട്ടികളിൽ നിന്ന് കേൾക്കുമ്പോൾ അവ പൂർണ്ണതോതിൽ ഉൾക്കൊള്ളാൻ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സാധിക്കും എന്നാണ് വിലയിരുത്തപ്പെടുന്നത്.

എല്ലാ വർഷവും ലഹരി വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ കേഡറ്റുകൾ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരിക്കെതിരെയുള്ള പോസ്റ്റർ പ്രദർശനം, ലഹരി വിരുദ്ധ സന്ദേശ റാലി, ചിത്ര രചന മത്സരം , ലഘു വീഡിയോ നിർമാണ മത്സരം എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഇത് എസ്. പി. സി. യുടെ വിവിധ സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ വഴി വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. വിവിധ മേഖലയിൽപ്പെട്ട പ്രമുഖരുടെ സന്ദേശങ്ങൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ വിമുക്തി മിഷനുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. ലോക്ക് ഡൗൺ

മയക്കുമരുന്നിനെതിരെയുള്ള സന്ദേശം കുട്ടികളിൽ എത്തിക്കാനായി ക്യാമ്പുകളും ശില്പശാലകളും കൂടാതെ ഫീൽഡ് സന്ദർശനവും നടത്തിവരുന്നു.

കാലഘട്ടത്തിലും 'നവജീവൻ' എന്ന പേരിൽ കേരള പോലീസിനോടൊപ്പം എസ്.പി.സി. യും രംഗത്തെത്തി.

2022 മെയ് മുതൽ "Yes to football, no to drugs" എന്ന പേരിൽ ഫുട്ബോൾ മത്സരം നടത്തിവരുന്നു. ലോക്ക് ഡൗണിനുശേഷം സ്കൂൾ തുറന്നപ്പോൾ കുട്ടികൾക്കിടയിൽ ലഹരിയുടെ ഉപയോഗം വ്യാപകമായി വർധിക്കുന്നു എന്ന് മനസിലാക്കി എസ്.പി.സി യുടെ വിവിധ ക്യാമ്പുകളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ കൈപ്പുസ്തകം വിതരണം ചെയ്യുകയും ചെയ്തു. കുട്ടികളുടെ നേതൃത്വത്തിൽ ഇതിനോടകം നിരവധി ഫ്ളാഷ്മോബുകളും ലഘുനാടകങ്ങളും തെരുവുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്കെതിരെ കുട്ടികൾ തയ്യാറാക്കിയ നൂറിലധികം ഹ്രസ്വ ചിത്രങ്ങൾ യൂട്യൂബ് ചാനൽ വഴി ലക്ഷക്കണക്കിന് ആളുകൾ വീക്ഷിച്ചു.

എസ്. പി. സി യുടെ ദൃശ്യപാഠം പദ്ധതിയിലൂടെ സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ ചാനലായ കൈറ്റ് വിക്ടേഴ്സ് വഴി നിരവധി ക്ലാസുകൾ നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ശനിയാഴ്ചകളിലും സ്കൂളുകളിലെ ഡിജിറ്റൽ ക്ലാസ്റൂമിന്റെ സഹായത്തോടെ ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നു. ■





നിരോധിത ലഹരിവസ്തുക്കൾ ഉൾപ്പടെയുള്ളവ നമ്മുടെ സംസ്ഥാനത്തും വ്യാപകമാകുന്നത് തടയേതുണ്ട്. ഇവയുടെ സ്രോതസ്സുകൾ കണ്ടെത്തി തടഞ്ഞെങ്കിൽ മാത്രമേ ലഹരിയുടെ ഉപഭോഗത്തെ കുറയ്ക്കാൻ സാധിക്കൂ


**ഗണേഷ് ജി.ആർ**
ഫോട്ടോഗ്രഫർ.



ലഹരി വസ്തുക്കൾ ഉപയോഗിക്കില്ല എന്ന് ഉറച്ച തീരുമാനം സ്വയം എടുത്താൽ, മനസിനെ പറഞ്ഞു പഠിപ്പിച്ചാൽ ഒഴിവാക്കാവുന്ന ഒരു വിപത്തായാണ് ഇതിനെ നാം കാണേണ്ടത്. മദ്യവും മയക്കു മരുന്നുമല്ല ജീവിതം നിർണയിക്കുന്നതെന്ന ബോധം സ്വയം ഉണ്ടാവണം. ലഹരിക്കടിമപ്പെട്ട ഒരാളെ മോചിപ്പിക്കുന്നതിലും എളുപ്പം എത്തിപ്പെടാതിരിക്കാനുള്ള ബോധവത്കരണം നൽകുക എന്നതാണ്

**ഗോപിക കൃഷ്ണൻ**
അഭിഭാഷക





ലഹരിയെന്ന ദുശ്ശീലം സമൂഹത്തിൽ കാട്ടുതീയേക്കാൾ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാഗർത്തങ്ങളിലേക്ക് അത് യുവാക്കളെ പതിപ്പിക്കുകയാണത്. കാലാന്തരത്തിൽ കൂട്ടുനിന്നവരോ, പഠിപ്പിച്ചവരോ ഇല്ലാതെ ലഹരിയുടെ മാത്രം സൗഹൃദത്തിൽ ഏകാന്തരായി കഴിയാൻ ഇത് വഴിയൊരുക്കും

**അൽഫിയാസ് മുഹമ്മദ്**
എം. ബി. എ വിദ്യാർഥി



ലഹരിമരുന്നിന്റെ ദൂഷ്യവശത്തെക്കുറിച്ച് ബോധ്യമില്ലാത്തവരല്ല പുതുതലമുറ. ലഹരിക്കെതിരെ പോരാടുന്നതിന് നമ്മളോരോരുത്തരും സ്വയം സജ്ജരാകുക, പ്രതിഞ്ജയെടുക്കുക. താത്ക്കാലിക സുഖത്തിന് വേണ്ടി സുന്ദരമായ ജീവിതം നശിപ്പിക്കാതിരിക്കുക

**രാഹേഷ് രവി**
ഡോക്ടർ

# കുട്ടികളെ ലക്ഷ്യമിടുന്ന

# കെണികൾ






**അപർണാ കുറുപ്പ്**
ഡെപ്യൂട്ടി ന്യൂസ് എഡിറ്റർ , ന്യൂസ് 18


അടുത്തിടെയാണ് അഞ്ചുലക്ഷത്തിന്റെ എംഡിഎംഎയുമായി യുവാവിനേയും യുവതിയേയും തൊടുപുഴയിൽ അറസ്റ്റ് ചെയ്യുന്നത്. വിദ്യാർഥികൾക്കിടയിൽ തന്നെ മയക്കുമരുന്ന് വിതരണം ചെയ്യാനെത്തിയ സംഘത്തിലെ കണ്ണികളായിരുന്നു ഇരുവരും. ആൾക്കാർക്ക് സംശയം തോന്നാതിരിക്കാനായിരുന്നു യുവാവ് 22 കാരിയേയും കാരിയറായി ഉപയോഗിച്ചത്.

മയക്കുമരുന്ന് പാക്കറ്റുകളോടെ ലോഡ്ജിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ മുതൽ പോലീസ് സ്റ്റേഷനിൽ വരെ അലറിക്കരയുന്ന ആ യുവതിയുടെ വീഡിയോ ആ ദിവസം മുഴുവൻ മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്നു.

22 വയസ് മാത്രമുള്ള ഒരു പെൺകുട്ടിയാണ് . അകപ്പെട്ടുപോയ വലിയ ചതിക്കുഴിയിൽ നിന്ന് പുറത്തുകടക്കാനാകാതെ അവസാനിക്കുന്ന ജീവിതമോർത്ത് കൂടി അലറിവിളിക്കുന്ന ആ പെൺകുട്ടിയുടെ മുഖം കണ്ടവരുടെ മനസ്സിൽ നിന്ന് അത്രയെളുപ്പം മായില്ല.

ലഹരി ഉപഭോഗം പ്രൈമറിതലം മുതലുള്ള സ്കൂൾ കുട്ടികളിൽ വരെ റിപ്പോർട്ട് ചെയ്യപ്പെടുന്നതും ആ മാഫിയക്ക് വേണ്ടി കാരിയറുകളാകുന്ന വിദ്യാർഥികളുടെ അറസ്റ്റും ഇന്ന് മാധ്യമങ്ങൾക്ക് എന്തുകൊണ്ടാണ് പുതുമയല്ലാതായിരിക്കുന്നത് എന്നത് ഒരു സ്വയം വിമർശനമാണ്.

കഴിഞ്ഞ ആറുമാസത്തെ കണക്കെടുത്താൽ മതി, കഞ്ചാവും ഹാഷിഷ് ഓയിലും എംഡിഎംഎയും എക്സൈസ് പിടിച്ചെടുത്ത വാർത്തകൾ ഒന്നിടവിട ദിവസങ്ങളിലെല്ലാം കടന്നുപോയിട്ടുണ്ട്. ഈ കേസുകളിലൊക്കെ പ്രതിയാകുന്നവരുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഞെട്ടിപ്പിക്കുന്നത് പകുതിയിലേറെയും ഇരുപതും ഇരുപത്തൊന്ന് വയസിനുമൊക്കെ താഴെയുള്ളവരാണെന്നുള്ളതാണ്. 18 വയസ്സിന് താഴെയുള്ള വിദ്യാർഥികളെ അറസ്റ്റ് ചെയ്ത വാർത്തകളും ചെറുതല്ലാത്ത രീതിയിൽ റിപ്പോർട്ടുകളിൽ വന്നുപോകുന്നു.

അറസ്റ്റ് ചെയ്യപ്പെട്ട് ലഹരിമുക്ത കേന്ദ്രങ്ങളിലേക്ക് മാറ്റുന്നവരുടെ പ്രായം കൂടി മാധ്യമങ്ങൾ കൃത്യമായി പരിശോധിച്ചാൽ അതും ഇക്കഴിഞ്ഞ വർഷങ്ങളിൽ നേരത്തെ പരാമർശിച്ച പ്രായപരിധിയിൽ പെട്ടവരൊക്കെയാണ്.

ലഹരിമുക്ത ക്യാമ്പയ്നുകളിൽ ഭരണകൂടത്തിനൊപ്പം അണിചേരുകയും ആ ദിവസങ്ങളിൽ സ്പെഷ്യൽ സ്റ്റോറികൾ കൊടുത്തവസാനിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് തീരുന്നതല്ല മാധ്യമപ്രവർത്തനത്തിന്റെ ഉത്തരവാദിത്തം.

കൂടുതൽ കർശനമായ നിയമസംവിധാനം ഏർപ്പെടുത്തതിന് പിന്തുണയേകണം മാധ്യമങ്ങൾ. ക്യാമ്പസ് പോലീസ് സംവിധാനമോ, സമാനമായ രീതിയിലോ ഒരു സംവിധാനം ക്ലസ്റ്റർ തലത്തിൽ തുടങ്ങേതുണ്ട്. അധ്യാപകരെ കൂടി ഉൾപ്പെടുത്തി സ്കൂളുകളിലും കോളേജുകളിലും വിദ്യാർഥികളെ പരിശോധിക്കാനുള്ള യൂണിറ്റുകൾ പോലും കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

മാധ്യമങ്ങളുടെ കവറേജുകൾക്കപ്പുറത്തേക്ക് ആഴത്തിൽ ലഹരിയുടെ കൈകൾ സമൂഹത്തെ ഗ്രസിച്ചിട്ടുണ്ട്. ■

**"മദ്യപാനം ആരോഗ്യത്തിന് ഹാനികരം"എന്നത് വലിയൊരു മുന്നറിയിപ്പാണ്. എന്നാൽ മദ്യപാനിയും മദ്യക്കുപ്പിയിലെ ഈ മുന്നറിയിപ്പ് വാചകവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതിനുള്ള ശ്രമങ്ങളാകണം നമ്മുടെ ബോധവത്കരണ പരിപാടികൾ**

**രാധാകൃഷ്ണൻ**
മെഡിക്കൽ റെപ്രസന്റേറ്റീവ്



**ലഹരിയുണ്ടാക്കുന്ന അരാജകത്വം വരും തലമുറയിലേക്ക് പോലും കൈമാറ്റം ചെയ്യപ്പെടുന്നു. ലഹരിയെ ചെറുക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങേണ്ടത് കുടുംബത്തിൽ നിന്നുതന്നെയാണ്**

**വിനു രാജ് ആർ**
ആശാ വർക്കർ





# ലഹരിപ്പടികൾ




**ബിപിൻ ചന്ദ്രൻ**
തിരക്കഥാകൃത്ത്

വണ്ട് ഹയർസെക്കൻഡറി ക്ലാസിലെ മലയാളം പാഠപുസ്തകത്തിൽ പഠിപ്പിക്കാനുണ്ടായിരുന്നു ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മനസ്വിനി എന്ന കവിത.

‘വേദന വേദന ലഹരി പിടിക്കും
വേദന - ഞാനിതിൽ മുഴുകട്ടേ
മുഴുകട്ടേ, മമജീവനിൽ നിന്നൊരു
മുരളീമൃദുരവമൊഴുകട്ടേ ! ’

എന്ന വരികൾ ആ കവിതയിലുള്ളതാണ്.

ഹയർസെക്കൻഡറിയിൽ പഠിപ്പിക്കുന്ന അധ്യാപക സുഹൃത്തുക്കളിൽ ചിലർ ഇപ്പോൾ പറയുന്നത് ലഹരി പിടിപ്പിക്കുന്ന വേദനയെക്കുറിച്ചല്ല. മറിച്ച് വിദ്യാർഥികളെയും അവരുടെ കുടുംബങ്ങളെയും



**രസലഹരിയിൽ നിന്ന് രാസ ലഹരിയിലേക്ക് കൂപ്പു കുത്തുന്ന ഒരു കാലത്തെ ഏത് കവിത കൊണ്ടാണ് നാം അടയാളപ്പെടുത്തുക.**

വേദനയിലാഴ്ത്തുന്ന ലഹരികളെക്കുറിച്ചാണ്.

ലഹരി എന്ന വാക്ക് കേരളത്തിൽ ഇന്നലെ കണ്ടുപിടിച്ചതൊന്നുമല്ല. സംഘകാല കൃതികൾ മുതൽ പലതരത്തിലുള്ള ലഹരികളുടെ ഉപയോഗത്തെപ്പറ്റിയുള്ള സൂചനകൾ നമുക്ക് കാണാൻ കഴിയും. അന്ന് കൊറ്റവൈ എന്ന സമര ദേവതയ്ക്ക് കൊടുത്തിരുന്ന നിവേദ്യത്തിൽ നിന്നുമുതൽ ഇന്ന് മുത്തപ്പൻ നടയിൽ കിട്ടുന്ന പ്രസാദത്തിൽ നിന്നുവരെ നമുക്ക് ലഹരിപാരമ്പര്യത്തിന്റെ പലതരം ചിത്രങ്ങൾ ലഭിക്കും.

അരനൂറ്റാണ്ട് മുൻപ് കലാലയ ജീവിതം കഴിച്ചുകൂട്ടിയവരോട് ചോദിച്ചാലും ചായക്കട മറവിലിരുന്നുള്ള ബീഡിവലിയെ ക്കുറിച്ചും കോളേജ് ഡേ ആഘോഷങ്ങൾ നടക്കുമ്പോൾ സമാന്തരമായി നടക്കുന്ന കള്ളുകുടി ബഹളങ്ങളെക്കുറിച്ചുമൊക്കെ  അറിയാൻ കഴിയും. പക്ഷേ കാലം മാറി, കളി മാറി. ലഹരിലീലാവിലാസങ്ങളുടെ സ്വഭാവവും മാറി. പവിത്രം സിനിമയിൽ സുധീഷിന്റെ കഥാപാത്രത്തെ കള്ള് പരിചയപ്പെടുത്തിക്കൊടുക്കാൻ ഷാപ്പിൽ കൊണ്ടുപോകുന്ന ഇന്നസെന്റിന്റെ കഥാപാത്രമൊക്കെ ഇക്കാലത്ത് എത്രയോ 'ഔട്ട്ഡേറ്റഡ് ' ആയിക്കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ സൈക്കഡെലിക് ലഹരികളുടെ അൾട്രാമോഡേൺ ഗുരുക്കന്മാർ അത്തരം പഴഞ്ചൻ കഥാപാത്രങ്ങളെയൊക്കെ കണ്ടാൽ പുച്ഛിച്ച് ഒരു വഴിക്കാക്കിക്കളഞ്ഞേക്കാം.

' കരളു പങ്കിടാൻ വയ്യെന്റെ പ്രേമമേ
പകുതിയും കൊണ്ടുപോയ്

ലഹരിയുടെ പക്ഷികൾ 'എന്ന അയ്യപ്പന്റെ കവിത യൊക്കെ ഒരുകാലത്ത് ക്യാമ്പസുകളിലെ ഫാഷനായിരുന്നെങ്കിൽ ഇന്ന് ക്ലീഷേ പോലുമല്ലാതായി ത്തീർന്നിരിക്കുന്നു. കരള് കളയുന്ന കള്ളൊന്നും തറവാടിലഹരികളുടെ ലിസ്റ്റിൽ പോലും പെടാതെയുമായി.

‘ജെസ്സീ നിനക്കെന്തു തോന്നി,
പെത്തഡിൻ തുന്നിയ മാന്ത്രികപ്പട്ടിൽ നാം
സ്വപ്നതീരങ്ങളിൽ ചെന്നു ചുംബിക്കവേ ‘

എന്ന കുരീപ്പുഴവരികളൊക്കെ ആഞ്ഞുചൊല്ലി നടക്കുന്ന കാലത്ത് പെത്തഡിനെന്ന വാക്ക് കവിതയിൽ മാത്രം കേട്ടിട്ടുള്ള ഒന്നായിരുന്നു. ഇന്ന് ചില റെയ്ഡുകളിൽ പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കളുടെ പേരുകൾ ലാബുകളിലെ വിശദപരിശോധനകൾ കഴിഞ്ഞിട്ട് പോലും നിയമപാലകർക്ക് പിടികിട്ടുന്നില്ലത്രേ. ഒരു പേരിൽ എന്തിരിക്കുന്നു എന്ന് ചോദിച്ചത് പഴയ പരദേശി നാടകക്കാരനാണ്. ഒരു പേരിൽ പലതുമിരിക്കുന്നു എന്നാണ് നമ്മുടെ നാട്ടിലെ ലഹരിക്കേസുകൾ കൈകാര്യം ചെയ്യുന്ന പുതിയ നിയമവിദഗ്ധർ പറയുന്നത്. ഒരു ലഹരി വസ്തുവിന്റെ പേരോ നാളോ പൊരുളോ രാസസമവാക്യങ്ങളോ ഒക്കെ പൊടിയ്ക്ക് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ കളിച്ച കളിയല്ലെന്ന് സാരം. ആനന്ദത്തിന്റെ കാര്യത്തിലായാലും അന്വേഷണത്തിന്റെ കാര്യത്തിലായാലും അനന്തരഫലങ്ങളുടെ കാര്യത്തിലായാലും ഒടുക്കത്തെ ട്വിസ്റ്റും ടേണും ഉണ്ടാക്കാനാകും ഒരു പേരിന്റെ മാറ്റത്തിന്. ഒന്നായതിനെ രണ്ടും രണ്ടായിരവുമൊക്കെയാക്കി കാണിക്കും ആ നേർത്ത നാമവ്യതിയാനങ്ങൾ. അതുകൊണ്ട് ഉണ്ടാകുന്ന ഇണ്ടൽ പലർക്കും പുറത്തു മിണ്ടാവതല്ല താനും. അവരവരുടെ ആനന്ദം കണ്ടെത്താനുള്ള അനന്തമായ വഴികൾ ഓരോരുത്തരുടെയും മുൻപിലുണ്ട്. അവയിൽ പലതും ഒടുക്കം ആൾക്കാരെ കൊണ്ടുചെന്നെത്തിക്കുന്നത് അഴലിന്റെ ആഴിത്തിരകളിലാണെന്നത് തമാശ പറഞ്ഞാൽ തീരുന്ന സംഗതിയാണെന്ന് തോന്നുന്നില്ല.

ഉതിർമണികൾ എന്ന പാഠപുസ്തകത്തിലായിരുന്നു ചങ്ങമ്പുഴയുടെ മനസ്വിനി പഠിക്കാനുണ്ടായിരുന്നത്. അതിനുശേഷം





**കുട്ടികൾ, ചെറുപ്പക്കാർ, മുതിർന്നവർ എന്നിങ്ങനെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും മയക്കുമരുന്ന് ഉപയോഗം സാർവത്രികമാകുന്നത് അപകടകരമാണ്. സന്തോഷകരമായ ജീവിതമാണ് ഏറ്റവും ആസ്വാദ്യകരമായ ലഹരി എന്ന് തിരിച്ചറിയണം**

**നീതു എസ്**
ഗവേഷക വിദ്യാർഥിനി



**ലഹരി ഉപയോഗത്തിലേക്ക് എത്തിപ്പെടാൻ പല കാരണങ്ങളുണ്ടാവാം. യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടാനായി ലഹരികളിൽ അഭയം തേടുന്നവരുണ്ട്. ഇത്തരക്കാരെ കൗൺസിലിങ്ങിലൂടെയും മറ്റുമായി ജൂവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ മാതാപിതാക്കളും ചുറ്റുമുള്ളവരും ശ്രമിക്കണം**

**ഹന്ന പർവീൺ**
മാധ്യമ വിദ്യാർഥിനി

വന്ന പ്ലസ് വൺ പാഠപുസ്തകത്തിൽ പി.പി. രാമചന്ദ്രന്റെ മാമ്പഴക്കാലം ഉണ്ടായിരുന്നു.

നാട്ടുരുചികളുടെ രസരാജി രാസരാജിയായി പരിവർത്തിക്കുന്ന ഒരു കാലത്തെ അടയാളപ്പെടുത്തുന്നതായിരുന്നു ആ കവിത. സൗന്ദര്യലഹരിയുടെയും ആനന്ദലഹരിയുടെയും അർത്ഥ വിവക്ഷകൾ മാറിക്കഴിഞ്ഞ ഒരു കാലത്താണ് നാം പുലരുന്നത്. രസലഹരിയിൽ നിന്ന് രാസ ലഹരിയിലേക്ക് കൂപ്പു കുത്തുന്ന ഒരു കാലത്തെ ഏത് കവിത കൊണ്ടാണ് നാം അടയാളപ്പെടുത്തുക.

ഇരുണ്ടകാലത്ത് പാട്ടുണ്ടാകുമോ എന്ന ചോദ്യത്തിന്, ഉവ്വ്, ഇരുണ്ട കാലത്തിന്റെ പാട്ട് എന്നായിരുന്നു ഉത്തരം. എൽ.എസ്.ഡി. എന്നും എം.ഡി.എം.എ. എന്നുമൊക്കെ നാനാനാമങ്ങളിൽ പത്തി വിടർത്തുന്ന തക്ഷകലഹരികൾക്കു കൂട്ടായി അതിനെ ഉദ്ദീപിപ്പിക്കുന്ന സംഗീതവുമുണ്ടെന്നാണ് കേൾക്കുന്നത്. കേൾക്കാത്ത ഗാനം അതിമധുരം എന്ന പഴയ പല്ലവി പറയാനാവുന്നില്ലെന്നു മാത്രം. ലഹരി ഇടപാടുകൾക്ക് വേണ്ടി മാത്രം പുതിയ പദാവലികളും പ്രയോഗ ശൈലികളും ആവിഷ്കരിച്ച 'പുതുമലയാൺമയുടെ മഹേശ്വരന്മാരെ' പൂവിട്ട് പൂജിക്കാനും തോന്നുന്നില്ല.

നിഗൂഢലഹരികളെക്കുറിച്ചും അത് വിപണനം ചെയ്യുന്ന ഗൂഢസംഘങ്ങളെക്കുറിച്ചുമൊക്കെ കേൾക്കുമ്പോൾ അടുത്ത കാലം വരെ അതൊക്കെ ഏതോ വിദൂര നഗരങ്ങളിൽ നടക്കുന്ന കാര്യങ്ങളായിട്ടാണ് ശരാശരി മലയാളി കരുതിയിരുന്നത്. തിന്ന് എല്ലിനിടയിൽ കയറിയ വലിയ പണക്കാരുടെയും സിനിമാക്കാരുടെയുമൊക്കെ തീങ്കുത്ത് എന്ന മട്ടിൽ അതിനെ ചിത്രീകരിക്കാനുള്ള പൊതുപ്രവണതയും ആൾക്കാർക്കുണ്ടായിരുന്നു. പലതരം ലഹരികൾ ഉപയോഗിക്കുന്നവർ സിനിമാരംഗത്തുണ്ടായിരിക്കാം. കുബേരന്മാർക്കിടയിലും കാണാം. പക്ഷേ മറ്റേത് രംഗത്തും പ്രവർത്തിക്കുന്നവർക്കിടയിൽ കാണുന്നത്രയും ശതമാനം തന്നെയേ അവിടെയും കാണൂ. പുതുലഹരിതരംഗത്തിന് സിനിമയെന്നോ സാഹിത്യമെന്നോ സംഗീതമെന്നോ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ പന്തുകളിക്കാരനെന്നോ ഒന്നും തരതമ ഭേദങ്ങളില്ല എന്നാണ് തോന്നുന്നത്. മൾട്ടിനാഷണൽ കമ്മോഡിറ്റികൾ മാത്രമല്ല മനുഷ്യന്റെ മനസ്സുതീനികളായ കാളകൂടങ്ങളും യഥേഷ്ടം ലഭിക്കുമെന്നതാണ് ആഗോളവൽകൃതകാലത്തിന്റെ സവിശേഷത.പണ്ട് കാളിന്ദിതീരത്തെ ബാധിച്ച കാകോളം പോലെ അവയൊക്കെ പതിയെപ്പതിയെ നാടെമ്പാടും പടർന്നുപിടിക്കുന്ന വാർത്തകളാണ് മാധ്യമങ്ങളിലൂടെ അനുദിനം കണ്ടുകൊണ്ടിരിക്കുന്നത്. മദ്യപിച്ചത് കണ്ടുപിടിക്കാൻ മീറ്ററുകളുണ്ട്. ഒറ്റ ഊത്തിൽ തെളിയും മദ്യപന്റെ പൂച്ച്. ഒരുതരത്തിലും പിടിതരാത്ത സങ്കീർണ്ണ ലഹരികളെ ഏതു മുഴക്കോൽ കൊണ്ട് അളന്നെടുക്കും എന്ന സാങ്കേതിക പ്രശ്നം കാണാതിരിക്കാനാവില്ല.

' ഈ നാടിന്റെ ഗതി എന്തായിത്തീരും' 'യുവതലമുറയുടെ പോക്ക് എങ്ങോട്ടാണ് ' എന്ന മട്ടിലുള്ള അമ്മാവൻ സിൻഡ്രോം നെഞ്ചത്തടികളല്ല എന്തായാലും ഇതിനുള്ള പരിഹാരം. പ്രശ്നത്തെ അതിന്റെ ഗൗരവത്തോടെ അഭിമുഖീകരിക്കാതെ ഒട്ടകപ്പക്ഷിനയം സ്വീകരിക്കലുമല്ല. ഭരണകൂടത്തിന്റെയും പൗരസമൂഹത്തിന്റെയും കൈകോർത്തുപിടിച്ചുള്ള പ്രവർത്തനങ്ങൾ കൊണ്ടേ പോംവഴികൾ തെളിയൂ. അതുണ്ടാകുമെന്ന് തന്നെ നമുക്ക് പ്രതീക്ഷിക്കാം. കാരണം, ഇതല്ല ഇതിനപ്പുറത്തുള്ള പടിക്കെട്ടുകളും ചാടിക്കടക്കാൻ കെല്പുള്ള കെ.കെ. ജോസഫുമാരല്ലേ മലയാളികൾ.

നമ്മുടെ ജീവിതങ്ങളിൽ നിന്ന് മുരളീമൃദുരവങ്ങൾ മൊത്തത്തിലങ്ങ് മാഞ്ഞുപോവുകയൊന്നുമില്ലെന്നേ.. ■



**നൈമിഷികമായ സുഖങ്ങൾക്ക് വേണ്ടി പുതുതലമുറ ലഹരിക്ക് അടിമപ്പെട്ടുകൊണ്ടിപിക്കുകയാണ്. 'വൈബ്' എന്നാൽ ലഹരി എന്ന കാഴ്ചപ്പാടിലേക്ക് പുതിയതലമുറയിലെ ഒരു വിഭാഗം മാറുന്നത്, ദിശാബോധമില്ലാത്ത, അരക്ഷിതാവസ്ഥയിലൂന്നിയ ഒരു സാമൂഹത്തെ സൃഷ്ടിക്കുന്നതിനിടയാക്കും**


**അഡ്വ. എസ് ജിതിൻ**



**അധ്വാനത്തിന്റെ ആഹ്ലാദം പുറപ്പെടുവിക്കുന്ന രാസപദാർത്ഥങ്ങളെ കൃത്രിമമായി തലച്ചോറിൽ നിർമ്മിച്ചെടുക്കുകയണ് ലഹരികൾ. അതുവഴി അധ്വാനത്തിന്റെ, അതിലൂടെ ഉണ്ടാകുന്ന ക്രിയാത്മക ജീവിതത്തിന്റെ സൗന്ദര്യത്തെ നശിപ്പിക്കുകയാണ് ലഹരികൾ ചെയ്യുന്നത്**

**ഗ്രീഷ്മ**
അധ്യാപിക

# ലഹരിവർജനം
## ഗാന്ധിജിയെന്ന ദീപ്തനക്ഷത്രം






## ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ

ഫാക്കൽറ്റി, ഗാന്ധിമാർഗ പഠന വിഭാഗം, മഹാത്മാഗാന്ധി സർവകലാശാല


ഭാരതജനതയൊന്നാകെ സ്വാതന്ത്ര്യലബ്ധിക്കുള്ള അദമ്യമായ അഭിവാഞ്ഛ നിറഞ്ഞിരുന്ന ഘട്ടത്തിൽ പൂർണസ്വരാജ് എന്ന ലക്ഷ്യം നിറവേറ്റുവാൻ മഹാത്മാഗാന്ധി മുന്നോട്ട് വെച്ച രണ്ട് തത്വങ്ങളാണ് സത്യഗ്രഹവും നിർമാണ പ്രവർത്തനങ്ങളും. സത്യത്തിന്റെയും അഹിംസയുടെയും മാർഗത്തിലൂടെ പൂർണസ്വരാജ് നേടിയെടുക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ ഉപാധിയായാണ് ഗാന്ധി നിർമാണ പ്രവർത്തനങ്ങളെ വിവക്ഷിച്ചത്. ഇതിൽ അത്യന്തം പ്രാധാന്യമേറിയ ഒരു വ്രതമായി വേണം ലഹരിവർജനത്തെ കണക്കാക്കേണ്ടത്.

പൂർണസ്വരാജിലേക്കുള്ള പ്രയാണത്തിൽ 1920 മുതൽക്കേ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രധാന അജണ്ട തന്നെയായിരുന്നു ലഹരിനിർമാർജനം. ഇത് സാമൂഹികവും ധാർമികവുമായ വികസനത്തിന്റെ അനിവാര്യ ചേരുവ തന്നെയാണെന്നതിൽ സംശയമില്ല. ഒപ്പം തന്നെ ലക്ഷ്യപൂർത്തീകരണത്തിനായുള്ള പ്രയാണത്തിൽ തിരഞ്ഞെടുക്കേണ്ട മാർഗം സത്യത്തിന്റേയും അഹിംസയുടേയുമായിരിക്കണമെന്ന് നിസ്സംശയം ഗാന്ധിജി വ്യക്തമാക്കിയിട്ടുമുണ്ട്.

മദ്യമുൾപ്പെടെയുള്ള ലഹരി പദാർഥങ്ങളുടെ ഉപഭോഗം, അതിന്റെ അനസ്യൂതമായ ലഭ്യത തുടങ്ങിയവയിലൂടെ നാം വരും തലമുറയോടു ചെയ്യുന്ന ക്രൂരത എത്ര മാത്രം ഭയാനകമാണെന്ന് നാം ഇനിയുംവേണ്ടത്ര ചിന്തിച്ചു തുടങ്ങിയിട്ടുണ്ടോ? മനുഷ്യരാശിയെ മുച്ചൂടും മുടിക്കുന്ന ആസക്തിരോഗത്തിന്റെ വേരുകൾ സഞ്ചരിച്ച് എത്തി നിൽക്കുന്നതെവിടെയാണെന്ന ചിന്ത ഇവിടെയാണ് പ്രസക്തമാകുന്നത്. ഇന്നത്തെ മുഖ്യധാര മാധ്യമങ്ങൾക്ക്, മറ്റ് നൂതന സാമൂഹിക മാധ്യമങ്ങൾക്കൊക്കെ ശൈശവം കടക്കും മുൻപേ ലഹരിയിൽ, ആസക്തിയിൽ കുടുങ്ങിയ പുതു തലമുറയുടെ വാർത്തകൾ വലിയ സെൻസേഷനുകളല്ല. അത്രമേൽ അവ സാധാരണ കാര്യമായി തീർന്നിരിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ആസക്തി രോഗത്തിലെ ചികിത്സയുടെ വിജയ സാധ്യത ഇന്നും രണ്ട് മുതൽ മൂന്ന് ശതമാനം മാത്രമാണ്. എന്നിട്ടും ലഹരിപദാർത്ഥങ്ങളുടെ ലഭ്യത ശതമാനവേലിക്കെട്ടുകൾ പൊട്ടിച്ചു കുതിക്കുവാൻ വെമ്പിക്കൊണ്ടേയിരിക്കുന്നു. ഒരു തലമുറയുടെ സർഗശേഷിയേയും ചിന്താ ശക്തിയേയും നിർദ്ദയം ചവിട്ടിയരച്ച് ആസക്തി രോഗമെന്ന ഭീകര സത്വം നമുക്കുചുറ്റും പാറി നടക്കുമ്പോൾ ' കരളു പങ്കിടാൻ വയ്യെന്റെ പ്രണയമേ , പകുതിയും കൊണ്ടു പോയ് ലഹരിയുടെ പക്ഷികൾ' എന്ന ആത്മനിന്ദയുടെ വരികൾ മാത്രമാണോ നമുക്ക് ബാക്കിയാവുന്നത്?

> **സ്വയം ലഹരിവർജനം ഒരു വ്രതമായി തിരഞ്ഞെടുക്കുമ്പോൾ, ഏതു സാഹചര്യത്തിലും അത് ഭംഗമില്ലാതെ തുടരുമ്പോൾ നാം മനുഷ്യനായിത്തീരുന്നു**

വ്യവസ്ഥിതിയുടെ മാറ്റങ്ങൾക്കായി കാത്തുനിൽക്കുന്ന, പൊതുസമൂഹമെന്ന വലിയ ഒഴുക്കിൽ നിന്ന് ഒരു നിമിഷം മാറി നിന്നൊന്ന് ചിന്തിക്കുക. സ്വയം നവീകരിക്കുക എന്ന ചെറിയ ചെയ്തിയിൽ നിന്ന് നമുക്ക് തുടങ്ങാം. നമുക്ക് മാറുവാൻ കഴിഞ്ഞാൽ, നാം വെളിച്ചമായിത്തീരും, കടലിന്റെ ഇരവിനെപ്പോലും വെല്ലാൻ പാകമുള്ള വെളിച്ചം. ഗാന്ധിജിയുടെ ഭാഷയിൽ പറഞ്ഞാൽ ഒരു സത്യഗ്രഹിയായിത്തീരുക. അവനവൻ കടമ്പകളെ തകർത്തെറിയാൻ പ്രാപ്തിയുള്ള സത്യഗ്രഹി. സ്വയം ലഹരി വർജനം ഒരു വ്രതമായി തിരഞ്ഞെടുക്കുമ്പോൾ, അനുകൂല പ്രതികൂല സാഹചര്യങ്ങളിലും അത് ഭംഗമില്ലാതെ തുടരുമ്പോൾ നാം മനുഷ്യനായിത്തീരുന്നു. വിശേഷ ബുദ്ധിയുള്ള, വിവേചന ശേഷിയുള്ള മനുഷ്യൻ!

ഗാന്ധിജിയുടെ ലഹരിവർജന സന്ദേശങ്ങൾ, ചിന്തകൾ തുടങ്ങിയവയ്ക്ക് യാതൊരു മൂല്യവും കല്പിക്കാതിരിക്കുമ്പോൾ, സാമൂഹിക അപചയങ്ങളുടെ യഥാർത്ഥ കാരണങ്ങൾക്ക് അധികം അന്വേഷണം ആവശ്യമില്ല. ഗാന്ധിജിയുടെ ലഹരിവർജന ചിന്തകൾ ലഹരിനിർമാർജനത്തിനായുള്ള ഇടപെടലുകൾക്ക് മാർഗദീപമാകട്ടെയെന്ന് പ്രത്യാശിക്കാം. ■

---

**കുട്ടികളിലെ സർഗാത്മകതയെ പ്രോത്സാഹിപ്പിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളും മാതാപിതാക്കളും കുട്ടികളെ ലഹരി ഉപയോഗത്തിലേക്ക് തള്ളിവിടുന്നതിന് കാരണമായേക്കാം. മാതാപിതാക്കൾ കുട്ടികൾക്ക് എന്നും തുറന്ന് സംസാരിക്കുവാൻ സ്വാതന്ത്ര്യം ഉള്ളവരും അവരുടെ കലാപരമായ കഴിവുകൾപ്രോത്സാഹിപ്പിക്കുന്നവരും ആയിരിക്കണം**



**നവീൻ**
നിയമ അധ്യാപകൻ

---

**ഒരു തലമുറയെ വിഴുങ്ങാൻ തയ്യാറായി നിൽക്കുന്ന ലഹരിക്കുള്ളിലെ ലഹരിക്ക് തടയിടാൻ ഇന്നാട്ടിലെ യുവജന സംഘടനകൾ മുന്നോട്ട് വരേണ്ടതുണ്ട്. ഒരു വ്യക്തിയുടെ മാനസിക പ്രശ്നം എന്നതിനപ്പുറം ലഹരിയുടെ ഉപയോഗം സാമൂഹിക രാഷ്ട്രീയ പ്രശ്നമായി തന്നെ കാണേണ്ടതുണ്ട്**

**അശ്വതി രാജ്.**
മാധ്യമ പ്രവർത്തക



# ലഹരിയുടെ ആഗോളസാമ്രാജ്യം

**അതിർത്തികളില്ലാത്ത, നിയമങ്ങളെഴുതാത്ത, ലാഭവും ഉന്മാദവും ഇഴപിരിഞ്ഞുകിടക്കു ലോകമാണ് ആഗോള ലഹരിമാഫിയയുടേത്**



**അരവിന്ദ് ഗോപിനാഥ്**
മാധ്യമപ്രവർത്തകൻ

കോവിഡ് വ്യാപനത്തിന്റെ ആദ്യ വർഷം മയക്കുമരുന്നുകളുടെ ദുരുപയോഗം കൊണ്ട് യുഎസിൽ മരണമടഞ്ഞവരുടെ എണ്ണം ഒരു ലക്ഷത്തിലധികമാണ്. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും വലിയ മരണസംഖ്യയായിരുന്നു അത്. കോവിഡ് മരണങ്ങളുടെ പെരുപ്പത്തിൽ ഇത് ശ്രദ്ധിക്കപ്പെടാതെ പോയെന്ന് മാത്രം. യുഎസ് ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ റിപ്പോർട്ട് അനുസരിച്ച് 12 മാസത്തിനുള്ളിൽ മയക്കുമരുന്ന് ഓവർഡോസ് കുത്തിവച്ചുള്ള മരണം 28.5% ഉയർന്നെന്നാണ് കണക്ക്. മാനസികപിരിമുറുക്കം കൂടിയതും മയക്കുമരുന്നുകളുടെ ലഭ്യത ഉയർന്നതുമാണ് മരണനിരക്ക് വർധിക്കാൻ കാരണമെന്ന് കരുതപ്പെടുന്നു. ലോകത്തെ ഏറ്റവും വലിയ മയക്കുമരുന്ന് വിപണിയും യുഎസാണ്. മെക് സിക്കോയിൽ നിന്നും കൊളംബിയയിൽ നിന്നുമൊക്കെ പല മാർഗങ്ങളിലൂടെ കഞ്ചാവും ഹാഷിഷും കെമിക്കലുകളുമെത്തുന്നു.

മെക്സിക്കോയിൽ നിന്ന് അമേരിക്കയിലേക്ക് കൊക്കെയ്നും മരിജുവാനയുമൊക്കെ കടത്താൻ വേണ്ടി ഡ്രഗ് കാർട്ടലുകൾ നിർമിച്ച ഭൂഗർഭ ടണലിനെക്കുറിച്ചുള്ള വാർത്ത രാജ്യാന്തര മാധ്യമങ്ങളുടെ കൗതുക നിർമിതികളുടെ പട്ടികയിലാണ്. രണ്ട് രാജ്യങ്ങളിലായി ആറ് ഫുട്ബോൾ മൈതാനങ്ങളുടെ നീളമാണ് ആ ഭൂഗർഭ ടണലിന്. മണ്ണിടിയാതിരിക്കാൻ തുരങ്കത്തിന്റെ വശങ്ങൾ കെട്ടിയുറപ്പിച്ചിരിക്കുന്നു. വൈദ്യുതിയും വായുസഞ്ചാരവും ഉറപ്പാക്കിയിട്ടുമുണ്ട്. ഇത്തരത്തിലുള്ള നൂറുകണക്കിന് ടണലുകൾ അമേരിക്കയുടെയും മെക്സിക്കോയുടെയും അതിർത്തികളിലുണ്ടത്രെ.


പല മാർഗങ്ങളിലൂടെ കരയും കടലും ആകാശവും വഴി യഥേഷ്ടം മയക്കുമരുന്നുകൾ ഒഴുകുന്നു. ലോകത്തിന്റെ തന്നെ ലഹരിയുടെ ഒഴുക്ക് നിയന്ത്രിക്കുന്ന മെക്സിക്കോയിലെ ഡ്രഗ് കാർട്ടലുകൾക്ക് സ്വന്തമായി വിമാനത്താവളങ്ങളും വിമാനങ്ങളും വരെയുണ്ട്. കഴിഞ്ഞമാസം ടൺ കണക്കിന് കൊക്കെയ്ൻ നിറച്ച ആളില്ലാത്ത അന്തർവാഹിനികളാണ് സ്പാനിഷ് പൊലീസ് കണ്ടെത്തിയത്. ജിബ്രാൾട്ടർ കടലിടുക്ക് താണ്ടി വന്നതാണ് ഈ അന്തർവാഹിനികൾ. ഡ്രോണുകൾ, ആളില്ലാവിമാനങ്ങൾ, ബോട്ടുകൾ അങ്ങനെ ആകാശവും കരയും കടലും ഈ കാർട്ടലുകൾ കീഴടക്കിക്കഴിഞ്ഞു. മറ്റൊരു ലോകമാണ് അത്. അതിർത്തികളില്ലാത്ത, നിയമങ്ങളെഴുതാത്ത, ലാഭവും ഉ□ാദവും ഇഴപിരിഞ്ഞുകിടക്കുന്ന ലോകം. ചിന്തിക്കാവുന്നതിലപ്പുറമാണ് ലോകംമുഴുവൻ വ്യാപിച്ച് കിടക്കുന്ന ഇവരുടെ ശൃംഖല.

## യു.എൻ പറയുന്നത്

ഐക്യരാഷ്ട്രസഭയുടെ 2022ലെ വേൾഡ് ഡ്രഗ് റിപ്പോർട്ട് അനുസരിച്ച് 27.5 കോടി പേർ ലഹരിമരുന്ന് ഉപയോഗിക്കുന്നു. 36 കോടി ആളുകളാണ് ലഹരിമരുന്ന് ഉപയോഗം കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നത്. കഴിഞ്ഞ 24 വർഷങ്ങൾക്കുള്ളിൽ കഞ്ചാവ് ഉപഭോഗം നാലു മടങ്ങ് വർധിച്ചു. കൊവിഡ് നിയന്ത്രണങ്ങൾ ശക്തമായിട്ടും മിക്ക രാജ്യങ്ങളിലും കഞ്ചാവിന്റെ ഉപ യോഗം വർധിച്ചെന്നും ഈ റിപ്പോർട്ടിൽ പ റയുന്നുണ്ട്. 77 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയ വെളിപ്പെടുത്തലുകളാണ് ഇതൊക്കെ. ഏറ്റവും പുതിയ വിവരമനുസരിച്ച് ലോകജനസംഖ്യയുടെ അഞ്ചര ശതമാനം വരുന്നവർ ഒരിക്കലെങ്കിലും ലഹരി ഉപയോഗിച്ചിട്ടുണ്ട്. കുത്തിവയ്പ്പിലൂടെ ഡ്രഗ് ഉപയോഗിക്കുന്ന 1.1 കോടി പേരിൽ പകുതിയോളം പേരും ഹെപ്പറ്റൈറ്റിസ് സി ബാധിതരാണ്. മെഡിക്കൽ ഉപയോഗത്തിനുള്ള മെത്തഡോൺ ബൂപ്രിനോർഫിനുമൊക്കെ രണ്ടു ദശാബ്ദത്തിനുള്ളിൽ സർവവ്യാപിയായെന്നും റിപ്പോർട്ടിൽ പറയുന്നു.

ഒരു ദശാബ്ദം മുൻപ് മാത്രം വ്യാപിച്ച ഡാർക്ക് വെബ്ബിലെ വിപണിയിലൂടെ 31500 കോടി

ലിംഗഭേദമില്ലാതെ വളർന്നു വരുന്ന പുതുതലമുറയുടെ ആരോഗ്യപരമായ കെട്ടുറപ്പിനെ ബാധിക്കുന്ന തരത്തിൽ ലഹരി മനുഷ്യനെ കീഴ്പ്പെടുത്തുകയാണ്. ഇതിനെതിരെ മാതാപിതാക്കളും ഭരണകൂടവും സമൂഹവും ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു



**ചിത്ര കടമ്പത്ത്**
ജേണലിസം വിദ്യാർഥിനി

യുവത്വത്തെ കൂടുതൽ സർഗ്ഗാത്മകതയിലേക്ക് വഴി തിരിച്ചു വിടുകയാണ് വേണ്ടത്. വേരുകളിലേക്ക് ആഴ്ന്നിറങ്ങിയുള്ള അന്വേഷണം ശക്തിപ്പെടുത്തി നിലവിലെ ശിക്ഷ നടപടികൾ പുനർ വിചിന്തനത്തിന് വിധേയമാക്കുന്നതും ലഹരി ഉപഭോഗത്തെ തടയുന്നതിന് സഹായകരമാകും



**ശ്യാമേഷ് ആർ**
അധ്യാപകൻ

ഡോളറിന്റെ കച്ചവടമാണ് ഒരു വർഷം നടക്കുന്നത്. ഇത് ലോകത്തെമ്പാടും നടക്കുന്ന ലഹരി കച്ചവടത്തിന്റെ ചെറിയൊരു ശതമാനം മാത്രം. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഡാർക്ക് വെബ്ബിലൂടെയുള്ള വിൽപ്പനയുടെ തോത് നാലു മടങ്ങ് വരെ വർധിച്ചെന്നാണ് കണക്ക്. നൂതന സാങ്കേതികവിദ്യയുടെ വ്യാപനവും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതും ലഹരിവ്യാപാരം ഒരു ആഗോളവിപ ണിയാകുന്നതിലേക്ക് നയിക്കുകയും ചെയ്തു. മയക്കുമരുന്ന് ഉപയോഗരീതികളിൽ ഇത് മാറ്റം വരുത്തിയെന്നും പൊതുനാരോഗ്യ പ്ര ത്യാഘാതമുണ്ടാക്കിയെന്നും യുഎൻ റിപ്പോർട്ടിൽ പ റയുന്നുണ്ട്. യൂറോപ്പിലേക്കുള്ള കൊക്കെയ്ൻ വിതരണ ശൃംഖലകൾ വിപുലീകരിക്കപ്പെടുകയും അത് വഴി വില കുറയുകയും ചെയ്തു. സ്വാഭാവികമായും ഉപയോഗിക്കുന്നവരുടെ എണ്ണവും കൂടി.

## ലഹരിവ്യാപനത്തിന്റെ ഭൂപടം

മയക്കുമരുന്നിൽ തന്നെ കാർഷിക ഉൽപ്പന്നങ്ങളും കെമിക്കലുകളുമുണ്ട്. കെമിക്കലുകൾ ലഭിക്കാൻ വലിയ പ്രയാസമില്ല. അതേസമയം കൃഷി ചെയ്യുന്ന മയക്കുമരുന്നുകൾ രണ്ട് രാജ്യങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. ലോകത്തെ മൂന്നിൽരണ്ട് ഹെറോയിനും നിർമിക്കുന്നത് അഫ്ഗാനിസ്ഥാനിലാണ്. ബാക്കി മ്യാൻമറിലും. അഞ്ചിൽ നാലു കൊക്കോയും വരുന്നത് കൊളംബിയയിൽ നിന്നാണ്. ദരിദ്രരാജ്യങ്ങളിൽ ഉപ യോഗിക്കുന്ന കഞ്ചാവാകട്ടെ മെക്സിക്കോയിൽ നിന്നുമാണ് എത്തുന്നത്. കഞ്ചാവ് കൃഷി കണ്ടെത്താനും നശിപ്പിക്കാനും എളുപ്പമാണ്. എന്നാൽ, കെമിക്കലുകളുടെ കാര്യത്തിൽ അതല്ല സ്ഥിതി.

ഉന്മാദമുണ്ടാക്കുന്ന മരുന്നുകൾ പലതും നിർമിക്കുന്നത് നെതർലാൻഡിലാണ്. പോളണ്ടിലും കിഴക്കൻ യൂറോപ്പിലും മയക്കുമരുന്ന് നിർമാണ ഫാക്ടറികൾ പ്രവർത്തിക്കുന്നു. മെക്സിക്കൻ അമേരിക്കൻ അതിർത്തിയിലെ ചെറുഫാക്ടറികളിലാണ് മെറ്റാംഫെറ്റമൈൻ നിർമിക്കുന്നത്. എന്നാൽ ദരിദ്രരാജ്യങ്ങളിൽ നിന്ന് വികസിതരാജ്യങ്ങളിലേക്കെത്തുന്ന ചരക്കിന് അനുസരിച്ചുള്ള മൂല്യം താഴെത്തട്ടിലുള്ള കർഷകർക്ക് കിട്ടുന്നില്ല. ഉദാഹരണത്തിന് പാകിസ്ഥാനിൽ 3000 രൂപയാണ് കിലോയ്ക്ക് മൊത്തവിലയെന്ന് സങ്കൽപ്പിക്കുക. കർഷകർക്ക് കിട്ടുന്നത് കിലോയ്ക്ക് 90 ഡോളർ. അമേരിക്കയിലത് വിറ്റഴിയുന്നത് 80000 ഡോളറിന്. 40% ശുദ്ധമെങ്കിൽ അതിന്റെ വില അഞ്ചോ ആറോ മടങ്ങ് വർധിക്കും. യൂറോപ്പിലെത്തിയാൽ ഇതിന് വില പത്തിരട്ടിയിലധികമാകും. ഡ്രഗ് കാർട്ടലുകളുടെ തലവൻമാർ ലോകകോടീശ്വരൻമാരുടെ പട്ടികയിലുൾപ്പെടുന്നത് സ്വാഭാവികം. മെക് സിക്കോയിലെ മയക്കുമരുന്ന് വ്യാപാരത്തിന്റെ 60 ശതമാനം വരെ കൈകാര്യം ചെയ്യുന്നത് എൽ ചാപ്പോ എന്നറിയപ്പെടുന്ന ഗുസ്മാന്റെ സിനവലോ കാർട്ടലാണ്. ഫോബ്സിന്റെ ധനികരുടെ പട്ടികയിൽ ഒരുകാലത്ത് ഗുസ്മാനുമുണ്ടായിരുന്നു.

യുഎൻഒഡിസിയുടെ കണക്കുകൂട്ടൽ അനുസരിച്ച് 2050ൽ മയക്കുമരുന്ന് ഉപ യോഗിക്കുന്നവരുടെ എണ്ണത്തിൽ 25 ശതമാനം വർധനയുണ്ടാകുമെന്നാണ്. ഇവരിൽ ഭൂരിഭാഗവും വികസ്വര രാജ്യങ്ങളിലെ ജനങ്ങളായിരിക്കും. സാംസ്കാരികവും സദാചാരവുമായ പ്രതിബ ന്ധങ്ങൾ ഇല്ലാതായതോടെ സ്ത്രീകൾക്കിടയിലും ലഹരി ഉപയോഗം കൂടിയെന്നും അക്കാര്യത്തിൽ ലിംഗസമത്വമുണ്ടാകുമെന്നും ഐക്യരാഷ്ട്രസംഘടന യുടെ 2012ലെ റിപ്പോർട്ട് പറഞ്ഞിരുന്നു. ലണ്ടൻ യൂണിവേഴ്സിറ്റി കോളേജ് നടത്തിയ പഠനത്തിൽ 17 വയസുകാരിൽ പത്തിലൊരാളെങ്കിലും ഏതെങ്കിലുമൊരു ലഹരിക്ക് അടിമയാണ്. ■


അവലംബം
യുഎൻ ഡ്രഗ് റിപ്പോർട്ട് 2022
ദ് ന്യൂ ഡ്രഗ് വാരിയർ–ഇക്കണോമിസ്റ്റ്

# രജതജൂബിലി നിറവിൽ നിഷ്




**അമിയ മീത്തൽ**
അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ,
ഐഎപിആർഡി

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന നിഷിന് 25 ന്റെ ചെറുപ്പം. 1997 ൽ സ്ഥാപിതമായ നിഷ് ഭിന്നശേഷി വിഭാഗക്കാരുടെ വൈകല്യങ്ങൾ തിരിച്ചറിയൽ മുതൽ ഭിന്നശേഷിക്കാരുടെ പുനരധിവാസം, കോഴ്സുകൾ രൂപീകരിക്കൽ, വിദ്യാഭ്യാസം പ്രദാനം ചെയ്യൽ വരെയുള്ള സമഗ്രമായ കാര്യങ്ങൾ ചെയ്ത് അനേകമായിരങ്ങൾക്ക് അത്താണിയാകുന്ന സ്ഥാപനമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും നിരവധി പേരാണ് ആധുനികവും ശാസ്ത്രീയവുമായ ചികിത്സാ മാർഗങ്ങൾ തേടി തിരുവനന്തപുരം ആക്കുളത്തെ നിഷിൽ എത്തുന്നത്. ഒരു മാസം ശരാശരി 1,000 പേർ ഇപ്പൊൾ നിഷിലെ ഒ.പി സേവനം തേടുന്നു. തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നുള്ളവരും ധാരാളമായി എത്തുന്നു.

രജത ജൂബിലി വർഷത്തിൽ ന്യൂറോ ഇമേജിങ്ങ് സെന്റർ, എല്ലാ ജില്ലകളിലും നിഷിന്റെ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ എന്നിവ ആരംഭിക്കും. ജില്ലാ സെന്ററുകളിൽ ഓട്ടിസവുമായി ബന്ധപ്പെട്ടത് എറണാകുളത്തും കേൾവി പ്രശ്നവുമായി ബന്ധപ്പെട്ടത് കോഴിക്കോടുമായിരിക്കും വരിക.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച ഭിന്നശേഷി വിഭാഗത്തിലും നല്ല മാറ്റങ്ങൾ കൊണ്ട് വരാൻ കാരണമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ കോർത്തിണക്കി നിഷിൽ രണ്ട് കോടി രൂപ ചെലവിൽ സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസ് സജ്ജീകരിച്ചു കഴിഞ്ഞു. ഭിന്നശേഷിക്കാർക്ക് തദ്ദേശജന്യമായതും വിവിധ തരം സൗകര്യങ്ങളോട് കൂടിയതുമായ ഒരു ആവാസവ്യവസ്ഥ വികസിപ്പിച്ചുകൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെയാണ് എൻ.സി.ആർ.സി.എസ് തുടങ്ങിയിരിക്കുന്നത്. ഭിന്നശേഷിയുള്ളവരേയും അവരുടെ പരിമിതികളേയും കുറിച്ചുള്ള പഠനങ്ങൾക്ക് പുതുഭാവം നൽകുക എന്നതാണ് ലക്ഷ്യം. ഉദാഹരണത്തിന് കേരളത്തിൽ ഏകദേശം പത്ത് ശതമാനം പേർക്ക് ആശയവിനിമയ സംബന്ധമായ പ്രശ്നങ്ങളുണ്ട്. ഇവരുടെ രോഗനിർണയത്തിനും പുനരധിവാസത്തിനും തുടർന്നുള്ള മാറ്റങ്ങൾ അളക്കുന്നതിനും വൈദഗ്ധ്യവും നൂതന സാങ്കേതിക




മാർഗ്ഗങ്ങളും ലഭ്യമാകേണ്ടതുണ്ട്. ഈ ദിശാബോധത്തിലൂടെയുള്ള പഠനങ്ങളും കണ്ടെത്തലുകളും ലഭ്യമാക്കി ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാനാകുമെന്ന താണ്

## കോഴ്സുകൾ

ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്കായി മൂന്ന് മാസത്തെ ഓൺലൈൻ കോഴ്സ്, എഞ്ചിനീയർമാർ, ഡിസൈനർമാർ, കൗൺസലർമാർ, റിഹാബ് പ്രൊഫഷനലുകൾ എന്നിവരെ ഉദ്ദേശിച്ചുള്ള മൂന്ന് മാസത്തെ അസിസ്റ്റീവ് ടെക്നോളജി ഫോർ പ്രൊഫഷനൽസ് എന്ന സർട്ടിഫിക്കറ്റ് കോഴ്സും പുതുതായി ആരംഭിച്ചതാണ്. പ്രൊഫഷനലുകൾക്കായുള്ള കോഴ്സിൽ പെറു, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കുന്നുണ്ട്.

'ഭിന്നശേഷിക്കാർക്കുള്ള വിവിധ ഉപകരണങ്ങൾ അവരുടെ ആവശ്യത്തിനനുസരിച്ച് ഡിസൈൻ ചെയ്ത് തയ്യാറാക്കേണ്ടതുണ്ട്. ഒരാളുടെ ആവശ്യമായിരിക്കില്ല മറ്റേയാളിന്റേത്. അതിനാൽ ഭിന്നശേഷിയുള്ള ആളും എഞ്ചിനീയറും ഡിസൈനറും കൗൺസിലറും ഒരുമിച്ചിരുന്ന് ആവശ്യം തിരിച്ചറിഞ്ഞ് ഉപകരണം ഡിസൈൻ ചെയ്യേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ നിഷിൽ നടത്തി വരുന്നു,' നിഷിന്റെ പ്രിൻസിപ്പൽ ഡോ. സുജ കെ കുന്നത്ത് പറഞ്ഞു.

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും അവബോധ പരിപാടികൾക്കുമായി കേരളത്തിലെ ആദ്യ ഓഡിയോ വിഷ്വൽ സ്റ്റുഡിയോ, ഏതൊരു ഭിന്നശേഷി വ്യക്തിക്കും പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമാണം, ശ്രവണപരിമിതർക്കായി മലയാളത്തിൽ ആദ്യത്തെ ഏകീകൃത ആംഗ്യഭാഷാ ലിപി, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക ക്ഷേമത്തിനായി STEPP പദ്ധതി, ഭിന്നശേഷിക്കാരിൽ സംരംഭകത്വം വളർത്താനുള്ള I-YwD പദ്ധതി, പൊതുജനങ്ങൾക്കായി ഇന്ത്യൻ സൈൻ ലാംഗ്വേജ് കോഴ്സ്, സംസ്ഥാനത്ത് ആദ്യമായി ഒക്കുപേഷനൽ തെറാപ്പിയിൽ ബിരുദ കോഴ്സ്, ഭിന്നശേഷി കുട്ടികൾക്കായി ആധുനിക രീതിയിലുള്ള പീഡിയാട്രിക് ജിം, 1.49 കോടി ചെലവിൽ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ബാരിയർ ഫ്രീ ക്യാമ്പസ് എന്നിവ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നിഷിന്റെ മുൻകൈയ്യിൽ ഉണ്ടായ പ്രധാന നേട്ടങ്ങളിൽ ചിലതാണ്.

നിഷിലെ ഭിന്നശേഷി സൗഹൃദ ലൈബ്രറി രണ്ട് ലക്ഷം ഇ-പുസ്തങ്ങളുടേയും 6000 ഇ-ജേർണലുകളുടേയും ബൃഹദ് വായനാശാലയാണ്. ■





# പഞ്ചാരക്കൊല്ലിയുടെ ചാരുതകൾ





**രമേഷ്കുമാർ വെള്ളമുണ്ട**

ആദിവാസികളെ അടിമവേലയിൽ നിന്നും മോചിപ്പിക്കാൻ സർക്കാർ തുടങ്ങിയ ഒരു ചായത്തോട്ടം. അങ്ങനെ മാത്രമായിരുന്നു വയനാട്ടിലെ മാനന്തവാടിക്കടുത്ത പഞ്ചാരക്കൊല്ലി എന്ന ഉൾഗ്രാമത്തിലെ പ്രിയദർശിനി എസ്റ്റേറ്റിന്റെ കാലങ്ങളായുള്ള വിലാസം. ആരാലും ശ്രദ്ധിക്കപ്പെടാതെ എത്രയോ പതിറ്റാണ്ടുകൾ പിന്നിട്ടുപോയ ഈ തേയിലക്കുന്നുകൾക്കിടയിൽ ഇപ്പോൾ പ്രതീക്ഷയുടെ പുതുനാമ്പുകളാണ് തളിർക്കുന്നത്. പ്രിയദർശിനി ടി എൻവിറോൺസ് എന്ന പേരിൽ ഈ തോട്ടവും അതിന്റെ പരിസരങ്ങളെയും ഉൾപ്പെടുത്തി രൂപപ്പെടുത്തിയ ടൂറിസം പാക്കേജുകളാണ് സഞ്ചാരികളെ ആകർഷിക്കുന്നത്. ഒരു കാലത്ത് തേയില ഉൽപ്പാദനത്തിൽ നിന്നും മാത്രം വരുമാനം കാത്തിരുന്ന ഈ സംരംഭത്തിനും ഇന്ന് പുതിയ ഉണർവാണ്. രാജ്യാന്തര സൈക്ലിങ്ങ് മത്സരങ്ങൾക്ക് വേദിയാകുകയെന്നതും പ്രിയദർശിനി എൻവിറോൺസിന്റെ അഭിമാന നിമിഷമാണ്.

## വെൽക്കം ടു ടീ ടൂർ

ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന പച്ചപ്പട്ട് പുതച്ച കുന്നുകളും താഴ് വാരങ്ങളും വരച്ചിടുന്ന കാഴ്ചകൾക്കിടയിൽ സുന്ദരമാണ് പഞ്ചാരക്കൊല്ലി. വയനാടിന്റെ തനി ഗ്രാമീണതയിൽ അലിഞ്ഞു ചേരാൻ അഭ്യന്തര വിനോദ സഞ്ചാരികൾക്ക് പുറമെ വിദേശ വിനോദ സഞ്ചാരികൾക്കും ഇഷ്ടം കൂടുന്നു. നഗരത്തിരക്കുകളിൽ നിന്നും എല്ലാത്തിനും അവധി പറഞ്ഞെത്തുന്ന സഞ്ചാരികൾക്ക് സ്വസ്ഥമായൊരിടമാണിത്. 2008 ലാണ് ഇവിടുത്തെ ബംഗ്ലാവിന്റെ നവീകരണം പൂർത്തിയായത്. ബ്രിട്ടീഷ് ഭരണകാലത്തെ കെട്ടിടങ്ങളെ ഓർമ്മിപ്പിക്കും വിധത്തിൽ ആർച്ചുകളും പ്രത്യേക രീതിയിലുമുള്ളതാണ് കെട്ടിട നിർമ്മാണ രീതി. ഡീലക്സ് റൂമുകൾ, പ്രീമിയം റൂമുകൾ, പ്രൈവറ്റ് വില്ല തുടങ്ങിയ സൗകര്യങ്ങൾ മിതമായ രൂപയ്ക്ക് ലഭിക്കുന്നുവെന്നത് ഇവിടുത്തെ പ്രത്യേകതയാണ്. ഒൻപത് മുറികളാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ താമസത്തോടൊപ്പം സന്ദർശകരുടെ ആവശ്യത്തിനനുസരിച്ച് ഭക്ഷണം തയാറാക്കി നൽകുന്നതിനും സൗകര്യങ്ങളുണ്ട്.

വിനോദ സഞ്ചാരികൾക്കു മാത്രമല്ല ജില്ലയ്ക്ക് അകത്തും പുറത്തു നിന്നുമായി എത്തുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പ് നടത്തുന്നതിനുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്. ക്ലാസ് മുറികളുടെ നാലു ചുവരിനുള്ളിലൊതുങ്ങാതെ മരത്തണലിലിരുന്ന് ഗുരുകുല സമ്പ്രദായത്തെ അനുസ്മരിപ്പിക്കുന്ന പുത്തൻ രീതി കുട്ടികൾക്കും പ്രിയപ്പെട്ടതാകും. വ്യൂപോയിന്റിൽ നിന്നും കാഴ്ചകൾ ആസ്വദിക്കാനും ട്രക്കിങ്ങ് നടത്താനും ഇവിടെ സൗകര്യമുണ്ട്.



**രാജ്യത്തിന്റെ അതിരുകൾ കടന്നു പോയ ടീ ടൂറിസത്തിന്റെ പട്ടികയിൽ ഇന്ന് പ്രിയദർശിനി ടീ എൻവി റോൺസിന്റെ പെരുമകളുമുണ്ട്**

പ്രിയദർശിനിയിലെ ടീ ടൂറിന് മുപ്പത് രൂപയാണ് പ്രവേശന ഫീസ്. തേയില ഉൽപ്പാദനം മുതൽ സംസ്കരണം വരെയും ഇവിടെനിന്നും നേരിട്ടറിയാം. വിവിധയിനം ചായകളെയും ഇവിടെ നിന്നും പരിചയപ്പെടുത്തുന്നു. വേണമെങ്കിൽ ചായയുണ്ടാക്കി കുടിക്കുകയുമാവാം. രാവിലെ ഒൻപത് മുതൽ വൈകീട്ട് നാല് വരെയാണ് പ്രവേശനസമയം

തേയിലത്തോട്ടങ്ങൾക്കിടയിലാണ് സഞ്ചാരികൾക്ക് താമസിക്കാനുള്ള കോട്ടേജുകൾ പണിതിരിക്കുന്നത്. പ്രതിദിനം ആയിരം രൂപമുതൽ 15000 രൂപ വരെയുള്ള താരിഫിൽ ഇവിടെ തങ്ങാം. ഭക്ഷണം പാകം ചെയ്ത് കഴിക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്. ഇവിടെ നിന്നും വിശ്വാസ്മേത്ത വ്യുപോയിന്റിലേക്കുള്ള സവാരിയും നടത്താം. ഇതിനായി ജീപ്പ് സർവീസും പ്രയോജനപ്പെടുത്താം. ടെന്റടിച്ച് താമസിക്കാനും സൗകര്യമുണ്ട്. സംഘമായി സഞ്ചാരികൾക്ക് രാത്രിയിൽ വിദൂരക്കാഴ്ചകൾ ആസ്വദിച്ച് ടെന്റിൽ കഴിയാം. മുൻകൂട്ടി ബുക്ക് ചെയ്ത് വേണം ഇതിനായി എത്താൻ. മാനന്തവാടിയിൽ നിന്നും പിലാക്കാവ് വഴി ഒമ്പത് കിലോമീറ്റർ ദൂരമാണ് ഇവിടേക്ക് യാത്രയുള്ളത്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കൂടി സഹകരിച്ച് പ്രിയദർശിനിയുടെ സാധ്യതകൾ വിപുലപ്പെടുത്തുകയാണ്

## ട്രീ ഹട്ടുകളിൽ രാപാർക്കാം

സമുദ്രനിരപ്പിൽ നിന്നും മൂവായിരം അടി ഉയരത്തിലാണ് പ്രീയദർശിനി കുന്നുകളുള്ളത്. ഇവിടെ ഒരുക്കിയ ട്രീ ഹട്ടുകളിൽ നിന്നുള്ള കാഴ്ച കൾ അതിലും സുന്ദരം. പുതുതായി ഒരുക്കിയ ട്രീ ഹട്ടുകളും സൗകര്യങ്ങളും പഞ്ചാരക്കൊല്ലിയുടെ ടൂറിസം സാധ്യതകൾ വർധിപ്പിക്കുന്നു. തേയിലത്തോട്ടങ്ങൾക്കിടയിലൂടെയുള്ള കയറ്റങ്ങളും ഇറക്കങ്ങളും പിന്നിടാൻ സൈക്ലിങ്ങും ഇവിടെ പരീക്ഷിക്കാം. രാജ്യാന്തര മൗണ്ടൻ ടെറൈൻ ബൈക്കിങ്ങിന്റെ ഫീൽഡാണിത്. സാഹസിക സഞ്ചാരികൾക്ക് വേണ്ടുവോളം ഇതെല്ലാം ആസ്വദിക്കാം.

വിനോദ സഞ്ചാരവകുപ്പിന്റെ വെബ്സൈറ്റ് വഴി ബുക്കിങ്ങ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇവിടുത്തെ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകുന്ന ത്. തോട്ടത്തിന്റെയും മറ്റും നടത്തിപ്പ് സബ്കളക്ടർ ചെയർമാനായിട്ടുള്ള സൊസൈറ്റിക്കാണ്. സഞ്ചാരിക ളുടെ വരവിനനുസരിച്ച് ടൂറിസം സാധ്യതകൾ വിപുലപ്പെടുത്താനുള്ള തയാറെടുപ്പുകൾ പുരോഗമിക്കുന്നു. ■

ഫോൺ 8848598809, 9497388291

Date of Publication: 01.08.2022
RNI No.2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: Jafar Malik IAS